ജനകീയ ആസൂത്രണം



സമഗ്ര വികസന രേഖ


മുഴക്കുന്ന്
ഗ്രാമപഞ്ചായത്ത്

CANNANORE DISTRICT

SHOWING PANCHAYATS AS ON 31-3-1995



148-4




മുഴക്കുന്ന്

ഗ്രാമപഞ്ചായത്ത്



ജനകീയാസൂത്രണം

സമഗ്രവികസന രേഖ


പുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്
ഭൂപടം
കിഴൂർ ചാപപ്പുറം ഗ്രാമപഞ്ചായത്ത്
കുന്നത്തൂർ
അന്നമനട ഗ്രാമപഞ്ചായത്ത്
പാറക്കടവ്
കാരമുക്ക്
പുഴക്കുന്ന്
പൊയ്യ
പുതുമല
കുണ്ടുകുളം
മുരിങ്ങോടി
കൊടകര ഗ്രാമപഞ്ചായത്ത്
പുഴ
പ്രധാനറോഡുകൾ
ഉപറോഡുകൾ
സ്റ്റോപ്പുകൾ

ഒമ്പതാം പദ്ധതി

ജനകീയപദ്ധതി


മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

വികസന സെമിനാർ

1996 നവംബർ 24 ഞായർ


പാല ഗവ: ഹൈസ്കൂളിൽ

സമഗ്ര വികസന രേഖ



എഡിറ്റോറിയൽ ബോർഡ്

1. കെ.സി.ടി.പി.നാരായണൻ നമ്പൂതിരി - എഡിറ്റർ
2. എൻ. ദാമോദരൻ - അംഗം
3. പി.വി.ചാത്തുക്കുട്ടി - ,,
4. ടി.പി.സുധാകരൻ - ,,
5. എ.കെ.ബാലകൃഷ്ണൻ - ,,
6. പി.കെ.ബാലകൃഷ്ണൻ മാസ്റ്റർ - ,,



താളുകളിൽ

1. ആമുഖം 9

2. പഞ്ചായത്ത് പൊതുവിവരണം 11

3. സാമൂഹ്യ സാംസ്കാരിക ചരിത്രം 13

4. ഭൂപ്രകൃതിയും വിഭവങ്ങളും 19

5. സാമൂഹിക സാമ്പത്തിക മേഖലകൾ

   5-1 കൃഷിയും ജലസേചനവും 21

   5-2 മൃഗസംരക്ഷണം 34

   5-3 വ്യവസായം 39

   5-4 വിദ്യാഭ്യാസം 43

   5-5 പൊതുജനാരോഗ്യവും, കുടിവെള്ളവും 55

   5-6 ഗതാഗതം, ഊർജ്ജം 59

   5-7 പാർപ്പിടവും, സാമൂഹ്യക്ഷേമവും 69

   5-8 സംസ്കാരം 75

   5-9 വനിത 79

   5-10 സഹകരണം 81

   5-11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം 85

   5-12 വിഭവസമാഹരണം 88



മുഴക്കുന്ന് പഞ്ചായത്ത് ഓഫീസ്, കാക്കയങ്ങാട്



മുഴക്കുന്ന് വില്ലേജ് ഓഫീസ്, കാക്കയങ്ങാട്

ആമുഖം

73-74 ഭരണഘടനാഭേദഗതിയെ തുടർന്നുള്ള പഞ്ചായത്ത് രാജ് സംവിധാനങ്ങൾ ഇന്ത്യയിൽ നിലവിൽ വന്നു കഴിഞ്ഞു. ഇതിനു മുമ്പുതന്നെ അധികാരവികേന്ദ്രീകരണത്തിനും, ആസൂത്രണ വികേന്ദ്രീകരണത്തിനും വേണ്ടി ഒട്ടേറെ ശ്രമങ്ങൾ നടത്തിയ സംസ്ഥാനമാണ് കേരളം. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ സ്പഷ്ടമായി പറഞ്ഞ ഒരു കാര്യം പദ്ധതി ആസൂത്രണത്തിനും നടത്തിപ്പിനുമുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്കുണ്ട് എന്നതാണ്. ഇത്തരത്തിൽ അധികാരവികേന്ദ്രീകരണവും ആസൂത്രണ വികേന്ദ്രീകരണവും സാർത്ഥകമാക്കാനുള്ള ശ്രമമാണ് ഒമ്പതാം പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ജനകീയ ആസൂത്രണത്തിലൂടെ ഇവിടെ നടത്തുന്നത്.

ആസൂത്രണ ജനകീയമായി നടപ്പിലാക്കണമെങ്കിൽ ഒട്ടേറെ വിവരങ്ങൾ ലഭിക്കേണ്ടതുണ്ട്. ഗ്രാമതല ആസൂത്രണത്തിന് വേണ്ട തരത്തിൽ പഞ്ചായത്തിലുള്ള വിഭവങ്ങളെക്കുറിച്ചോ, നിലവിലുള്ള പ്രശ്നങ്ങൾ തിരിച്ചറിയാൻ പറ്റുന്ന തരത്തിലോ ഉള്ള വിവരങ്ങൾ ഇന്ന് ലഭ്യമല്ല. ഇത്തരത്തിലുള്ള വിവര ശേഖരണവും അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ആസൂത്രണവും നടത്തി ഈ രംഗത്ത് ഒരു മാതൃക ഉണ്ടാക്കുന്നതിനുള്ള ശ്രമം കേരളശാസ്ത്ര സാഹിത്യ പരിഷത്തും തിരുവനന്തപുരം സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസും സംയുക്തമായി `ജനകീയ ആസൂത്രണ പരിപാടി' (Participatoty Local level Development proramme) ആസൂത്രണം ചെയ്യുകയുണ്ടായി. കേരളത്തിൽ 22 പഞ്ചായത്തുകളിൽ നടത്തുന്ന ഈ പരിപാടിയിൽ മുഴക്കുന്ന് പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ 1996 ഏപ്രിൽ മാസം മുതൽ തന്നെ ജനകീയ ആസൂത്രണത്തിന് വേണ്ട മുന്നൊരുക്കങ്ങൾ ഈ പഞ്ചായത്തിൽ ആരംഭിച്ചിരുന്നു.

വിദ്യാഭ്യാസം, ആരോഗ്യം, മണ്ണ്-ജലസംരംക്ഷണം എന്നീ മേഖലകളിൽ നടത്താൻ സാധ്യതയുള്ള പ്രവർത്തനങ്ങളിൽ നിരവധി പരിശീലനങ്ങളിൽ പഞ്ചായത്തിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. പഞ്ചായത്തിൽ നീരൊഴുക്കു ഭൂപടനിർമ്മാണം നടത്തുകയും ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ നിർതട പദ്ധതി നടപ്പിലാക്കുന്നതിനായി CAPART ന് ഒരു പദ്ധതി ഇതിനകം സമർപ്പിക്കുകയും ചെയ്തു. പ്രവർത്തനങ്ങൾ ഗ്രാമതലം വരെ നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് വികസന സമിതി രൂപീകരിച്ച് സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു. വാർഡ് തലത്തിലും ഇത്തരം വികസന സമിതികൾ രൂപീകരിച്ചു. 50 വീടുകൾ ചേർന്ന അയൽ കൂട്ട രൂപീകരണം ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു വരുന്നു.

9ാം പദ്ധതിക്ക് രൂപം കൊടുക്കുന്നതിന്റെ ഭാഗമായി `ജനകീയ ആസൂത്രണ പ്രസ്ഥാനം' സർക്കാർ ഈ അവസരത്തിലാണ് പ്രഖ്യാപിച്ചത്. തുടർന്ന് പ്രാദേശിക ആസൂത്രണ രംഗത്ത് എല്ലാ പ്രവർത്തനങ്ങളും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടാണ് ഇന്ന് പഞ്ചായത്തിൽ നടപ്പിലാക്കുന്നത്. ഗ്രാമ സഭകളുടെ സംഘാടനം, വികസന രേഖ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ കുറെ കൂടി വ്യക്തത ഉണ്ടാക്കാനും കാര്യക്ഷമത വർധിപ്പിക്കാനും ഈ രംഗത്ത് നേരത്തെ നടത്തിയ ശ്രമങ്ങൾ സഹായിച്ചിട്ടുണ്ട്.

ഈ വികസന രേഖ തയ്യാറാക്കിയിട്ടുള്ളത് പ്രധാനമായും ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞു വന്ന ചർച്ചകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലും പഞ്ചായത്തിൽ വിവിധ സ്ഥാപനങ്ങളിൽ സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെ നടത്തിയ ദ്വിതീയ വിവര ശേഖരണത്തിന്റെയും ദ്രുതഗ്രാമ പഠനത്തിന്റെയും അടിസ്ഥാനത്തിലാണ്. ഇത്തരം ഒരു സമഗ്ര രേഖ തയ്യാറാക്കുന്നതിന് പ്രാഥമിക സ്ഥിതി വിവരങ്ങൾ കൂടി ശേഖരിക്കേണ്ടതാണ്. സമയക്കുറവു കാരണം അതിന് കഴിഞ്ഞിട്ടില്ല. കിട്ടിയ വിവരങ്ങൾ സമഗ്രമായി പരിശോധിച്ചുകൊണ്ടാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. 9ാം പദ്ധതിയിൽ 35-40% തുകക്കുള്ള പദ്ധതികൾ പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതാണെന്ന നയം സർക്കാർ ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് പ്രാദേശികാസൂത്രണ പ്രവർത്തനങ്ങളിൽ ഇടപെടുന്ന നമ്മെ സംബന്ധിച്ചിടത്തോളം വളരെ ആവേശം നൽകുന്ന കാര്യമാണ്. ഇങ്ങനെ തുക ചെലവാക്കുന്നതിൽ സ്കീമുകൾ തയ്യാറാകുന്നതിനും മുൻഗണന നിശ്ചയിക്കുന്നതിനും കൂടുതൽ വിവര ശേഖരണവും പഠനവും കൂട്ടായ പ്രവർത്തനങ്ങളും വേണ്ടി വരും. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് പ്രാഥമിക വിവരശേഖരണവും നടത്തേണ്ടിവരും. ഇത്തരം പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകാനുള്ള കൂട്ടായ ശ്രമം ഉണ്ടാകണം. അതുവഴി നമ്മുടെ പഞ്ചായത്തിന്റെ വികസന മുരടപ്പ് മാറ്റിക്കൊണ്ട് പുതിയ വികസന സംസ്ക്കാരവും അവബോധവും വളർത്തിയെടുത്ത് നാടിനെ അറിയാനും, നാടിനെ മാറ്റാനും ഈ വികസന യജ്ഞത്തിലൂടെ നമുക്ക് കൂട്ടായി ശ്രമിക്കാം. അതുവഴി അധികാരം ജനങ്ങളിലെത്തിക്കുന്ന ഈ മഹൽ സംരംഭത്തിൽ നമുക്ക് പങ്കാളികളാകാം.


പഞ്ചായത്ത്

പൊതുവിവരണം


പഞ്ചായത്തിന്റെ പേര്	:	മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്
ഉൾപ്പെട്ടുന്ന വില്ലേജ്	:	മുഴക്കുന്ന്
ബ്ലോക്ക് പഞ്ചായത്ത്	:	പേരാവൂർ
താലൂക്ക്	:	തലശ്ശേരി
ലോകസഭ മണ്ഡലം	:	കണ്ണൂർ
വിസ്തീർണ്ണം	:	31.04 ചി.കി.മീ
അതിരുകൾ	:	കിഴക്ക് ആറളം പുഴ
		വടക്ക് ആറളംപുഴ കീഴൂർ ചവശ്ശേരി പഞ്ചായത്ത്
		പടിഞ്ഞാറ് തിലങ്കേറി ഗ്രാമപഞ്ചായത്ത്
		തെക്ക് പേരാവൂർ, മാലൂർ പഞ്ചായത്തുകൾ
ജനസംഖ്യ	:	19,228
പുരുഷന്മാർ	:	9635
സ്ത്രീകൾ	:	9593
ജനസാന്ദ്രത	:	619/ ച.കി.മീ
സാക്ഷരത	:	89.66%
വാർഡുകൾ	:	10
പ്രസിഡണ്ട്	:	എൻ.ദാമോദരൻ
വൈസ് പ്രസിഡണ്ട്	:	പി.അഹമ്മദ് കുട്ടി
സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ	:	പി.ദേവി ടീച്ചർ

മുഴക്കുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

1. എൻ.ദാമോദരൻ	-	പ്രസിഡണ്ട്.
2. പി.അഹമ്മദ് കുട്ടി	-	വൈസ് പ്രസിഡണ്ട്.
3. പി.ദേവി ടീച്ചർ	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ
4. കയമടൻ അനന്തൻ	-	മെമ്പർ
5. കെ.സി.രാധാകൃഷ്ണൻ നമ്പ്യാർ		,,
6. ആക്കൽ ത്രേസ്യാമ്മ മാത്യു		,,
7. വി.പ്രീത		,,
8. സി.രൈരുനമ്പ്യാർ		,,
9. ഒ.അബുദുൾ ഖാദർ		,,
10. കുറ്റിയിൽ ചന്ദ്രിക		,,
പഞ്ചായത്ത് സെക്രട്ടറി		: സി.ടി.പുരുഷോത്തമൻ



പ്രസിഡണ്ട് : എൻ.ദാമോദരൻ



വൈസ്. പ്രഡിഡണ്ട് : പി.അഹമ്മദ് കുട്ടി



സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ : ദേവി ടീച്ചർ

ചരിത്രം

മൃദംഗശൈല നിലയത്തിൽ നിന്ന് മുഴക്കുന്നിലേക്ക്

തലശ്ശേരിയിൽ നിന്ന് 36 കിലോമീറ്റർ വടക്കു കിഴക്കായി തില്ലങ്കേരി- കീഴൂർ-പായം -ആറളം-മണത്തണ-തോലമ്പ്ര വില്ലേജുകൾക്കിടയിൽ 31.04 ചതു.കിലോമീറ്റർ വിസ്തൃതിയുള്ളതും 1991 ലെ സെൻസസ് പ്രകാരം 19,228 ജനങ്ങൾ അധിവസിക്കുന്നതുമായ തികച്ചും കാർഷിക മേഖലയായ ഒരു ഗ്രാമ പ്രദേശത്തുമാണ് മുഴക്കുന്ന് പഞ്ചായത്ത്. ജനസാന്ദ്രതയിലും സാക്ഷരതയിലും മറ്റു കിഴക്കൻ മലയോരഗ്രാമങ്ങളിൽ നിന്ന് ഈ നാട് മുന്നിട്ടു നിൽക്കുന്നു. പ്രസിദ്ധമായ പുരളിമല ഈ വില്ലേജിന്റെ തെക്കു ഭാഗത്തു നിലകൊള്ളുന്നു. ബാവലിപ്പുഴയും കാഞ്ഞിരപ്പുഴയും ചേർന്ന് പാലപ്പുഴ ഈ വില്ലേജിന്റെ കിഴക്ക് ആറളം ഫാമിനെ അതിരിട്ടൊഴുകുന്നു.

ഇന്നത്തെ മുഴക്കുന്ന് പഴയ കാലത്ത് മൃദംഗശൈല നിലയമായിരുന്നു. കാലാന്തരത്തിൽ മൃദംഗശൈലം എന്നത്-മിഴാവുകുന്ന്-മിഴാക്കുന്ന്-മൊഴക്കുന്ന്- മാറി മാറി ഇന്നത്തെ മുഴക്കുന്ന് എന്നുമായിമാറിയിരിക്കുന്നു.

കോട്ടയം രാജ വംശത്തിന്റെ ആദ്യ കാല കോവിലകവും ക്ഷേത്രവും പഠനക്കളരിയും ഈ നാട്ടിലായിരുന്നു. പ്രൗഢമായ കോവിലകങ്ങൾ ഇതിനകം നശിച്ചുപോയി. പ്രസിദ്ധമായ മൃദംഗശൈലേശ്വരി ക്ഷേത്രവും പിണ്ടാലിക്കളരിയും ഇന്നും അവശേഷിക്കുന്നുണ്ട്. പരശുരാമനാൽ സ്ഥാപിക്കപ്പെട്ട 108 ക്ഷേത്രങ്ങളിൽ ഒന്നാണ് മൃദംഗശൈലേശ്വരിക്ഷേത്രം എന്നു പറയപ്പെടുന്നു. ശ്രീദുർഗ്ഗയാണ് പ്രധാന പ്രതിഷ്ഠ. ആയോധന വിദ്യ പഠിപ്പിക്കുന്നതിന് സ്ഥാപിക്കപ്പെട്ട 64 കളരികളിൽ ഒന്നാണ് പിണ്ടാലിക്കളരി ഈ കളരിയിൽ നിന്നാണ് കോട്ടയത്തു രാജാക്കന്മാർ ആയോധന വിദ്യ അഭ്യസിച്ചിരുന്നത് അവരെ പഠിപ്പിച്ചിരുന്ന ഗുരുക്കുന്മാരുടെ പിന്മുറക്കാർ ഇന്നും ഇവിടെ താമസിച്ചുവരുന്നു. പ്രസ്തുത കുടുംബത്തിലെ കാരണവരെ ``പിണ്ടാലി ഗുരുക്കൾ'' എന്ന് വിളിച്ചു വരുന്നു. രാജാക്കന്മാരെ വിദ്യാ അഭ്യസിപ്പിച്ചു വന്നിരുന്ന ``ഓതിക്കന്മാർ എന്ന് വിളിച്ചുവരുന്ന വൈദിക ന്മാരുടെ ഇല്ലവും ഈ ക്ഷേത്രപരിസരത്തിലാണ് കൊട്ടിയൂർ ക്ഷേത്രത്തിലെ അവകാശികളിൽ പ്രമുഖർകൂടിയായ അവർ ``കാമ്പ്രത്ത് നമ്പൂതിരിപ്പാട്'' എന്ന് അറിയപ്പെടുന്നു.

പുരളിമലയിലെ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഹരിശ്ചന്ദ്ര കോട്ടയും ഐതിഹ്യമാലയിൽ ശ്രീ കൊട്ടാരത്തിൽ ശങ്കുണ്ണി രേഖപ്പെടുത്തിയ കുമാരധാരയും (ഇന്നത്തെ ഗുണ്ണിക) കാവുംപറമ്പിലെയും വടുവൽ പൊന്നുവെച്ച പാറയിലെയും ഗുഹാകേന്ദ്രങ്ങളും പാലയിലെ അങ്ങാടിച്ചാലും കൂലോം ഭാഗവും നരഹരിക്ഷേത്രവും അമൃതേത്തു പാറയും ആഴ്ചചന്ത നടത്തിയിരുന്ന ആയിച്ചോത്തും വിളക്കോടിലെ അയ്യപ്പൻ കാവും മഹാദേവക്ഷേത്രവും പുരളിമലയിലെ ഒട്ടേറെ മഠപ്പുരകളും നല്ലൂരിലെ ചുങ്ക സ്ഥാനവും വൈദിക ബ്രാഹ്മണന്മാരുടെ 64 ഇല്ലങ്ങൾ അടങ്ങിയ ഗ്രാമവും ഈ നാട്ടിന്റെ ഗതകാല ചരിത്രത്തിന്റെ തെളുവുകളിൽ ചിലതാണ്.

കലാസാംസ്ക്കാരിക രംഗത്തും ഈ നാടിന്റെ ചരിത്രം അഭിമാനകരമാണ്. കഥകളിസാഹിത്യകാരന്മാരിൽ പ്രമുഖനായ കോട്ടയത്തു തമ്പുരാനാൽ രചിക്കപ്പെട്ട ബകവധം, കിർമ്മീരവധം, കല്യാണസൗഗന്ധികം, നിവാത കവചകാലകേയവധം എന്നീ നാലു ആട്ടക്കഥകൾ രൂപം കൊണ്ടത് മൃദംഗശൈലേശ്വരി ക്ഷേത്രപ

രിസരത്തായിരുന്നു എന്നാണ് പറയപ്പെടുന്നത്. ആയതിന്റെ വ്യക്തമായ തെളിവാണ് താഴെ കൊടുക്കുന്ന പ്രസിദ്ധ വന്ദന ശ്ലോകം

മാതം ഗാനന മബ്ജവാസരമണിം
ഗോവിന്ദ മാദ്യം ഗുരും
വ്യാസം പാണിനി ഗർഗനാരദകണാ
ദാദ്യാൻ മുനിന്ദ്രാൻ ബുധാൻ
ദുർഗാ ചാപി മൃദംഗശൈല നിലയാം
ശ്രീപോർക്കലീ മിഷ്ടദാം
ഭക്ത്യാനിത്യമുപാസ്മഹേസപദിനഃ
കുർവന്ത്വമീ മംഗളം

പ്രസ്തുത ശ്ലോകത്തെ പ്രസിദ്ധമായ ചരിത്രപണ്ഡിതന്മാരായ ശ്രീ.ആറ്റൂർ കൃഷ്ണ പിഷാരടി, ജി. രാമകൃഷ്ണപ്പിള്ള, ദേശമംഗലത്ത് രാമവാര്യാർ തുടങ്ങിയവർ വ്യാഖ്യാനിച്ചിട്ടുണ്ട്. പ്രസ്തുത വിശകലനത്തിൽ മുഴക്കുന്നിന്റെ ഗതകാല സംസ്കാരത്തിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്നുണ്ട്. കൂടാതെ ഡോ: തിക്കുറിശ്ശി ഗംഗാധരൻ, ഡോ: കെ.കെ.എൻ കുറുപ്പ് തുടങ്ങിയ ചരിത്രകാരന്മാരുടെ വിശകലനത്തിലും മുഴക്കുന്നിന്റെ പ്രാധാന്യം വിവരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസിദ്ധകവിയായിരുന്ന മഹാകവി ശ്രീ പി.കുഞ്ഞിരാമൻ നായരുടെ ``പുരളിമലയിലെ പൂമരങ്ങൾ'' എന്ന കവിതയും ഈ നാടിന്റെ സാംസ്ക്കാരിക ചരിത്രം വിളിച്ചോതുന്നതാണ്.

തൂലികയും പടവാളും ഒരു പോലെ കൈകാര്യം ചെയ്തിരുന്ന കോട്ടയത്തു രാജാക്കന്മാരുടെ ചരിത്രം വിസ്താരഭയത്താൽ മുഴുവനായി കൊടുക്കുന്നില്ല. പല പടയോട്ടങ്ങൾക്കും സാക്ഷ്യം വഹിക്കേണ്ടി വന്ന മണ്ണാണ് ഈനാട്. കൊങ്ങിണികളുമായുള്ള യുദ്ധകാലത്ത് നിർമ്മിച്ചതാണ് ഹരിശ്ചന്ദ്രകോട്ടയെന്ന് പറയപ്പെടുന്നു. ഹൈദരാലിയുടെയും ടിപ്പുസുൽത്താന്റെയും പടയോട്ടങ്ങളിലും ബ്രിട്ടീഷു ഭരണം സ്ഥാപിക്കപ്പെടും മുമ്പെ ഈസ്റ്റ് ഇന്ത്യാ കമ്പനിക്കാരുടെ പടയോട്ടങ്ങളിലും ഈ നാട്ടിന്റെ മർമ്മങ്ങളിൽ മുറിവേറ്റിട്ടുണ്ട്. സ്വാതന്ത്ര്യസമരചരിത്രത്തിലെ വീരപുളകമായിരുന്ന കേരളവർമ്മ പഴശ്ശിരാജാവിന്റെ ആവാസ കേന്ദ്രമായിരുന്നു മുഴക്കുന്ന് എന്നത് ഈ നാട്ടിന്റെ അഭിമാനകരായ പൈതൃകം വിളിച്ചോതുന്നു. അദ്ദേഹത്തിന്റെ പടയാളികളിൽ ആദിവാസികളുടെ പ്രത്യേകിച്ച് കുറിച്ച്യ വിഭാഗത്തിന്റെ പങ്ക് പ്രധാനപ്പെട്ടതായിരുന്നു. ഒരു കാലത്ത് പ്രസ്തുത വിഭാഗം പുരളിമലയുടെ താഴ്വരയിൽ ഇന്നത്തെ മുടക്കോഴി ഭാഗത്ത് തിങ്ങിപാർത്തിരുന്നു. സമൂഹത്തിലെ അന്യ വിഭാഗത്തിൽ നിന്ന് എപ്പോഴും മാറി നില്ക്കാൻ ആഗ്രഹിച്ച അവർ താമസിച്ച പ്രദേശമായതിനാലാണ് മുടക്കുവഴി എന്നത് ലോപിച്ചമുടക്കോഴി എന്ന സ്ഥലനാമം വന്നു ചേർന്നതും എന്ന് അനുമാനിക്കപ്പെടുന്നു. പഴശ്ശിരാജയുടെ പതനത്തോടെ രക്ഷകൻ നഷ്ടപ്പെട്ട പ്രയാസത്തെത്തുടർന്നാണ് ``മുടക്കുവഴി'' കൾതേടി സഹ്യ പർവ്വതചെരുവിലേക്ക് അവർ പലായനം ചെയ്തത്.

രാജവംശത്തിന്റെ വൈദികന്മാരായിരുന്ന ബ്രാഹ്മണന്മാർ ഈ വില്ലേജിന്റെ ചരിത്രത്തിന്റെ ഭാഗങ്ങളാണ് ഇന്ന് 'ഗ്രാമം' എന്നറിയപ്പെടുന്ന പ്രദേശം നേരത്തെ ബ്രാഹ്മണഗ്രാമമായിരുന്നു. ഹിന്ദുവിഭാഗത്തിലെ ഇതര സമൂഹവും കൃഷി, കരകൗശലം തുടങ്ങിയ ജോലികളുമായി ബന്ധപ്പെട്ട് വളരെ മുമ്പുതന്നെ ഇവിടെ ആവാസമുറപ്പിച്ചവരാണ് ചിലവിഭാഗങ്ങൾ പ്രത്യേകം കേന്ദ്രങ്ങളിൽ ഇന്നും കൂട്ടായിതാമസിക്കുന്നത് മറ്റു സ്ഥലങ്ങളിൽ കാണാത്ത പ്രത്യേകതയാണ്

കരകൗശല ശില്പവിദ്യകളിൽ, പ്രത്യേകിച്ച് മൺപാത്ര നിർമ്മാണത്തിൽ ഒരു കാലത്ത് മുഴക്കുന്നിലെ നല്ലൂർ ദേശം പ്രസിദ്ധമായിരുന്നു. കൊട്ടിയൂർ ക്ഷേത്രത്തിലെ കലശപൂജക്ക് ആവശ്യമായ മൺപാത്രങ്ങൾ ഇവിടെ നിന്നാണ് പണ്ടുകാലം മുതൽ കൊണ്ടുപോയിരുന്നത്. ഇന്നും പ്രസ്തുത പാരമ്പര്യം ``നല്ലൂരന്മാർ'' എന്ന പേരിൽ അറിയപ്പെടുന്ന വിഭാഗം നിലനിർത്തുന്നു.

വാണിജ്യ രംഗത്ത് മുസ്ലിം അധിനിവേശത്തോടെയാണ് ഈ നാട് ശ്രദ്ധേയമായത്. ഏതാണ്ട നാലു നൂറ്റാണ്ടുകൾക്കുമുമ്പ്തന്നെ പാലയിലെ അങ്ങാടിച്ചാൽ പ്രദേശം നല്ലവാണിജ്യ കേന്ദ്രമായിരുന്നു. മറ്റു വ്യാപാരങ്ങൾക്കൊപ്പം ഓട്ട് വിളക്കുകളുടെ വ്യാപാരകേന്ദ്രം കൂടിയായിരുന്നു. അതിനാലാണെന്ന് പറയപ്പെടുന്നു ``വിളക്കോട്'' എന്ന സ്ഥലനാമം പഴയ ആവിലത്തു നാടിന്റെ കൂടെ വന്നത്. വിളക്കോട്ടിലെ മാണിക്കോത്ത് കൊയിലോട് തറവാട്ടുകാരും മുഴക്കുന്നിലെ തട്ടാങ്കണ്ടി തറവാട്ടുകാരുമാണ് ഈ വില്ലേജിൽ അധിവാസമുറപ്പിച്ച ആദ്യ മുസ്ലിം വിഭാഗം എന്നാണ് അറിയാൻ കഴിഞ്ഞത്. പ്രസ്തുത തറവാട്ടുകാർ വാണിജ്യത്തോടൊപ്പം ജന്മിമാരായി മാറുകയും ചെയ്തുവെന്നത് അവരുടെ ആദ്യ കാലസ്വാധീനത്തിന്റെ തെളിവുകളാണ്.

ഈ നാട്ടിലെ ഭൂ ഉടമാബന്ധങ്ങളും പഠനാർഹമാണ്. മുൻപ്എല്ലാ ഭൂമിയും കോട്ടയത്തു തമ്പുരാക്കന്മാരുടെതായിരുന്നു. പിന്നീട് നായർ പ്രഭുക്കന്മാരു

ടെയും നമ്പൂതിരിമാരുടെതുമായി പലതും മാറുക യാണുണ്ടായത്. ആദ്യകാലത്ത് വാമൊഴിയായി നീർവീ ഴ്ത്തിക്കൊടുത്താണ് ഭൂമികൈമാറ്റങ്ങൾ നടത്തപ്പെട്ടത്. കനകത്തിടം, കീഴൂരിടം, വാഴുന്നവന്മാരും കുറുമ്പക്ക ലിടത്തിൽ നമ്പ്യാരും കാമ്പ്രാത്തില്ലം, പാലോന്നം തുട ങ്ങിയ നമ്പൂതിരി ഇല്ലങ്ങളും ബ്രിട്ടീഷുകാരുടെ ഭരണാ രംഭത്തിലെ സെറ്റിൽമെന്റോടെ ജന്മികളായി മാറുകയും ചെയ്തവരാണ് ബ്രിട്ടീഷ് ഭരണാരംഭത്തോടെ റവന്യൂ ഭരണത്തിൽ വന്ന മാറ്റത്തിന്റെ തുടക്കമാണ് ``അധി കാരി'' സ്ഥാനങ്ങൾ (ഇന്നത്തെ വില്ലേജ്ഓഫീസർ) പ്രമുഖ ജന്മി കുടുംബങ്ങൾക്കാണ് പ്രസ്തുത പദവി നൽകപ്പെട്ടിരുന്നത് കുറുമ്പക്കലിടത്തിൽ തറവാട്ടുക രാണ് ഈ വില്ലേജിൽ അധികാരികളായി പ്രവർത്തി ച്ചിരുന്നത് ബാലകൃഷ്ണൻ നമ്പ്യാരായിരുന്നു ആ പാര മ്പര്യത്തിന്റെ ഒടവിലത്തെ കണ്ണി.

1940 കളിലാണ് ഈ വില്ലേജിലെ എടുത്തുട്ടി, പെരു മ്പുന്ന ഭാഗങ്ങളിൽ തിരുവിതാം കൂർ മേഖലയിൽ നിന്നുള്ള കുടിയേറ്റം ആരംഭിച്ചത്. ക്രിസ്ത്യൻ ജനവി ഭാഗമായിരുന്നു. കിടിയേറ്റക്കാരിൽ ഭൂരിപക്ഷവും. ആദ്യ കുടിയേറ്റ കൃഷിക്കാരിൽ പ്രമുഖനായ തെങ്ങുംപള്ളി ജോൺ ജീവിച്ചിരിക്കുന്നുണ്ട്. കാർഷികമേഖലയിൽ ഇന്നു കാണുന്ന അഭിവൃദ്ധിക്ക് കുടിയേറ്റകൃഷിക്കാ രുടെ സംഭാവന വിലമതിക്കാൻ സാധിക്കാത്തതാണ്.

മുമ്പ് ഈനാട്ടിലെ കൃഷി കേവലം ധാന്യവിളവുക ളിൽ മാത്രമേ ഒതുങ്ങിയിരുന്നുള്ളൂ. പ്രത്യേകിച്ചും നെൽകൃഷി പ്രസ്തുത കൃഷി വയൽ കൃഷിയായും കരക്കൃഷി (പുനം കൃഷി) യായും നടത്തിയിരുന്നു കരക്കൃഷി നടത്തുന്ന സ്ഥലങ്ങളിൽ നെല്ലിന്റെ കൂടെ മുത്താറി, ചാമ, തുവര എന്നിവയും കൃഷി ചെയ്തി രുന്നു. അന്നത്തെ ഭൂബന്ധങ്ങൾ സ്ഥിരമായി കൃഷി ചെയ്യുന്നതിൽ നിന്ന് കൃഷിക്കാരെ വിലക്കിയിരുന്നു. കൃഷിക്കാരന് ജന്മി കൊടുക്കുന്ന അവകാശം വയൽ കൃഷിക്കു വെറും കൊഴു എന്ന പേരിൽ അറിയപ്പെട്ടി രുന്ന പാട്ട വ്യവസ്ഥയാണ്. ആയതിന് വലിയ പാട്ടവും (വാരം) നിശ്ചയിച്ചിരുന്നു. പുനംകൃഷി നടത്തൽ അത തുകൊല്ലം വാക്കാൽ ഏല്പിക്കുകയുമായിരുന്നു പതിവ്. കരഭൂമിക്ക് മറുപാട്ട വ്യവസ്ഥയിൽ സ്ഥലം ലഭി ച്ചചിലരാണ് കുരുമുളക് കൃഷി നടത്തിയിരുന്നത്. ആയ തിന് ജന്മിക്ക് നിശ്ചയിച്ച് പുറപ്പാടിനു പുറമെ പന്ത്രണ്ടു കൊല്ലത്തിലൊരിക്കൽ ജന്മിക്ക് ഇഷ്ടമുള്ള വർഷം പിരി വെടുക്കാനുള്ള അധികാരവും നിലനിന്നിരുന്നു. പ്രസ്തുത നിബന്ധനകൾ കാരണം പാവപ്പെട്ട കൃഷി ക്കാർ കേവലം നെൽകൃഷിയിൽ മാത്രമാണ് ശ്രദ്ധകേ ന്ദ്രീകരിച്ചിരുന്നത്. വാരത്തിനും പുറപ്പാടിനും പുറമെ ഒട്ടേറെ അക്രമ പിരിവുകളും ജന്മിമാർ അടിച്ചേൽപ്പി ച്ചിരുന്നു. വിശേഷ ദിവസങ്ങളിലെ വെച്ചു കാണൽ ഇവ യ്ക്കുപുറമെയാണ് ഹിന്ദുജന്മിമാർക്ക് നേന്ത്രക്കുല, കുമ്പളങ്ങ, പച്ചകക്റികൾ, പഞ്ചസാര, പഴക്കുല, നെയ്യ് എന്നിവയും മുസ്ലിം ജന്മിമാർക്ക് കോഴിയും നെയ്യുമാ യിരിക്കണം വിഭവങ്ങൾ.

പാട്ടം അളക്കുന്ന അവസരത്തിൽ എണ്ണം തെറ്റാതി രിക്കുന്നതിന് നെല്ല് വാരിവെക്കൽ `നുരി' എന്നരീതി യുണ്ട്. അളവു പാത്ര(പറ)ത്തിന്റെ തോത് ഒപ്പിക്കുന്ന തിന് വാശി എന്ന പേരിലും മറ്റു പല പേരിലും ചൂഷണം നടന്നിരുന്നു. എല്ലുമുറിയെ പണി എടു ത്താലും മണ്ണിൽ പണി എടുക്കുന്നവന് പട്ടിണിയായി രുന്നു മിച്ചം. ജന്മിമാരുടെ തിരവായ്ക്ക് എതിർ വായ് പറയാൻ പറ്റാത്ത് കാലം, വിജ്ഞാനം സാധാരണക്കാ രന് അന്യമായിരുന്നു. മുട്ടിന്ന് താഴ്ത്തി മുണ്ടുടുക്കു ന്നതിനോ മേൽ വസ്ത്രം ധരിക്കുന്നതിനോ അവകാ ശമുണ്ടായിരുന്നില്ല. സാധാരണക്കരന്റെ വീട്ടിലെ സ്ത്രീകൾക്കു പോലും മാറുമറയ്ക്കുവാൻ അവകാ ശമില്ലായിരുന്നു. ഒട്ടേറെ അനാചാരങ്ങളും അന്ധവി ശ്വാസങ്ങളും ജനങ്ങളെ പീഡിപ്പിച്ചുകൊണ്ടിരുന്ന കറുത്ത നാളുകളുടെ ചരിത്രം മറ്റു പ്രദേശങ്ങളെ പ്പോലെ ഈ വില്ലേജിലും നിലനിന്നിരുന്നു.

വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യ ദശകങ്ങളിൽ നാട്ടെഴുത്തച്ഛന്മാർ ചില സംവിധാനങ്ങ ളേർപ്പെടുത്തി 1912 ലാണ് അംഗീകൃത വിദ്യാലയം എന്ന നിലയിൽ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം താലൂക്ക് ബോർഡിന്റെ കീഴിൽ മഴക്കുന്നിൽ തുടങ്ങി യത്. പ്രസ്തുത വിദ്യാലയം പിന്നീട് മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലും കേരളപിറവി യോടെ ഗവൺമെന്റിന്റെ കീഴിലുമായി. മുഴക്കുന്ന് ഗവ.എൽ.പി.സ്കൂളിന്റെ ചരിത്രമിതാണ്. ഈ സ്കൂൾ പിന്നീട് മുഴക്കുന്ന് യു.പി സ്കൂളുമായി കൂട്ടിച്ചേർത്തു. 1924ൽ പാലയിലും പിന്നീട് വിളക്കോടിലും ബോർഡ് സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. പാല ഹൈസ്കൂളി ന്റെയും വിളക്കോട് ഗവ. യു.പി. സ്കൂളിന്റെയും തുടക്കം ഇങ്ങനെയായിരുന്നു. നല്ലൂരിലും മുടക്കോഴി യിലും സ്ഥാപിക്കപ്പെട്ട നാട്ടുപള്ളിക്കൂടങ്ങളുടെ ഇന്നത്തെ രൂപങ്ങളാണ് നല്ലൂർ എൽ.പി. സ്കൂളും മുട ക്കോഴി യു.പി.സ്കൂളും പെരുമ്പുന്ന യു.പി.സ്കൂളും അയ്യപ്പൻ കാവിലെ എൽ.പി.സ്കൂളും അടുത്തകാല

ത്തായി സ്ഥാപിക്കപ്പെട്ടവയാണ്. ഉന്നതപഠനത്തിന് ഇന്നും ഈ വില്ലേജിൽ അംഗീകൃത കലാശാലകളില്ല. 1954ന്നു ശേഷമാണ് ഈ വില്ലേജിൽ അപ്പർ പ്രൈമറി (ഹയർ എലിമന്ററി) സ്കൂളാരംഭിച്ചത്. പരേതനായ ശ്രീ. ഇ.നാരായണൻ വാര്യരുടെ നേതൃത്വത്തിൽ രൂപീകരിച്ച മുഴക്കുന്നു വില്ലേജ് വിദ്യാഭ്യാസ സംഘം ആരംഭിച്ച സമിതിയാണ് V.V.S.U.Pസ്കൂളിന്റെ സ്ഥാപകർ പ്രസ്തുത സ്കൂൾ പിന്നീട് ഗവൺമെന്റ് ഏറ്റെടുത്തു മുഴക്കുന്ന് ഗവ: യു.പി.സ്കൂളാക്കി മാറ്റി.

ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്നും കർഷക പ്രസ്ഥാനത്തിനും ഈ നാട്ടിൽ ബീജാവാപം ചെയ്തത് അന്യ ദേശങ്ങളിൽ നിന്ന് അധ്യാപകരായി സേവനം അനുഷ്ഠിക്കാൻ വന്ന ഗുരുശ്രേഷ്ഠന്മാരാണ്. അവരിൽ പേരെടുത്തു പറയേണ്ട രണ്ടുമഹദ് വ്യക്തികളാണ് പരേതരായ ശ്രീ.ഇ.നാരായണവാര്യരും ശ്രീ.കെ.പി. കുഞ്ഞാപ്പു മാസ്റ്ററും. കേരള ഗാന്ധി ശ്രീ. കെ. കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂരിൽ നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തും സ:കൃഷ്ണപ്പിള്ള എ.കെ.ജി, എ.വി.കുഞ്ഞമ്പു, കേരളീയൻ, കെ.പി.ആർ തുടങ്ങിയ നേതാക്കളുമായുള്ള സഹവാസത്തിലൂടെ അറിയപ്പെട്ട ഒരു കോൺഗ്രസ്സ് നേതാവായിരുന്നു ശ്രീ.കുഞ്ഞാപ്പു മാസ്റ്റർ 1948ൽ മുനയൻകുന്ന് വെടിവെപ്പിൽ രക്ത സാക്ഷിത്വം വരിച്ച ആ മഹാനുഭാവന്റെ സാന്നിധ്യമാണ്. ഈ ഗ്രാമത്തിൽ ദേശീയ പ്രസ്ഥാനത്തിന്നും കർഷകപ്രസ്ഥാനത്തിന്നും തുടക്കം കുറിച്ചത്. സമ്പന്ന വിഭാഗക്കാർക്ക് കോൺഗ്രസ്സും സ്വാതന്ത്ര്യസമരവും കർഷക പ്രസ്ഥാനവും അന്ന് കണ്ണിലെ കരടായിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന ജന്മിത്വ ചൂഷണവും സാമ്രാജ്യത്വ ഭരണക്കെടുതികളുംകാരണം നാട്ടിലെ കൃഷിക്കാർ അസ്വസ്ഥരും പട്ടിണിക്കാരുമായിരുന്നു.

രണ്ടാം ലോക മഹായുദ്ധത്തിന്റെ ഫലമായി നാട്ടിലുണ്ടായ സാമ്പത്തിക പ്രയാസങ്ങൾ സ്വതവെ പട്ടിണിക്കാരായവരെ മുഴുപട്ടിണിക്കാരാക്കി മാറ്റി. ജനങ്ങൾ പൊറുതിമുട്ടുന്ന ഈ അവസരത്തിലാണ് 1937ന്റെ അവസാനപാദത്തിൽ കോൺ ഗ്രസ്സിന്റെ ഒരു ഘടകം മുഴക്കുന്ന് വില്ലേജിൽ രൂപീകൃതമായത്. മുടക്കോഴിയിലെ ``മുക്കത്തിൽ'' എന്ന വീട്ടിലാണ് ശ്രീ.കുഞ്ഞാപ്പുമാസ്റ്ററുടെ നേതൃത്വത്തിൽ മുഴക്കുന്നിലെയും തില്ലങ്കേരിയിലെയും ഒരു കൂട്ടം ചെറുപ്പക്കാർ ഈ മഹൽ സംരംഭത്തിൽ പങ്കാളികളായത്. പ്രസ്തുത ദുവസം തന്നെ കർഷക സംഘത്തിന്റെ രൂപീകരണവും നടക്കുകയുണ്ടായി. തില്ലങ്കേരി - മുഴക്കുന്ന് വില്ലേജുകളിലെ രാഷ്ട്രീയ സംരംഭത്തിന് തുടക്കം കുറിച്ച പ്രസ്തുത യോഗത്തിൽ പങ്കെടുത്ത ചിലരുടെ പേരുകൾ ഇവിടെ കൊടുക്കുന്നു. പരേതരായ ടി.വി.നാരായണൻ നമ്പ്യാർ, മൗവ്വഞ്ചേരി കുഞ്ഞിരാമൻ, കാരായി അച്ചുതൻമാസ്റ്റർ, കുന്നുമ്മൽ കുഞ്ഞിരാമൻ, എം.പി.കുഞ്ഞിരാമനാശാരി, പി.വി.നാരായണൻ മാരാർ, കോക്കോടൻ ചാത്തുക്കുട്ടികുറുപ്പ്, പി.വികൃഷ്ണമാരാർ, കയമടൽ രാമൻ, വിളക്കോട്ടിലെ വി.സി.കുഞ്ഞിരാമൻ നായർ, എൻ.വി.കുഞ്ഞിരാമൻ നമ്പ്യാർ, തില്ലങ്കേരിയിലെ എ.കെ. കുഞ്ഞിരാമക്കുറുപ്പ്, ചെറോട്ട കുഞ്ഞിരാമൻ.

1940 ആകുമ്പോഴേക്കും കർഷക സംഘത്തിന്റെയും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെയും സ്വാധീനം ഈ വില്ലേജിൽ ശക്തമായിരുന്നു. പരസ്യമായി പൊതുയോഗങ്ങൾ ഈ വില്ലേജിന്റെ പല ഭാഗങ്ങളിലും നടത്തുവാൻ തക്കവണ്ണം സംഘം ശക്തിപ്പെട്ടിരുന്നു.

ആയിടക്കാണ് 1940 സപ്തംബർ 15 സാമ്രാജ്യത്വ വിരുദ്ധ ദിനമായി ആചരിക്കുവാൻ കോൺഗ്രസ്സ് നിശ്ചയിച്ചത്. പ്രസ്തുത സമരത്തിന്റെ ഭാഗമായി മട്ടന്നൂർ നടന്ന പരിപാടിയിലേക്ക് മുഴക്കുന്നിൽ നിന്നു പോയ കുഞ്ഞാപ്പു മാസ്റ്ററുടെ നേതൃത്വത്തിലുള്ള ജാഥ അവിസ്മരണീയമായിരുന്നു. പ്രസ്തുത സംഭവത്തിനു ശേഷം ടി.വി.നാരായണൻ നമ്പ്യാർ മൈൗവ്വഞ്ചേരി കുഞ്ഞിരാമൻ കാരായി അച്ചുതൻ മാസ്റ്റർ എന്നിവർ ജയിൽ വാസം അനുഭവിക്കേണ്ടിവന്നു സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ജയിലിൽ കഴിയേണ്ടിവന്ന മഹത് വ്യക്തികളാണ് മേൽ പറഞ്ഞവർ.

1040ലെ സംഭാവനത്തിന്നു ശേഷം കർഷക സംഘത്തിൽ പെട്ട മിക്ക കോൺഗ്രസ്സുകാരും കോൺഗ്രസ്സ് സോഷ്യലിസ്റ്റ്കാരായി മാറുകയും അതിനുശേഷം കമ്മ്യൂണിസ്റ്റ്കാരായി മാറുകയും ചെയ്യുകയുണ്ടായി. പ്രസ്തുതമാറ്റം ചരിത്രത്തിന്റെ മറ്റൊരു വഴിത്തിരിവിന്ന് ഹേതുവായിത്തീർന്നു.

ഈ കാലയളവിൽ എ.കെ.ജി, സി.എച്ച്.കണാരൻ, കേരളീയൻ, സർദാർ ചന്ദ്രോത്ത് കുഞ്ഞിരാമൻ നായർ, നീലഞ്ചേരി നാരായണൻ നായർ, കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്റർ, എൻ.ഇ.ബാലറാം, കല്ലോറത്ത മാധവൻ, ടി.വി.അച്ചുതൻ നായർ എന്നിവരുടെ നേതൃത്വപരമായ ഉപദേശനിർദ്ദേശങ്ങളും ഇടക്കിടെയുള്ള സന്ദർശനങ്ങളും ഈ പ്രദേശത്തിന്റെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടുകയുണ്ടായി. 1944നുമുമ്പ് തന്നെ സ:കുഞ്ഞാപ്പുമാസ്റ്റർ സ്വദേശ

ത്തേക്കു തിരിച്ചുപോയിരുന്നു.

സ്വാതന്ത്ര്യ ലബ്ദിയോടെ അന്നുവരെ കോൺഗ്രസ്സിന്റെ ശത്രുക്കളായ ജന്മിപ്രവരന്മാർ കോൺഗ്രസ്സിന്റെ വക്താക്കളും ഭരണത്തിന്റെ നിയന്ത്രണക്കാരുമായി മാറി. പൂഴ്ത്തിവെപ്പും കരിഞ്ചന്തയും കാരണം നാട്ടിൽ കടുത്ത ക്ഷാമം അനുഭവപ്പെട്ടു. ജനജീവിതം ദുസ്സഹമായി വാരവും പാട്ടവും അളന്ന് മിച്ചം വരുന്ന കൃഷിക്കാരുടെ കൈയിലുള്ള നെല്ലുകൾ സർക്കാർ സംഭരിക്കുവാൻ തുടങ്ങി. നാട്ടിലാകെ പട്ടിണി റേഷൻ ഷാപ്പിൽ നിന്നു ലഭിക്കുന്നതാണെങ്കിൽ പുഴുമാലകെട്ടിയ കല്ലും മണ്ണും നിറഞ്ഞ പച്ചരി. അതും അല്പം മാത്രം ചോളമായിരുന്നു ജനങ്ങൾക്ക് നൽകിയ മറ്റൊരു ഭക്ഷ്യ പദാർത്ഥം. ശീലമില്ലാത്ത ആഹാരം കാരണം പല രോഗങ്ങളും മുഴക്കുന്നു പ്രദേശത്തെ ജനങ്ങളെ ബാധിച്ചു. കടുത്ത ദാരിദ്ര്യം മൂലം ജനങ്ങൾ വളരെ പ്രയാസത്തിലായി. അതിന്റെ തീവ്രത കാണിക്കുന്ന ഈ ഈരടികൾ അന്ന് ഈ നാട്ടിലെങ്ങും മുഴങ്ങിയിരുന്നു.


``ഉദയാസ്തമയം പീടിക മുന്നിൽ നിന്നു
കരഞ്ഞാലും
ഉരിയരിപോലും കിട്ടാനില്ല പൊന്നു കൊടുത്താലും
ലാഭക്കൊതിയന്മാരവർ ധാന്യമാതൊക്കെ ഒളിപ്പിച്ചു
കാപട്യങ്ങൾ ജനങ്ങൾക്കെതിരായി
പലതും കാട്ടുന്നു
അയ്യോ പലതും കാട്ടുന്നു''

ഇതിൻഫലമായി പഴയ മലബാർ പ്രദേശത്താകമാനം ജനങ്ങൾ പൂഴ്ത്തിവെപ്പിനും കരിഞ്ചന്തക്കും എതിരായ പ്രത്യക്ഷസമരത്തിൽ ഭാഗബാക്കുകളായി മാറുവാൻ തുടങ്ങി. ഈ സമരങ്ങളുടെ വേലിയേറ്റം മുഴക്കുന്നിലും പരിസരപ്രദേശങ്ങളിലും പ്രകടിതമായി അതിൻഫലമായാണ് പ്രസിദ്ധമായ തില്ലങ്കേരി നെല്ലെടുപ്പ് നടന്നത്. മുടക്കോഴി സ്കൂൾ അദ്ധ്യാപകനായിരുന്ന സി.അനന്തൻ മാസ്റ്ററുടെ നേതൃത്വത്തിലായിരുന്നു പ്രസ്തുത സമരം. ഇതിൽ പങ്കാളികളയവരിൽ ഭൂരിഭാഗവും മുഴക്കുന്ന മുടക്കോഴി നിവാസികളായിരുന്നു 1948 ഏപ്രിൽ മാസത്തിലെ വിഷുവോടനുബന്ധിച്ചായിരുന്നു ഒരുപിടി നെല്ലിന്നു വേണ്ടിയുള്ള ഈ സമരം നടന്നത്. സമരത്തിന്റെ ഭാഗമായി ഏപ്രിൽ 15ന്നു നടന്ന പ്രകടനത്തിനു നേരെ പോലീസ് നടത്തിയ വെടിവെപ്പിൽ സ:സി.അനന്തൻ മാസ്റ്ററടക്കം ഒമ്പത് പേർ രക്ത സാക്ഷികളായി. മുഴക്കുന്നിലെ തമ്പിടികുന്നുമ്മൽ നാരായണൻ നമ്പ്യാരും രക്തസാക്ഷിത്വം വരിച്ചവരിൽ ഒരാളാണ്. ഈ സംഭവങ്ങൾക്കു ശേഷം മുഴക്കുന്ന് മുടക്കോഴി ഭാഗത്ത് ഒട്ടേറെ വീടുകളും പഴയ മുടക്കോഴി സ്കൂളും പോലീസുകാർ അഗ്നിക്കിരയാക്കി കണ്ണിൽ കണ്ടവരെയാകെ മൃഗീയമായി മർദ്ദിച്ചു. നൂറുകണക്കിനാളുകളെ ജയിലിലടച്ചു. ജയിൽ വാസം വരിച്ചവരിൽ ഏതാനും പേർ മാത്രമേ ഇന്നു ജീവിച്ചിരിക്കുന്നുള്ളൂ. കെ.വി.നാരായണക്കുറുപ്പ്, പി.വി.പത്മനാഭൻ,പി.വി.കുഞ്ഞിരാമമാരാർ മുല്ലോളി കൃഷ്ണൻ കുന്നുമ്മൽ കുഞ്ഞികൃഷ്ണൻ എന്നിവരാണ് പ്രസ്തുത സമരത്തിന്റെ അനുഭവം അയവിറയ്ക്കുവാൻ ഇന്ന് ശേഷിക്കുന്നത് ഒട്ടേറെ പേർ കാലായവനികക്കുള്ളിൽ മറഞ്ഞു പോയി. സേലം ജയിലിൽ നടന്ന വെടിവെയ്പിൻ ഫലമായി ദേഹത്ത് വെടിയുണ്ടയും പേറി ഇന്നും ജീവിക്കുന്ന ഒരാളാണ് മുല്ലോളി കൃഷ്ണൻ. പ്രസിദ്ധ കർഷകസമരത്തിനു ശേഷം നടന്ന മാറ്റങ്ങളാണ് ആധുനിക മുഴക്കുന്നിന്റെ അടിത്തറ.

1950ന്നു ശേഷം ഈ നാട്ടിന്റെ മാറ്റം ശ്രദ്ധേയമാണ് നെൽകൃഷിയും കന്നുകാലികളെ വളർത്തലുമായിരുന്ന അതുവരെയുള്ള പ്രധാന ജീവിതോപാധി കുടിയേറ്റക്കാരുടെ വരവ് നിലവിലുള്ള കൃഷി രീതിക്കു പ്രകടമായ മാനം വരുത്തി ആദായകരമായ മറ്റു കൃഷികളിലേക്കുകൂടി ജനങ്ങളുടെ ശ്രദ്ധ തിരിഞ്ഞു. പുറം ലോകവുമായുള്ള ബന്ധം വളർന്നതോടെ തീണ്ടലും അയിത്തവും മറ്റു അനാചാരങ്ങൾക്കു കുറവുവാൻ തുടങ്ങി. ചൂഷണം ചെയ്യുന്ന അക്രമപിരിവുകൾക്കും അറുതിവന്നു വിദ്യാഭ്യാസ സൗകര്യങ്ങൾവർദ്ധിച്ചു. കൃഷിക്കാരക്ക് വായ്പ ലഭിക്കുന്നതിനാവാശ്യമായ സഹകരണ സംഘം രൂപീകൃതമായി പൊതുവിജ്ഞാനത്തിന്നുപകാരമായ വായനശാലകൾ സ്ഥാപിതമായി, യാത്രാസൗകര്യം വർദ്ധിച്ചു. വാണിജ്യ വ്യാപാരമേഖലകുറെ കൂടി വിപുലമായി നാണ്യവിളകളുടെ ഉല്പാദനക്ഷമത വർദ്ധിച്ചു. ഭൂപരിഷ്ക്കരണ നിയമം മൂലം ജന്മിത്വ വ്യവസ്ഥ അവസാനിപ്പിക്കുക കാരണം മണ്ണിൽ അധ്വാനിക്കുന്നവർ മണ്ണിന്നുടമകളായി വിദ്യാഭ്യാസ, സഹകരണ, സാംസ്ക്കാരിക പ്രവർത്തനരംഗത്തെ വളർച്ചക്കു പിന്നിൽ ഒട്ടേറെ പേരുടെ നേതൃത്വമുണ്ടെങ്കിലും പരേതനായ ടി.ഇ.നാരായണവാര്യാരുടെ പേർ പ്രത്യേകം സ്മരിക്കുന്നു.

തദ്ദേശ സ്വയം ഭരണ സംവിധാനത്തിന്റെ ചില വസ്തുതകൾ കൂടി ചരിത്രരേഖയായി ഇവിടെ സൂചിപ്പിക്കുന്നു. 1955ലായിരുന്നു പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ ജില്ലയിലെ ഗ്രാമപ്രദേശ

ങ്ങളെ പഞ്ചായത്താക്കി മാറ്റിയത്. പഞ്ചായത്ത് ഭരണ സമിതികളെ തിരഞ്ഞെടുത്തിരുന്നത്. പരസ്യ വോട്ടെടുപ്പ് വഴിയായിരുന്നു പ്രസിഡണ്ടിനെ തെരെഞ്ഞെടുക്കാൻ എല്ലാ വാർഡിലെ വോട്ടർമാരും നേരിട്ടു വോട്ടു ചെയ്യണമായിരുന്നു. വിളക്കോടിലെ പരേതനായ എ.കെ.നാരായണൻ നായരായിരുന്നു ഈ പഞ്ചായത്തിലെ പ്രഥമ പ്രസിഡണ്ട്. കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പ് സ്ഥാനം രാജിവെക്കേണ്ടിവന്നതിനാൽ സ്വാതന്ത്ര്യസമര സേനാനിയായിരുന്ന മൗവ്വഞ്ചേരി കുഞ്ഞിരാമൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1962ലെ കേരള പഞ്ചായത്ത് ആക്ടിന് വിധേയമായി തില്ലങ്കേരി-മുഴക്കുന്ന് വില്ലേജുകളെ സംയോജിപ്പിച്ചുകൊണ്ട് നിലവിൽ വന്ന മുഴക്കുന്ന് പഞ്ചായത്ത് ഭരണസമിതിയിലേക്ക് 1963ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ.വി.പത്മനാഭൻ മാസ്റ്ററുടെ നേതൃത്വത്തിലുള്ള ബോർഡ് അധികാരത്തിൽ വന്നു. അധ്യാപകർക്ക് രാഷ്ട്രീയ പ്രവർത്തനത്തിന് ഏർപ്പെടുത്തിയ ചിലവിലക്കുകൾ കാരണം അദ്ദേഹം രാജിവെക്കുകയും അതിന്നു ശേഷം ശ്രീ.കെ.വി.ചാത്തുമാസ്റ്റർ പ്രസിഡണ്ടായി തെരെഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1969ൽ പഞ്ചായത്തിനെ വിഭജിച്ചു. രണ്ടു പഞ്ചായത്തുകളാക്കി മാറ്റിയതിനെ തുടർന്ന് ശ്രീ.പി.അബൂബക്കർ ഹാജിമുഴക്കുന്ന് പഞ്ചായത്തിൻറെ 1978 വരെയുള്ള പ്രസിഡണ്ടായി പ്രവർത്തിക്കുകയുണ്ടായി. നീണ്ട കാത്തിരിപ്പിനു ശേഷം 1979ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. പാലക്ക ബാലൻ പ്രസിഡണ്ടായി തരെഞ്ഞെടുക്കപ്പെട്ടു. 1988ൽ നടന്ന തിരഞ്ഞെടുപ്പിലുംശ്രീ ബാലന്റെ നേതൃത്വത്തിൽ തന്നെയായിരുന്നു ബോർഡിന്റെ പ്രവർത്തനം നടത്തിയത്. 1995ൽ പഞ്ചായത്ത് രാജ് ആക്ടിനു വിധേയമായി നടന്ന തിരഞ്ഞെടുപ്പിൽ ഇന്നു നിലവിലുള്ള ഭരണ സമിതി അധികാരത്തിലെത്തി.



ഭൂപ്രകൃതി

വയനാടൻ മലകളിൽനിന്ന് ഉത്ഭവിച്ച് കൊട്ടിയൂർ, കേളകം, കണിച്ചാർ, പേരാവൂർ പഞ്ചായത്തുകളിൽ കൂടി ഒഴുകിയെത്തുന്ന വളപട്ടണം പുഴയുടെ ഭാഗമായ ആറളം പുഴ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുകൂടി വടക്കോട്ടൊഴുകുന്നു. പുഴയുടെ കിഴക്ക് ഭാഗത്ത് ആറളം സെൻട്രൽ സ്റ്റെയ്റ്റ് ഫാം വ്യാപിച്ചു കിടക്കുന്നു. പഞ്ചായത്തിന്റെ തെക്കുഭാഗത്ത് വീര പഴശ്ശിയുടെ സ്മരണകൾ ഉണർത്തുന്ന പുരളിമല ഉയർന്നുനിൽക്കുന്നു.

കല്ലേരി മല, കുന്നത്തൂർ മല, പിഞ്ഞാണപ്പാറക്കുന്ന്, നല്ലൂർചോലക്കുന്ന്, കരുവാന്റകുന്ന്, കൂളിക്കുന്ന്, പിടാങ്ങോട് കുന്ന് എന്നിവ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളാണ്. ഏറ്റവും ഉയരം കൂടിയ പ്രദേശം പുരളിമലയാണ്.

പഞ്ചായത്തിന്റെ കിഴക്കു ഭാഗം ആറളം ഗ്രാമപഞ്ചായത്തും വടക്കുഭാഗം കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്തും പടിഞ്ഞാറ് ഭാഗം തില്ലങ്കേരി ഗ്രാമപഞ്ചായത്തും തെക്കുഭാഗം പേരാവൂർ, മാലൂർ ഗ്രാമപഞ്ചായത്തുകളുമാണ്. പഞ്ചായത്തിന്റെ വിസ്തീർണം 31.04 ച.കി.മീ. ആണ്.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ 5 മേഖലകളായി തിരിക്കാം.

1. ഉയർന്ന സമതലപ്രദേശങ്ങൾ
2. ചെറു ചെരിവ് പ്രദേശങ്ങൾ
3. ഇടത്തരം ചെരിവ് പ്രദേശങ്ങൾ
4. സമതല പ്രദേശങ്ങൾ
5. താഴ്വര പ്രദേശങ്ങൾ

മൺതരങ്ങൾ:

വ്യത്യസ്ത മൺതരങ്ങൾ പഞ്ചായത്തിലുണ്ട്. നല്ല വളക്കൂറുള്ള കറുത്തമണ്ണ് പഞ്ചായത്തിന്റെ 60% പ്രദേശത്ത് കാണപ്പെടുന്നു. ചരൽ നിറഞ്ഞ ചുവന്ന മണ്ണ്, മണൽമണ്ണ് എന്നിവയും വിവിധ ഭാഗങ്ങളിലായി ഉണ്ട്. കളിമണ്ണ് പഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്തിന്റെ മിക്കവാറും പ്രദേശങ്ങളിൽ മഴക്കാലത്ത് മണ്ണൊലിപ്പ് ഉണ്ടാകുന്നതിനാൽ ഫലഭൂയിഷ്ടമുള്ള മേൽമണ്ണ് ഓരോ വർഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും മേൽഭാഗത്ത് കരിങ്കൽ പാറകളും ചെങ്കൽപ്പാറകളും കാണപ്പെടുന്നു. ഇത്തരം പാറകൾ കെട്ടിടനിർമാണത്തിന് പ്രയോജനപ്പെടുന്നു.

ജനസമ്പത്ത്

പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും ജനവാസയോഗ്യമാണ്. 1991- ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനങ്ങളുടെ വിശദവിവരം താഴെ കൊടുക്കും പ്രകാരമാണ്.

ആകെ ജനസംഖ്യ	192288
അതിൽ പുരുഷൻമാർ	9635
സ്ത്രീകൾ	9593
ജനസാന്ദ്രത	996 ച.കി.മീ
പട്ടികജാതിക്കാർ ആകെ	191
പുരുഷന്മാർ	102
സ്ത്രീകൾ	89
പട്ടിക വർഗക്കാർ ആകെ	1139
പുരുഷന്മാർ	587
സ്ത്രീകൾ	552

9635 പുരുഷന്മാരിൽ ജോലിചെയ്യുന്നവർ 4432. (46%) 9593 സ്ത്രീകളിൽ ജോലി ചെയ്യുന്നവർ 1902 (20%) എന്ന തോതിലാണ്. ഇവരിൽ കാർഷികവൃത്തിയിൽ ഏർപ്പെടുന്നവർ 908 ഉം കർഷകതൊഴിലാളികൾ 2622, നിർമാണ തൊഴിലാളികൾ 91 ഉം സർക്കാർ- അർധ സർക്കാർ ജീവനക്കാർ 602 ഉം ആണ്.

പഞ്ചായത്തിലെ സാക്ഷരത 89.66%. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരുടെ എണ്ണം ഇവിടെ കൂടുതലാണ്. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം വർധിക്കുന്നുണ്ടെങ്കിലും പഠന നിലവാരത്തിൽ പിന്നോക്കമാണ്.

ജനങ്ങളുടെ പ്രധാന വരുമാനമായിരുന്ന കാർഷികരംഗം ആദായകരമല്ലാതായതോടെ മറ്റു തൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയറ്റം വർധിച്ചുവരികയാണ്. പ്രധാനമായും കെട്ടിട നിർമാണ രംഗത്താണ് ഇങ്ങനെ കടന്നുകയറ്റം നടന്നുകൊണ്ടിരിക്കുന്നത്. പരമ്പരാഗത വ്യവസായ രംഗത്ത് തകർച്ചയാണുള്ളത്.


ജാതിപരമായ ഉച്ചനീചത്വങ്ങൾ മുമ്പെ നിലനിന്നിരുന്നെങ്കിലും അതിനെതിരെ നടന്നുവന്ന പോരാട്ടങ്ങൾകൊണ്ട് കുറെയേറെ ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

ജല സമ്പത്ത്


നമ്മുടെ ഗ്രാമപഞ്ചായത്തിൽ വർഷത്തിൽ ശരാശരി 4418.80 മി.മീ. മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനവരി, ഫിബ്രവരി മാസങ്ങളിലാണ്.

പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുകൂടി ആറളം പുഴ ഒഴുകുന്നു. കൂടാതെ ചേന്തോട്, ഗുണ്ണികത്തോട്, ചാക്കാട് തോട് എന്നിവ പഞ്ചായത്തിലെ പ്രധാന തോടുകളാണ്. 2 കുളങ്ങൾ പഞ്ചായത്തിന്റേതായുണ്ട്. കൂടാതെ പതിനഞ്ചോളം സ്വകാര്യ കുളങ്ങളും ഇവിടെയുണ്ട്. പുഴയിലേയും തോടുകളിലെയും വെള്ളം പരമാവധി പ്രയോജനപ്പെടുത്താൻ കഴിയാറില്ല. തോട്ടകളിൽ നിർമിച്ചിരിക്കുന്ന 4വി സി ബികളും പ്രവർത്തനക്ഷമമല്ല.

ജനങ്ങളുടെ കുടിവെള്ളത്തിന്റെ ആവശ്യം നിറവേറ്റാൽ ആശ്രയം കിണറുകൾ തന്നെയാണ്. പഞ്ചായത്തിലെ മിക്കവാറും പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാണ്. അല്ലാത്തിടത്ത് വെള്ളം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് നേതൃത്വം കൊടുത്തുകൊണ്ട് നടത്തേണ്ടതുണ്ട്. പഞ്ചായത്തന്റെ വകയായി 25 പൊതുകിണറുകൾ നിർമിച്ചുകൊടുത്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ജലവിതരണം ഇവിടെ തൃപ്തികരമല്ല. 22 ടാപ്പുകളിൽ 10 എണ്ണത്തിൽ മാത്രമേ വെള്ളം കിട്ടുന്നുള്ളൂ.



സാമൂഹ്യ സാമ്പത്തിക മേഖലകൾ



കൃഷിയും ജലസേചനവും

പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളും മലകളും താഴ്വരകളും നിറഞ്ഞതാണ്. തെക്കുഭാഗത്ത് ചരിത്ര പ്രസിദ്ധമായ പുരളിമല സ്ഥിതിചെയ്യുന്നു. മലയുടെ ഏറ്റവും മുകൾഭാഗം മുതൽ പഞ്ചായത്തിന്റെ അതിര് വിഭജിക്കപ്പെട്ടിരിക്കുന്നു. മാലൂർ പഞ്ചായത്തും പേരാവൂർ പഞ്ചായത്തുമാണ് തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്നത്. പടിഞ്ഞാറു ഭാഗം തല്ലങ്കേരി പഞ്ചായത്തും, വടക്ക് ഭാഗം കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത്, കിഴക്ക് ഭാഗം സെൻട്രൽ സ്റ്റെയിറ്റ് ഫാം ആറളം എന്നിവ സ്ഥിതിചെയ്യുന്നു. പുരളിമല, കല്ലേരിമല, കുന്നത്തൂർ മല, കൂവേരിമല എന്നിവ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളാണ്. പുരളിമല പ്രദേശം ധാരാളം നീരുറവകളും പാറക്കൂട്ടങ്ങളും ജൈവവൈവിധ്യവും കൊണ്ട് സംപുഷ്ടമാണണണ്. കല്ലേരി മലയുടേയും കുന്നത്തൂർ മലയുടേയും ചില ഭാഗങ്ങളിൽ നീരുറവകൾ ഉണ്ട്. തോടുകൾ മിക്കവയും കുന്നിൻ പ്രദേശങ്ങളിൽ നിന്നാണ് ആരംഭിക്കുന്നത്. മുഴക്കുന്ന്-കടുക്കാപ്പാലം പ്രദേശത്തുള്ള തോടുകൾ പടിഞ്ഞാറോട്ടൊഴുകി തല്ലങ്കേരി പഞ്ചായത്തിൽ [illegible] മറ്റെല്ലാതോടുകളും പടിഞ്ഞാറുനിന്ന് കിഴക്കോട്ടൊഴുകി വളപട്ടണം പുഴയുടെ ഭാഗമായ പാലപ്പുഴയിൽ ചേരുന്നു. മുൻകാലത്ത് ജലസംപുഷ്ടമായിരുന്ന തോടുകളിൽ പലതും ഇന്ന് വറ്റിവരളുന്ന അവസ്ഥയിലാണുള്ളത്. പരിസ്ഥിതിയിൽ വന്നമാറ്റം ഈ പ്രദേശങ്ങളിൽ മണ്ണൊലിപ്പിനും വെള്ളപ്പൊക്കത്തിനും കാരണമായിട്ടുണ്ട്. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും കൃഷിയിടങ്ങളാണ്. തരിശുഭൂമി നാമമാത്രമാണ്. പുറമ്പോക്ക് ഭൂമി 89.89 ഹെക്ടർ ഉണ്ട്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ഭൂ സ്വത്തുകൾ മുഴുവൻ ജന്മിമാരുടെ അധീനതയിലായിരുന്ന കാലത്ത് ഇവരിൽ നിന്നും കുടിയാന്മാർ കൃഷിനടത്താൻ അനുവാദം തേടുകയും സ്വന്തം പ്രയത്നത്തിൽ കൃഷി നടത്തുകയും ചെയ്തിരുന്നു. ഇങ്ങനെ കൃഷി നടത്തുന്നതിന് കുടിയാന്മാർ പല ഉപാധികളും പാലിക്കേണ്ടി വന്നിരുന്നു. നെൽകൃഷിക്ക്

അവലംബം : താൽക്കാലിക രജിസ്റ്റർ, വില്ലേജ് ഓഫീസ്

ദേശത്തിന്റെ പേര്	സർവ്വെ നമ്പർ	കര ഹെക്ടർ	നിലം ഹെക്ടർ	തരിശ് ഹെക്ടർ	ആകെ
നല്ലൂർ	-	-	-	-	-
മുഴക്കുന്ന്	95/2A	0.0120	-	-	0.0120
ഗ്രാമം	-	-	-	-	-
പാല	-	49.63	-	-	4963
ആമിലം വിളക്കോട്	-	40.25	-	-	40.25
ആകെ					89.89

കൃഷിക്കാരൻ പ്രതിഫലമായി `വാരം' കൊടുക്കണം. കരഭൂമിയിൽ കൃഷിചെയ്യുന്നതിന് വർഷത്തിൽ ഒരു നിശ്ചിത സംഖ്യ ജന്മിക്ക് നൽകണം. ഇതിന് പൊറപ്പാട് എന്നുപറയുന്നു. കാണം വച്ച് പണം കടംവാങ്ങുന്ന രീതി നിലവിലുണ്ടായിരുന്നു. കുടിയാന്മാരിൽ നിന്നും കിട്ടുന്ന വാരം കടം വീടുന്നതുവരെ; ആരാണോ കടം കൊടുത്തത് - ആ വ്യക്തിക്ക് കൈപ്പറ്റാനുള്ള അവകാശമാണ് കാണം. കുഴിക്കാണം എന്ന സമ്പ്രദായ പ്രകാരം, ഏതുതരം കൃഷിക്കാണോ കുടിയാൻ ആവശ്യപ്പെട്ടത് അതിൽ മാത്രമേ - അവന് അവകാശമുള്ളൂ. ആ കൃഷിയിടത്തിലുള്ള മറ്റനുഭവങ്ങൾ ജന്മിക്ക് അവകാശപ്പെട്ടതാണ്. ആദിവാസികളായ പണിയന്മാർ താമസിച്ചിരുന്ന കുടുംബങ്ങൾ ഓരോ ജന്മിക്ക് കീഴിൽ ആയിരുന്നു. ഇവർ ജന്മിക്ക് കീഴിൽ പണിയുകയും ഇവർക്കുള്ള ജീവിതച്ചിലവുകൾ മാത്രം ജന്മി നല്കുകയും ചെയ്തിരുന്നു. ജന്മിയുടെ സമ്മതം ഇല്ലാതെ മറ്റൊരാൾക്കുവേണ്ടി പണിചെയ്യാൻ പാടില്ല. പണത്തിന്റെ ദൗർലഭ്യം കാരണം നെല്ല് ആയിരുന്നു അന്ന് ഉപാധിയായി കൂടുതലും ഉപയോഗിച്ചിരുന്നത്. കരപ്രദേശത്ത് ധാരാളമായുള്ള കുരുമുളക് തോട്ടങ്ങൾ അന്നത്തെ ഒരു പ്രത്യേകതയായിരുന്നു. വനപ്രദേശം ധാരാളമുള്ളതിനാൽ കാട്ടുകിഴങ്ങുകളും ഫലവർഗ്ഗങ്ങളും ലഭിച്ചിരുന്നു. പ്രധാനമായും കൃഷിയെ ലക്ഷ്യം വച്ച് ഓരോ ജന്മിമാരും പത്തും പതിനഞ്ചും കാളകളേയും, പശുക്കളെയും വളർത്തിയിരുന്നു. പച്ചിലകളും ചാണകവും ചേർത്തുകൊണ്ടുള്ള ജൈവവള പ്രയോഗരീതിയാണ്. അന്ന് നിലവിലുണ്ടായിരുന്നത്. രാസവളത്തിന്റെ രംഗപ്രവേശം വരെ ഈ രീതി നിലനിന്നിരുന്നു.

ഭൂപരിഷ്ക്കരണം നിലവിൽ വന്നതോടെ കൃഷിഭൂമി തുണ്ടം തുണ്ടമാവുകയും ചെറുകിട കൃഷിക്കാരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. വനപ്രദേശങ്ങൾ പലതും കൃഷിഭൂമിയായിമാറി. കൃഷിക്കാരുടെ ഭൂസ്ഥിതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

a) ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവർ - 4497 പേർ
b) ഒന്നിനും രണ്ടിനും ഇടയിൽ ഭൂമി കൈവശമുള്ളവർ 535 പേർ
c) രണ്ടു മുതൽ അഞ്ചുവരെ ഹെക്ടർ ഭൂവിസ്തൃതിയുള്ളവർ 124 പേർ
d) അഞ്ച് ഹെക്ടറിനു മുകളിലുള്ളവർ ഇല്ല
e) ആകെ പഞ്ചായത്തിലെ ഭൂവുടമകൾ 5156 പേർ

കൃഷി ഭൂമികൾ വ്യാപകമായുണ്ടായെങ്കിലും കൃഷി രീതിയെക്കുറിച്ച് ശാസ്ത്രീയമായ ദിശാബോധം നല്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ഭൂപരിഷ്കരണത്തിന്റെ ഗുണഫലം വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും കൃഷിയിടങ്ങളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പ്രധാന വിളയിനങ്ങളെ സംബന്ധിച്ച സ്ഥിതിവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രധാനമായും നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ്, റബ്ബർ എന്നിവയാണ് ഇന്ന് കൃഷിചെയ്തു വരുന്നത്. വയലുകൾ നികത്തി നേന്ത്രവാഴകൃഷിയും നടക്കുന്നുണ്ട്. കൃഷിഭവൻ മുഖേന ശേഖരിച്ച കണക്കുകളും ദ്രുതഗ്രാമപഠനവും വ്യക്തമാക്കുന്നത് നെല്ലിന്റെ ഉല്പാദനം വളരെ കുറയുന്നുണ്ട് എന്നാണ്. 1950ൽ ആകെ കൃഷിഭൂമിയുടെ 40%വും നെൽകൃഷിയായിരുന്നെങ്കിൽ 1980 ആകുമ്പോഴേക്കും ഇത് കുറഞ്ഞ് 25%ത്തിൽ എത്തുകയും ഇന്ന് 10% ലേക്ക് വീണ്ടും കുറയുകയും ചെയ്തു. 1970 കളിൽ കേരളത്തിൽ ആരംഭിച്ച കൃഷിയുടെ വാണിജ്യവൽക്കരണവും, നെൽകൃഷിയിൽനിന്ന് പ്രത്യക്ഷലാഭമില്ലാത്തതും, രാസവളങ്ങളുടെ വില വർദ്ധനയും, കർഷകത്തൊഴിലാളികളുടെ എണ്ണത്തിലുള്ള കുറവും, കൂലി വർദ്ധനവും കാര്യക്ഷമതയിൽ വന്നകുറവും നെൽവയൽ നികത്തി മറ്റ് കൃഷികൾ ചെയ്യാൻ കർഷകരെ പ്രേരിപ്പിച്ചു. സ്വന്തമായി കൃഷിപ്പണി ചെയ്യാൻ തയ്യാറാവുന്ന കൃഷിക്കാരുടെ എണ്ണം തുലോം പരിമിതമാണ്. വേണ്ടത്ര ജലസേചന സൗകര്യമില്ലാത്തതുകൊണ്ട് മൂന്നാം വിളയും കുറഞ്ഞു. ഗണ്ണിക, കടുക്കാപ്പാലം, പാല എന്നിവിടങ്ങളിലെ സ്ഥിതി പരിശോധിച്ചാൽത്തന്നെ ഇത് വ്യക്തമാവും. ഇവിടങ്ങളിൽ തോടിന്റെ പാരർശ്വഭിത്തികൾകെട്ടി തടയണകളും മറ്റും നിർമ്മിച്ചാൽ 20 ഹെക്ടർ സ്ഥലത്തുകൂടി മൂന്നാം വിള നെൽകൃഷി വ്യാപിപ്പിക്കാം. കൃഷിക്കാർ തമ്മിലുള്ള സഹകരണക്കുറവ് കൃഷിരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. മൂന്നാം വിളകൃഷിയിലില്ലാത്ത വയലുകളിൽ പച്ചക്കറി പയറുവർഗ്ഗക്കൃഷികൾ നടത്തുന്നതിന്റെ കാര്യത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഗുണപരമായ വർദ്ധനവ് പ്രകടമാണ്.

അവലംബം: അടിസ്ഥാന വിവര രജിസ്റ്റർ കൃഷി ഭവൻ

വിള	വിസ്തീർണ്ണം ഹെ.	മൊത്തം ഉല്പാദനം (കി)	ഉല്പാദന ക്ഷമത (കി)
നെല്ല് ഒന്നാം വിള	125	31250	25
നെല്ല് രണ്ടാം വിള	85	1700	20
നെല്ല് മൂന്നാം വിള	10	260	26
പയർ	ലഭ്യമല്ല	-	-
എള്ള്	20	70	3.5
പച്ചക്കറികൾ	30	360	12.2
തെങ്ങ്	800	17300300 എണ്ണം	21700300 എണ്ണം
മരച്ചീനി	150	1640	4
പ്ലാവ്	25	575000 എണ്ണം	23000 എണ്ണം
കശുമാവ്	750	5381250	91750
മാവ്	15	10125	675
റബ്ബർ	700	37800	-
കൈതച്ചക്ക	13	30550	2350
കവുങ്ങ്	140	118440000	846000 എണ്ണം
കൊക്കോ	1 20	20	20

മലഞ്ചെരിവുകളിൽ ഇടത്തട്ടു മുതൽ താഴ്വാരങ്ങൾ വരെ ഈർപ്പമുള്ള പ്രദേശങ്ങളിലാണ് തെങ്ങും കവുങ്ങും കൂടുതലായിക്കണ്ടുവരുന്നത്. ജലസേചന സൗകര്യങ്ങൾ കാര്യക്ഷമമായ സ്ഥലങ്ങളിൽ തേങ്ങ ഉല്പാദനത്തിൽ വളരെ മുന്നേറ്റമുണ്ടായിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ ജലസേചന സൗകര്യങ്ങൾ കുറഞ്ഞ സ്ഥലങ്ങളിലേ ഉള്ളൂ.

ഒരു കാലത്ത് മുഴക്കുന്ന് പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ നിർണ്ണായക പങ്കുവഹിച്ച കുരുമുളക് ഇന്ന് അതിരൂക്ഷമായ പ്രതിസന്ധിയെ നേരിടുകയാണ്. കുരുമുളകിന് വളരെ ഉയർന്ന വില ലഭിച്ചിരുന്ന കാലത്ത് വിപുലപ്പെട്ട ഈ കൃഷി, പിന്നീടുണ്ടായ വിലത്തകർച്ചയെത്തുടർന്ന് കയ്യൊഴിയപ്പെട്ടു. ഈ കാലഘട്ടത്തിലാണ് പലസ്ഥലങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചത്. പിന്നീട് തരിശുഭൂമികളടക്കം കശുമാവിൻ തോട്ടങ്ങളായി മാറി. ഇന്ന് കുരുമുളക് വീണ്ടും വളർന്നു വരാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ മാറിയ പരിതസ്ഥിതികളും, രോഗങ്ങളും, മണ്ണിന്റെ ഘടനയിൽ വന്ന മൂല്യ ശോഷണവും പ്രതിബന്ധമായി നിൽക്കുന്നു. വിലക്കുറവ് കാരണം അന്ന് കുരുമുളക് കൃഷിയെ കയ്യൊഴിഞ്ഞെങ്കിൽ ഇന്ന് അവ സ്വയം ഒഴിഞ്ഞുപോകുന്ന അവസ്ഥയിലാണ്. പഴയകാലത്ത് കൃഷിചെയ്തുവന്ന കുരുമുളക് ഇനങ്ങളും ഇന്നു കൃഷിചെയ്തുവരുന്ന ഇനങ്ങളും തമ്മിൽ വ്യത്യാസങ്ങൾ ഉണ്ട്. ബാലങ്കൊട്ട (ഉതിരങ്കൊട്ട), അരിവള്ളി, കരിങ്കൊട്ട കല്ലുവള്ളി എന്നിവയാണ് പണ്ടുണ്ടായിരുന്നത്, ഇന്ന് സങ്കര ഇനം കുരുമുളക് കൊടികൾ വികസിപ്പിച്ചിട്ടുണ്ട്. ഉദാ: പന്നിയൂർകുന്ന്, പന്നീയൂർ രണ്ട് തുടങ്ങിയവ.

ചുരുങ്ങിയ മുതൽ മുടക്കിൽ കൂടുതൽ ലാഭം കൊയ്യാം എന്ന നിലയ്ക്ക് വളർത്തിയെടുത്ത കശുമാവിൻ തൈകൾ, തടിതുരപ്പൻ, ഇലതീനിപ്പുഴു എന്നിവയുടെ ഭീഷണിയെ നേരിടുന്നു. എന്നിരുന്നാലും കർഷകരുടെ വരുമാനത്തിന്റെ നല്ലൊരു പങ്ക് ഈ കൃഷി സംഭാവന ചെയ്യുന്നുണ്ട്. ഉല്പാദിപ്പിക്കുന്ന കശുവണ്ടി, മുഴുവനായും കയറ്റിയയ്ക്കുകയാണ് പതിവ് കശുമാവ് മുറിച്ചുമാറ്റി റബ്ബർ വെയ്ക്കുന്ന പ്രവണത ഇന്ന് കണ്ടുവരുന്നു.

കവുങ്ങ് കൃഷി സമതല പ്രദേശങ്ങളിൽനിന്നും വയലുകളിലേക്ക് വ്യാപിക്കുമ്പോൾത്തന്നെ കുന്നിൻ ചെരിവുകൾ മറ്റ് കൃഷികൾക്ക് വഴിമാറുന്നു. മഞ്ഞളിപ്പും മഹാളിയും വ്യാപകമായികണ്ടുവരുന്നു. പഴയകാലത്ത് ഇല്ലാതിരുന്നതും അടുത്തകാലത്ത് വർദ്ധിതമായ തോതിൽ കടന്നുവന്നതുമായ നാണ്യവിളയാണ് റബ്ബർ. ചുരുങ്ങിയ കാലയളവിനുള്ളിൽത്തന്നെ എഴുനൂറ് ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി വ്യാപിച്ചുകഴിഞ്ഞു. തെങ്ങും കശുമാവും മുറിച്ചുമാറ്റി റബ്ബർ നടുന്ന രീതി വിവിധ മേഖലകളിൽ കണ്ടുവരുന്നു. റബ്ബർ കൃഷിക്ക് ധാരാളം ധനസഹായങ്ങൾ ഇന്ന് നിലവിലുണ്ട്.

കുടിയേറ്റ കാലഘട്ടത്തോടുകൂടി പ്രചാരത്തിൽവന്ന ഒരു കൃഷിയാണ് മരച്ചീനി. അതിന് മുമ്പും ചെറിയതോതിൽ ഇത് കൃഷിചെയ്തിരുന്നു. മണ്ണിൽ കുഴിയെടുത്ത് ചപ്പുചവറുകൾ നിറച്ച്, കൃഷിചെയ്യുന്നൊരു രീതിയായിരുന്നു നിലവിലുണ്ടായിരുന്നത്. എന്നാൽ കുടിയേറ്റത്തിനുശേഷം കുതിർകൂട്ടി കൃഷിചെയ്യുന്ന പുതിയ രീതി നിലവിൽവന്നു. ഇത് വിളവർദ്ധനയ്ക്ക് കാരണമായി. ഭക്ഷ്യക്ഷാമം നേരിട്ടിരുന്ന കാലഘട്ടത്തിൽ ജനങ്ങളുടെ മുഖ്യഭക്ഷണം കപ്പയായിരുന്നു. പ്രദേശത്തെ ആവശ്യം കഴിച്ച് വലിയൊരു പങ്ക് കയറ്റിയയച്ചിരുന്നു. ഭക്ഷണത്തിനാവശ്യമായ കപ്പ ഉണക്കി സൂക്ഷിക്കാറുണ്ടായിരുന്നു. ഇന്ന് 90% ജനങ്ങളും മരച്ചീനി വാങ്ങി ഉപയോഗിക്കുന്നവരാണ്. പറമ്പുകളിൽ ഇന്ന് കപ്പകൃഷി നാമമാത്രമാണ്. പുനകൃഷി നടത്തിയിരുന്ന കാലത്ത് ആദ്യത്തെ വർഷം പുനകൃഷിയും രണ്ടാമത്തെ വർഷം കപ്പകൃഷിയും നടത്താറുണ്ട്. പുനകൃഷി നടത്തുന്ന രീതി സംബന്ധിച്ച് പണ്ടുകാലത്ത് കൃഷിനടത്തിയിരുന്ന കാരണവന്മാർ പറയുന്നതിങ്ങനെയാണ്. മീനം, മേട മാസക്കാലത്തോടുകൂടി പുനകൃഷിക്കുള്ള ഒരുക്കങ്ങൾ തുടങ്ങിയിരിക്കും `തൊടക്കാരം' നീക്കിതീയിട്ട് പുതിമഴയ്ക്കുമുമ്പായി പുനം വാളുന്നു. അരികുകളിലായി ചാമാമുത്താറി എന്നിവയുടെയും, മധ്യഭാഗത്ത് നെല്ലിന്റെയും വിത്തിട്ട് `വരൂൽ' കൊണ്ടാണ് വാളുന്നത്. നെൽവിത്തിട്ടതിനിടയിൽ അവിടവിടെയായി തുവര, വെള്ളരി, കക്കിരി എന്നിവയുടെ വിത്ത് നടുന്നു. ഇവയുടെ ഓരോന്നിന്റെയും വിളവെടുപ്പ് വ്യത്യസ്ത കാലങ്ങളിലായിരിക്കും. വിളവെടുക്കുന്നതിനുമുമ്പുതന്നെ ഇവയ്ക്കിടയിൽ മുരിക്കിന്റെ വിത്തിട്ട് അവ വളർന്ന് വലുതായാൽ മീനം മേടമാസത്തോടുകൂടി, പക്ഷം നോക്കി മുറിച്ച് അവ ഉണക്കം വരാതെ സൂക്ഷിക്കുന്നു. ഈ മുരിക്കിൻ കഷണങ്ങൾ തെഴുത്തുകഴിഞ്ഞാൽ പുതുമഴയ്ക്കുമുമ്പായി ആഴത്തിൽ കുഴിച്ചിടും. പിന്നീട് ഇവയിൽ കുരുമുളകുവള്ളി പടർത്തുന്നു. ഇന്നും പഞ്ചായത്തിന്റെ അപൂർവ്വം ചില ഭാഗങ്ങളിൽ പുനകൃഷി നടക്കുന്നുണ്ടെന്നാണ് അറിവ്.

കൃഷിപ്പണികൾ കൂടുതലായും കാലാവസ്ഥയ്ക്കനുസൃതമായാണ് നടത്തുന്നത്. പുതുമഴയോടുകൂടി വിവിധയിനം കൃഷിപ്പണികൾ തുടങ്ങുകയായി. ജൂൺ മാസം മുതൽ ഒക്ടോബർ വരെ മഴക്കാലമാണ്. നവംബർ മുതൽ ജനുവരി വരെ മഞ്ഞുകാലവും ശേഷം നാലുമാസം വേനൽക്കാലവുമാണ്. മേൽപ്പറഞ്ഞതിൽ നിന്നും ചെറിയ ചെറിയ മാറ്റങ്ങൾ ചിലകാലങ്ങളിൽ ഉണ്ടാകാറുണ്ട്. പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിലുള്ള സെൻട്രൽ സ്റ്റോർ ഫാം-ആറളം- എന്ന കാർഷിക സ്ഥാപനത്തിൽ നിന്നും ശേഖരിച്ച കാലാവസ്ഥാ വിവരങ്ങൾ ചുവടെ പട്ടികയിൽ പെടുത്തുന്നു. ഓരോ മാസത്തെയും ശരാശരി മഴയും താപനിലയും.

കൃഷികൾ മുഴുവൻ മഴയെ ആശ്രയിച്ചാകയാൽ മഴയിൽ വരുന്ന ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് വിളവിലും മാറ്റങ്ങൾ കാണുന്നു. വയലിൽ കൃഷിപ്പണി മീനം മേടം മാസത്തോട് കൂടി ആരംഭിക്കുന്നു. മീനം അവസാനമോ മേടം ആദ്യമോ വിത്തിട്ടാൽ ഇടവമാസത്തിൽ ഞാറു നടുകയായി. ഒന്നാം വിളയുടെ ഈ നെല്ല് മൂരുന്നത് (കൊയ്യുക) ചിങ്ങം അവസാനമോ

Rain Fall Data's (Co)

വർഷം	ജനു	ഫിബ്ര	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തം	ഒക്ടോ	നവം	ഡിസം
1993	-	-	19.0	44.0	96.64	66.3	-	-	133.3	371	198.10	6.4
1994	26.5	-	40.01	12.20	84.71	917.5	13	73.60	376.40	400.2	86.90	-
1995	-	-	-	152.52	528.90	505.30	1036.20	989.960	617.0	325.300	263.400	-
1996	-	-	-	208.10	98.30	950.3	34	-	-	-	-	-

Data of Temperature

	കൂടിയ താപനില Co				കുറഞ്ഞ താപനില Co			
മാസം	1993	1994	1995	1996	1993	1994	1995	1996
ജനു.	36	35	37.5	37.5	22	11.14	20	22.5
ഫിബ്രു.	35.5	36	37	37	21.5	16	22	18
മാർച്ച്	38	37	37.5	40	15	18	22	20
എപ്രിൽ	37.8	37	39	45	18	21	24	24.5
മെയ്	39	36.5	39	36.5	20.5	19	23	23
ജൂൺ	35	30	36	22.5	16	17	21	16
ജൂലായ്	30.4	32.5	34	29	15	15	25	22.5
ആഗസ്റ്റ്	32.5	32.5	31	-	19	20.5	17	-
സപ്തം.	33.5	34.1	30.5	-	18	23	20	-
ഒക്ടോ.		34	33.5	35	-	18	24.5	23 -
നവം		34	35	34.5	-	17.8	21.5	24 -
ഡിസം.	35	35	34	-	13	21	20.5	-

കന്നി ആദ്യമോ - വിത്തിന്റെ മൂപ്പനുസരിച്ച് - ആണ്. കന്നിയിൽ കൊയ്ത്തു കഴിഞ്ഞാൽ ഉടൻ രണ്ടാം വിളയ്ക്കുള്ള പണി ആരംഭിക്കുകയായി രണ്ടാംവിളയുടെ നെല്ല് മകരമാസത്തോടെ കൊയ്തിരിക്കും. ശേഷം മൂന്നാംവിളയായി. ഇത്തരത്തിൽ മൂന്ന് ഘട്ടങ്ങളിലായിട്ടാണ് നെൽകൃഷി നടത്തുന്നത്. കരപ്രദേശങ്ങളിൽ എല്ലാവിളകൾക്കും പുതുമഴയോടുകൂടി പരിചരണ പ്രവർത്തനങ്ങൾ ആരംഭിച്ച് തുലാമാസത്തോടെ അവസാനിപ്പിക്കുന്ന രീതിയിൽ നിലവിലുള്ളത് ഇടവമാസത്തിൽ ചെറുചെറു കൂനകളാക്കിയിടുന്ന മണ്ണ് തുലാമാസത്തിൽ തട്ടി നിരത്തുന്നു. ഇപ്പോൾ അധികം പേരും പണി ഒരുകൊത്തിൽ ഒതുക്കുകയാണ്.

ഉല്പന്നങ്ങളുടെ വിലയും വിപണനവും

ഉല്പന്നങ്ങളുടെ പ്രാദേശിക വിപണനം സ്വകാര്യ കച്ചവടക്കാരെ ആശ്രയിച്ചാണ്. കാക്കയങ്ങാട്, മുഴക്കുന്ന്, വിളക്കോട് എന്നീ സ്ഥലങ്ങളിലാണ് പ്രധാന വിപണന കേന്ദ്രങ്ങൾ. കിലോമീറ്ററുകൾക്കപ്പുറമുള്ള ഇരിട്ടി ടൗണിനേയും കർഷകർ ആശ്രയിക്കുന്നുണ്ട്.

ഇനം	കർഷകനു കിട്ടുന്നു വില(രൂ)	വില്പന ചെയ്യപ്പെടുന്ന വില (രൂ)
തേങ്ങ	3.50	4നും 4.50 നും
അടയ്ക്ക	25	35നും 40 (100 എണ്ണത്തിന്)
കപ്പ	3.50	4
നേന്ത്രക്കായ	8	10.50
പടുകായ	7	9
ചേന	4	7
ചേമ്പ്	5	7
പയർ	7	11
പാവയ്ക്ക-കയ്പയ്ക്ക	7 to 8	10 to 11
ഇഞ്ചി	8മുതൽ 10വരെ	15 മുതൽ 20 വരെ
മുളക്	10	15

കാക്കയങ്ങാട് കേന്ദ്രമായി ഒരു റബ്ബർ മാർക്കറ്റിംങ്ങ് സൊസൈറ്റിയും ഡിപ്പൊയും, എടത്തൊട്ടി, പാലപ്പുഴ തളിപ്പൊയിൽ എന്നീ സ്ഥലങ്ങളിൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. കാർഷിക ഉല്പന്ന വിലനിരവാരം പട്ടിക രൂപത്തിൽ താഴെ ചേർക്കുന്നു.

ആകെ കൃഷിക്കാരിൽ 35% ആൾക്കാരും കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവരാണ്.

പ്രധാന രോഗങ്ങൾ

നെല്ലിന് പ്രധാനമായും കീടരോഗബാധയാണ് കണ്ടുവരുന്നത്, തെങ്ങിനും, കവുങ്ങിനും യഥാക്രമം കൂമ്പു ചീയൽ, ചെന്നീരൊലിപ്പ്, മഞ്ഞളിപ്പ്, മഹാളി എന്നീ രോഗങ്ങളാണുള്ളത്. കുരുമുളകിനെ ബാധിക്കുന്ന രോഗം ദ്രുതവാട്ടമാണ്. തടിതുരപ്പൻ, ഇലതീനിപ്പുഴ എന്നിവ കശുമാവിനെ ബാധിക്കുന്നു. വാഴയ്ക്ക് തിരരിമുട്ടലും പുഴുശല്യവും ഉണ്ടാവുന്നു. കീടനാശിനി പ്രയോഗമാണ് ഇതിനെല്ലാം പരിഹാരമായി ചെയ്തു വരുന്നത്.

രാസവളകീടനാശിനി വിപണനം

മുഴക്കുന്ന് സർവ്വീസ് സഹകരണ ബാങ്കിന്റെ മേൽനോട്ടത്തിൽ മുഴക്കുന്നിൽ ഒരു രാസവള കീടനാശിനി വിതരണകേന്ദ്രമുണ്ട്. കൂടാതെ കാക്കയങ്ങാട് കേന്ദ്രീകരിച്ച് ഒരു സ്വകാര്യ വിപണനകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ മൊത്തം ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ സൗകര്യങ്ങൾ അപര്യാപ്തമാണ്. വില്പന ചെയ്യപ്പെടുന്ന രാസവള കീടനാശിനികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കൂലിസേവന വ്യവസ്ഥകൾ

കൃഷിമേഖലയിൽ ഏകീകരിച്ച സേവന വേതന വ്യവസ്ഥ പഞ്ചായത്തിൽ നിലവിലില്ല. അതുകൊണ്ടു തന്നെ വ്യത്യസ്ത പ്രദേശങ്ങളിൽ വ്യത്യസ്ത കൂലിനിരിക്കനുഭവപ്പടുന്നു. തൊഴിലാളികൾക്ക് കൂലിക്കു പുറമെ ഭക്ഷണവും നല്കിവരുന്നു. കൃഷിമേഖലയിൽ കൂലിക്കുറവ് കാരണം കർഷകത്തൊഴിലാളികൾ മറ്റു മേഖലകളിൽ തൊഴിൽ ചെയ്യാനാണ് പോകുന്നത്.

പഞ്ചായത്തിൽ ആകെ കർഷകത്തൊഴിലാളികൾ 2622 പേരും കർഷകർ 908 പേരും ആണ്. ഇതിൽ സ്ത്രീത്തൊഴിലാളികൾ 1069 പേരും കർഷകസ്ത്രീകൾ 122 പേരുമാണ്. പഞ്ചായത്തിൽ 1971 മുതൽ നിലവിലുള്ള കൃഷിപ്പണികളിലെ കൂലിനിരക്ക് സംബന്ധിച്ച് കർഷകരിൽ നിന്നും അറിയാൻ കഴിഞ്ഞ ചില വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ഇനം	ആൺ	പെൺ
1971	കൃഷിപ്പണി	4 രൂപ	2 രൂപ
1972	"	5 "	2.50 "
1973	"	5 "	3 "
1974	"	6 "	3"
1975	"	8"	4"
1976	"	8"	4"
1977	"	8"	5"
1980	"	12"	6"
1981	"	12"	6"
1984	"	20"	10"
1986	"	20"	10"
1991	"	40"	20"
1992	"	50"	30"
1993	"	50"	30"
1994	"	60"	40"
1995	"	70"	50"
1996	"	80"	60"

അവലംബം : അടിസ്ഥാന വിവര രജിസ്റ്റർ കൃഷിഭവൻ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993 94		1994-95		1995-96	
		രാസവളം	കീടനാശിനി	രാസവളം	കീടനാശിനി	രാസവളം	കീടനാശിനി
1.	സഹകരണം	70 ടൺ	93കി.	47 ടൺ	13 കി.	31 ടൺ	100 കി.
2.	സ്വകാര്യമേഖല	165ടൺ	150ലി.	163ടൺ	200 ലി.	201ടൺ	261ലി.
	ആകെ	235 ടൺ		210 ടൺ		232 ടൺ	

വർഷം	ഇനം	ആണ്
1980	നിലമുഴൽ-കാലി	15 രൂപ
1984	"	30"
1994	"	80"
1995	"	100"
1996	"	125"

കൃഷിഭവൻ

കാർഷിക മേഖലയിലെ ബോധവത്കരണസെമിനാറുകൾ നടത്തൽ വിത്ത്, വളം, കീടനാശിനി, സബ്സിഡിനിരക്കിലുള്ള വിതരണം, ഉഴവ് യന്ത്രം, മരുന്ന് തളിക്കുന്നതിനുള്ള സ്പ്രെയറുകൾ, തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം വിവിധ കാർഷിക സമിതികൾ സംഘടിപ്പിച്ച് പ്രവർത്തനം നടത്തുക എന്നിവയാണ് കൃഷിഭവൻ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ. കൂടാതെ പ്രകൃതിക്ഷോഭ തുരിതാശ്വാസമായി 94-95-ൽ 5 പേർക്ക് 9023 രൂപയും 95-96-ൽ 203 പേർക്ക് '141025' രൂപയും ദുരിതാശ്വാസം നല്കിയിട്ടുണ്ട്. കൂട്ടായ്മയുടെ അടിസ്ഥാനത്തിലുള്ള ജലസേചന പദ്ധതി പ്രകാരം (C.C.D.P) 45 പമ്പുസെറ്റുകളും, 40 കിണറുകളും കൃഷിഭവൻ മുഖേന നല്കിയിട്ടുണ്ട്. കൃഷിഭവനുമായി ബന്ധപ്പെട്ട് 9 പാടശേഖരസമിതിയും, 4 കുരുമുളക് സമിതിയും, 1 കേരകർഷകസമിതിയും, `ഒപെക്' ധനസഹായത്തോടെ നടപ്പിലാക്കുന്ന; 4-5 വാർഡുകൾ പൂർണ്ണമായും 4-ാം വാർഡിന്റെ ഏതാനും ഭാഗവും ഉൾക്കൊള്ളുന്ന പല നീർമറി വികസന സമിതിയും നിലവിലുണ്ട്. പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം പാല പാടശേഖരത്തിന്റെ കുറേഭാഗം പാർശ്വഭിത്തികെട്ടി. ആകെ '2,30,43തുക ചെലവായി. അതുപോലെ മുടക്കോഴി പാടശേഖരത്തിന്റെ പാർശ്വ ഭിത്തികെട്ടിയതിൽ 2,37,682 രൂപയും, പ്രകൃതിക്ഷോഭഫണ്ടുപയോഗിച്ച് നല്ലൂർ പാടശേഖര പാർശ്വഭിത്തികെട്ടിയ വകയിൽ '3,54,300' രൂപയും ചെലവഴിച്ചു. നല്ലൂർ പാടശേഖര സമിതി നല്ല നിലയിലും, പാല-കടുക്കപ്പാലം സമിതികളൊഴികെ മറ്റുള്ളവ സാമാന്യനിലയിലും പ്രവർത്തിക്കുന്നു. പാടശേഖര സമിതികളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

കുരുമുളക് സമിതി 3 എണ്ണം ഉണ്ടെങ്കിലും കാക്കയങ്ങാട് മാത്രമാണ് കാരര്യക്ഷമമായി പ്രവർത്തിക്കുന്നത്. കൃഷിഭവന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കൃഷിക്കാർക്ക് കൃത്യമായ ധാരണയില്ലായ്മ ഉണ്ട്. കർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ച് കൃഷിഭവന്റെ സേവനം ലഭിക്കാറില്ല എന്ന് അഭിപ്രായം കൃഷിക്കാർക്കിടയിലുണ്ട്. വിതരണം ചെയ്യുന്ന വിവിധ ആനുകൂല്യങ്ങളെ സംബന്ധിച്ച കൃത്യസമയത്ത് വിവരം ലഭിക്കായ്കയുണ്ട്. വിതരണം ചെയ്യുന്ന നടീൽവസ്തുക്കൾ മിക്കവാറും ഏതെങ്കിലും പ്രദേശങ്ങളിൽ മാത്രം കേന്ദ്രീകരിക്കപ്പെടുന്നുണ്ട്. ഗ്രാമസഭയിൽ നിന്നു വന്ന ചർച്ചകൾ ഇത് വ്യക്തമാക്കുന്നു. കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിവരം താഴെ കൊടുക്കുന്നുണ്ട്.

വായ്പാ സഹായങ്ങൾ

മുഴക്കുന്ന് സർവ്വീസ് സഹകരണബേങ്ക് വഴി

ക്രമ നമ്പർ	പാടശേഖരത്തിന്റെപേർ	വിസ്തൃതി	കൃഷിക്കാരുടെ	1995-96-ൽ നെൽകൃഷിക്ക്		
				ഒന്നാം വിള	രണ്ടാംവിള	മൂന്നാം വിള
1	കിഴക്കോവയൽ	10ഹെ.	64	2500 രൂ.	13756	-
2	നല്ലൂർ	6	20	1500	1500	4506
3	പാല	10	73	2500	2500	-
4	പാലപ്പുഴ	12	49	3000	3000	-
5	ഗുണ്ഡിക	11.6	43	2900	2625	750
6	കടുക്കാപ്പാലം	15	70	3750	3625	-
7	മുടക്കോഴി	15.4	75	3850	3850	-
8	അമ്പലമടക്ക്	5	36	1250	1425	-
9	ആവിലംവിളക്കോട്	5.4	28	-	1350	-

അവലംബം: കൃഷിഭവൻ, നടീൽവസ്തുക്കളുടെ വിതരണ രജിസ്റ്റർ

ഇനം	93-94	94-95	95-96
തെങ്ങ്	868	270	1180
കശുമാവ്	5220	1250	1250
കുരുമുളക്	6900	5100	5000
കവുങ്ങ്	300	-	-
മാവ്	188	50	-
ജാതിക്ക	40	-	-
പേര	25	-	-
സപ്പോട്ട	3	-	-
നേന്ത്രവാഴ വിത്ത്	4000	-	-
ഇഞ്ചിവിത്ത്	500	-	-
പച്ചക്കറി പാക്കറ്റ് (സ്കൂൾ വിദ്യാർത്ഥികൾക്ക്)	500	750	750

35,78,600 രൂപ കൃഷിയിനത്തിൽ വായ്പ നൽകിയിട്ടുണ്ട്. ഇത് കൂടാതെ നല്കിയിട്ടുള്ള മറ്റ് വായ്പകളെ സംബന്ധിച്ച് ചുവടെ ചേർക്കുന്നു.

1. ആടുവളർത്തൽ (ഒപ്പെക്) -	1,07,000 രൂപ
2. സെറി കൾച്ചർ -	4200 രൂപ
3 റബ്ബർ കൃഷി -	31883 രൂപ
4. കിണർ, പമ്പ്സെറ്റ് -	1,77,600 രൂപ
5. റബ്ബർ റോളർ -	26,000രൂപ
6. ഭൂവികസനം (കയ്യാല) -	47242 രൂപ

മേൽപ്പറഞ്ഞ വായ്പകൾ കൂടാതെ കാക്കയങ്ങാട് ഗ്രാമീൺ ബാങ്കും കൃഷിയിനത്തിൽ ധാരാളം വായ്പകങ്ങൾ നല്കിവരുന്നുണ്ട്.

പ്രശ്നങ്ങൾ

1. നെൽവയലുകൾ നികത്തി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. കൃഷിച്ചിലവിലെ വർദ്ധന, രാസവള-കീടനാശിനികളുടെ അമിതമായ വിലവർദ്ധന, ജൈവവളത്തിന്റെ അഭാവം, ജലസേചന സൗകര്യക്കുറവ്, തൊഴിലാളിക്ഷാമം, പ്രത്യക്ഷലാഭമില്ലായ്മ, സൗകര്യപ്രദമായി വീടുകൾ നിർമിക്കൽ ഇവയാണ് കാരണം.

2. തെങ്ങ് കൃഷിയിൽ വിസ്തൃതി കൂടുന്നുണ്ടെങ്കിലും ഉല്പാദനക്ഷമതയും ഉല്പാദനവും കുറഞ്ഞു വരുന്നു. നല്ലയിനം നടീൽ വസ്തുക്കളുടെ അഭാവം, ജലസേചനസൗകര്യമില്ലായ്മ, മേൽമണ്ണ് നഷ്ടമാവുന്നതുകൊണ്ട് ഫലഭൂയിഷ്ടതയില്ലാത്തത്, വരൾച്ച, രോഗങ്ങൾ ഇവയാണ് കാരണങ്ങൾ.

3. കവുങ്ങ് കൃഷി ഉയർന്ന ചരിവുപ്രദേശങ്ങളിൽ കുറയുകയും വയൽപ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു. ഉയർന്ന പ്രദേശങ്ങളിൽ ജലാംശം കുറയുന്നതും, രോഗങ്ങൾ മൂലം നശിക്കുന്നതും ഇതിനു കാരണമാണ്. കൂടാതെ കരപ്രദേശത്തെ അപേക്ഷിച്ച് വയൽപ്രദേശത്ത് കവുങ്ങ് വേഗത്തിൽ വളരുകയും മികച്ച വിളവുകൾ നല്കുകയും ചെയ്യുന്നു.

4. കുരുമുളക് കൃഷി ഗുരുതരമായ പ്രതിസന്ധിയെ നേരിടുന്നു. രോഗങ്ങളും, മണ്ണിന്റെ വളക്കുറവും, കൃത്യമായ പരിചരണമില്ലായ്മയുമാണ് കുരുമുളക് കൃഷിയെ ബാധിക്കുന്നത്.

5. നാണ്യവിളകളിൽ മുഖ്യവരുമാന മാർഗ്ഗമായ കശുമാവ് കൃഷി കുറഞ്ഞു വരുന്നു. പകരം റബ്ബർ കൃഷി വ്യാപിക്കുന്നു. തടിതുരപ്പൻ പോലുള്ള രോഗങ്ങളും, വർഷത്തിൽ ഒരു സീസണിൽ മാത്രമേ ആദായം ലഭിക്കുന്നുള്ളൂ എന്നതുകൊണ്ടും, മറ്റ് നാണ്യവിളകൾ ആ മേഖലയിൽ സ്ഥാനം പിടിക്കുന്നതുകൊണ്ടുമാണ് കശുമാവ് കൃഷി കുറയുന്നത്. ഉല്പാദന ക്ഷമതയിൽ കുറവുണ്ടാകുന്നുമുണ്ട്.

6. ഭക്ഷ്യമമേഖലയിൽ ഒരു കാലത്ത് മുൻപന്തിയിൽ നിന്നിരുന്ന കിഴങ്ങുവർഗ്ഗകൃഷികൾ, പയർകൃഷി, ഫലവർഗ്ഗങ്ങൾ എന്നിവ കുറഞ്ഞു വരുന്നു. വയലുകൾ

ചുരുങ്ങിവരുന്നതും, മുമ്പ് കിഴങ്ങു വർഗ്ഗങ്ങൾ കൃഷി ചെയ്തിരുന്ന തരിശുഭൂമികൾ ഇന്ന് കൃഷിഭൂമികളായി മാറിയതും, ശുഷ്കാന്തിക്കുറവും ഒക്കെ ഇതിനു കാരണമായിട്ടുണ്ട്.

7. കാർഷികമേഖലയിൽ തൊഴിലാളികളുടെ ലഭ്യത (പ്രത്യേകിച്ചും സ്ത്രീതൊഴിലാളികളുടെ) വളരെ കുറവാണ്. നിർമാണത്തൊഴിലാളികൾക്കുള്ള വേതനവർദ്ധനവാണ് ഇതിന് മുഖ്യകാരണം. കൃഷിമേഖലയിൽ സ്ഥിരം തൊഴിൽ ലഭിക്കായ്കയും കാരണമാകുന്നുണ്ട്. സമൂഹത്തിൽ മറ്റ് തൊഴിലുകൾക്കുള്ള സ്ഥാനം കൃഷിക്ക് കല്പിക്കപ്പെടുന്നില്ല എന്നതും കാരണമാണ്.

8. ശാസ്ത്രീയ കൃഷിരീതിയുടെ അപര്യാപ്തത ഉല്പാദനത്തിലും ഉല്പാദന ക്ഷമതയിലും കുറവുവരുത്തുന്നതോടൊപ്പം, കൃഷിച്ചെലവുകൾ വർദ്ധിക്കുന്നതിനും കാരണമാകുന്നു.

9. വിവിധ വിളകളുടെ നല്ലയിനം വിത്തുകൾ ആവശ്യാനുസരണം ലഭ്യമല്ല.

10. അമിതമായ കീടനാശിനി പ്രയോഗവും, യുക്തിസഹമല്ലാത്ത രാസവളപ്രയോഗവും മണ്ണിന്റെ ഗുണത്തിലും ഘടനയിലും വിപരീതമായ ഫലമുണ്ടാക്കി.

11. വിവിധയിനം രോഗങ്ങൾ (തെങ്ങിന് കൂമ്പുചീയൽ, കറ ഒലിക്കിൽ തുടങ്ങിയവ ഉദാ:) വിളകളെ സാരമായി ബാധിക്കുന്നു. വിപുലമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഇല്ല.

12. ജോലി ചെയ്യുന്നതിൽ കാര്യക്ഷമതയും സമയനിഷ്ഠയും കൂലിനിരക്കിൽ ഏകീകരണവുമില്ല.

13. എലികൾ കാരണം വിളകൾ ധാരാളമായി നശിച്ചുപോകുന്നു.

14. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നത് സ്വകാര്യ കച്ചവടക്കാരെ ആശ്രയിച്ചാണ്. അതിനാൽ ഉല്പന്നങ്ങൾക്ക് വിലക്കുറവ് അനുഭവപ്പെടുന്നു.

15. മഴക്കാലത്ത് വെള്ളപ്പൊക്കവും, വേനൽക്കാലത്ത് വെള്ളം കിട്ടാത്ത അവസ്ഥയും അനുഭവപ്പെടുന്ന കൃഷിയിടങ്ങൾ ധാരാളമുണ്ട്. യുക്തമായ സ്ഥലജല മാനേജ്മെന്റിന്റെ അഭാവമാണണ് ഇതിന് വഴിവെക്കുന്നത്. ഇവിടങ്ങളിൽ കൂടിയ അളവിലുള്ള മണ്ണൊലിപ്പ് നേരിട്ട് അനുഭവപ്പെടുന്നു.

16. ജലസേചന സൗകര്യങ്ങളില്ലായ്മ എല്ലാ കൃഷികളേയും ബാധിക്കുന്നു. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് നെല്ലിനെയാണ്.

17. കൃഷിഭവനുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് സമയങ്ങളിൽ കൃഷിക്കാരെ അറിയിക്കാനുള്ള സംവിധാനങ്ങളില്ല. കൃഷിഭവനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ ബോധവും എല്ലാ കൃഷിക്കാർക്കും ഇല്ല.

18. കൃഷിഭവനുകളുടെ കീഴിലുള്ള പാടശേഖര സമിതികൾ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല - മറ്റ് സമിതികളും വേണ്ടത്ര ജാഗ്രത കാട്ടുന്നില്ല.

സാധ്യതകൾ

1. നീർത്തൽ അടിസ്ഥാനത്തിലുള്ള സമഗ്രമായ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

2. കൃഷിമേഖലയിൽ യന്ത്രവത്ക്കരണം (നെൽകൃഷിക്ക് പ്രത്യേകിച്ചും) സാധ്യമാകും വിധം നടപ്പിലാക്കുക - നെൽകൃഷിയിൽ നിന്നുള്ള പിന്തിരിയലിന് ഇത് ഒരു പരിധിവരെ പരിഹാരമാകും.

3. ഇന്ന് നിലവിലുള്ള ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം പോരായ്മകൾ പരിഹരിച്ച് ശക്തിപ്പെടുത്തണം.

4. ഓരോ പ്രദേശത്തും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലും പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായും ഉള്ള കൃഷിരീതി അവലംബിക്കണം.

5. അത്യുത്പാദനശേഷിയുള്ള വിത്തുകൾ ലഭ്യമാക്കണം.

6. നെൽകൃഷിക്ക് പരമാവധി പ്രോത്സാഹനം നല്കണം. സാമ്പത്തിക സഹായങ്ങൾ വർദ്ധിപ്പിക്കണം. എന്നാൽ സഹായങ്ങൾ അർഹമായവർക്കു മാത്രമേ കിട്ടുന്നുള്ളൂ എന്ന് ഉറപ്പുവരുത്തണം.

7. ജൈവവളങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. രാസ- കീടനാശിനികൾക്ക് പകരം പരമാവധി ജൈവകീടനാശിനികൾ ഉപയോഗിക്കുക.

8. വയൽ നികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് മേലിൽ കർശനമായി തടയുക.

9. ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം തെങ്ങിൻ തോപ്പുകളിൽ ഇടവിളകൃഷികളും പ്രോത്സാഹിപ്പിക്കുക.

10. ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടി മാറ്റി ആവർത്തനകൃഷിക്കാവശ്യമായ സംവിധാനം ഉണ്ടാക്കുന്നതോടൊപ്പം, നല്ലയിനം നടീൽ വസ്തുക്കൾ കിട്ടാനുള്ള സാധ്യതയും ഉറപ്പുവരുത്തുക.

11. വിളപരിപാലനത്തിനാവശ്യമായ ബോധവൽക്കരണം വ്യാപകമാക്കുക.

12. കുരുമുളകിന്റെ ദ്രുതവാട്ടം പോലുള്ള രോഗങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും, കീടനാശിനികൾ ഉപയോഗിക്കുന്നതു സംബന്ധിച്ചും പരിചരണരീതികളെക്കുറിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക.

13. കശുമാവ് കൃഷി പോഷിപ്പിക്കുന്നതിന് നല്ലയിനം തൈകൾ വിതരണം ചെയ്യുക.

14. പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുകയും, അടുക്കളത്തോട്ടങ്ങളും, കൂട്ടുകൃഷിയും നടത്തുന്നതിന് പഞ്ചായത്തു തലത്തിൽ വിത്തുകൾ ശേഖരിച്ച് നല്കുകയും ചെയ്യുക. ഓരോ ഇനങ്ങളും കൃഷി ചെയ്യേണ്ടുന്ന രീതികൾ കൃഷിക്കാരന് ബോധ്യമാക്കിക്കൊടുക്കുക.

15. കൃഷി നശിപ്പിക്കുന്ന എലികളെ ഇല്ലായ്മ ചെയ്യുന്നതിന് സമഗ്രമായ എലി നശീകരണ പ്രവർത്തനങ്ങൾ ഒരു (1) ആഴ്ചക്കാലം പഞ്ചായത്തിൽ മുഴുവൻ നടത്തുക.

16. ജലസേചനം സാധ്യമാവുന്നിടങ്ങളിലെല്ലാം ഔഷധക്കൃഷി പരിപോഷിപ്പിക്കുക. ഇതോടൊപ്പം സാധ്യതയ്ക്കനുസരിച്ച് പുഷ്പകൃഷിയും വിപുലപ്പെടുത്തുക.

17. സൗജന്യവിള ഇൻഷുറൻസ് നടപ്പിലാക്കുക.

18. കൃഷിത്തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പഞ്ചായത്തു തലത്തിൽ നിജപ്പെടുത്തുകയും - തൊഴിലിന് ഉയർന്ന മാന്യത കല്പിക്കപ്പെടും വിധം സമൂഹമനസ്സിനെ മാറ്റിയെടുക്കുകയും ചെയ്യുക.

19. ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണി സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക. ഇതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആഴ്ചച്ചന്തകൾ തുടങ്ങാം.

20. പ്രകൃതിക്ഷോഭം മൂലം കൃഷി നശിക്കുന്നവർക്ക് തക്കസമയത്ത് ആശ്വാസങ്ങൾ നല്കുക.

21. പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും നിലവിലുള്ള സമിതികളും അയൽക്കൂട്ടങ്ങലും പ്രയോജനപ്പെടുത്തി എല്ലാ വീട്ടിലും പച്ചക്കറികൃഷി നടത്തുക. അതോടൊപ്പം കൃഷിഭവൻ വിവരങ്ങൾ കർഷകരിലെത്തിക്കാൻ സംവിധാനം ഉണ്ടാക്കുക.

22. രോഗങ്ങൾ കണ്ടെത്തുകയും പ്രശ്നപരിഹാര സാധ്യത വിലയിരുത്തുകയും വേണം.

23. കൃഷിഭവനുകളുടെ കീഴിലുള്ള വിവിധ സമിതികളുടെ പ്രവർത്തനം ഊർജ്ജസ്വലവും കാര്യക്ഷമവുമാക്കുക.

24. കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കുന്ന അസംസ്കൃതഉല്പന്നങ്ങൾ, ഉപഭോഗ ഉല്പന്നങ്ങളാക്കുന്നതിന് വ്യവസായ വകുപ്പുമായി ബന്ധപ്പെടുകയും കർഷകന് കൂടുതൽ ലാഭം കൊയ്യാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.

25. കാർഷിപ്രവർത്തനങ്ങൾക്ക് വായ്പാസൗകര്യങ്ങൾ വിപുലപ്പെടുത്തുകയും, ലളിതമാക്കുകയും ചെയ്യുക.

26. പഞ്ചായത്തിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്തി പറ്റാവുന്ന സ്ഥലങ്ങളിലെല്ലാം കൃഷിനടത്തുക. (പഞ്ചായത്ത് സ്റ്റേഡിയത്തിനടുത്തുള്ള 18 തെങ്ങുകൾ സംരക്ഷിക്കാൻ നടപടിയെടുക്കുക.)

27. വിദ്യാലയങ്ങളും ക്ലബ്ബുകളുമൊക്കെയായി ബന്ധപ്പെട്ട് കാർഷിക മത്സരങ്ങൾ സംഘടിപ്പിക്കുക.

ജലസേചനം

സർക്കാർ ചെലവിൽ കൃഷിവകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പന്ത്രണ്ട് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതികൾ നിലവിലുണ്ട്. ഇതിൽ പാലപ്പുഴ, പെരുമ്പുന്ന എന്നിവ പണി പൂർത്തിയായി. നല്ലൂരിൽ 95% പണിയും പൂർത്തീകരിച്ചു. ബാക്കി പണികൾ നടന്നുകൊണ്ടിരിക്കുന്നു. എടത്തൊട്ടിയിൽ അടിഭാഗം പാറയായതിനാൽ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ഇവയിൽ പല പ്രവൃത്തികളും നിർദ്ദേശിക്കപ്പെട്ട തരത്തിലല്ല നടന്നിട്ടുള്ളത്. ഇക്കാര്യത്തിൽ കുറ്റകരമായ അപാകത ഉണ്ടായിട്ടുണ്ട്. മേലിലുണ്ടാവുന്ന പദ്ധതികൾക്കെങ്കിലും ഈ അവസ്ഥ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പദ്ധതികളെ സംബന്ധിച്ച് വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മുകളിൽ പറഞ്ഞ പദ്ധതികളിൽ മൂന്ന് എണ്ണം പണി

സ്ഥലം	സബ്സിഡി	അനുവദിച്ചതുക	തുടങ്ങിയ വർഷം	ഇപ്പോഴത്തെ സ്ഥിതി	വിസ്തീർണ്ണം	കർഷകരുടെ എണ്ണം
പാലപ്പുഴ	84144 രൂപ	98996രൂപ	1993-	94 പൂർത്തിയായി	6.78 ഹെ.	11
പെരുമ്പുന്ന	78625 രൂപ	92500 രൂപ	1993-	94 പൂർത്തിയായി. ഉപയോഗം തുടങ്ങിയിട്ടില്ല	6.10 ഹെ.	15
അമ്പലമുക്ക്	76925 രൂപ	90500രൂപ	1993-	94 "	5.40 ഹെ.	12
പാല	84855രൂപ	99865രൂപ	1993-	94 പൂർത്തിയായിട്ടില്ല.	5.05ഹെ.	14
എളോഞ്ഞി	84956രൂപ	99949രൂപ	1993-	94 "	9.06ഹെ.	13

പൂർത്തിയായെങ്കിലും ഉപയോഗിച്ചുതുടങ്ങിയിട്ടില്ല. കറണ്ട് കണക്ഷൻ കിട്ടാത്തതുകൊണ്ടാണ് ഇവ ഉപയോഗിക്കാൻ സാധിക്കാത്തത്. പാലപ്പുഴ, പെരുമ്പുന്ന പദ്ധതികൾക്ക് ടാങ്ക് നിർമിച്ചിട്ടില്ല. കുളം, പമ്പ്സെറ്റ്, പമ്പ്ഹൗസ് എന്നിവയാണ് ഉള്ളത്. ബാക്കി മൂന്നെണ്ണത്തിനും കുളം, പമ്പ്ഹൗസ്, പമ്പ്സെറ്റ്, ടാങ്ക് എന്നിവയുണ്ട്. 94-95, 95-96 വർഷങ്ങളിൽ അനുവദിക്കപ്പെട്ട പദ്ധതികളെ സംബന്ധിച്ച് ചുവടെ പട്ടികപ്പെടുത്തുന്നു.

ജലസംരക്ഷണത്തിന്റെ ഭാഗമായി പാലത്തോട്ടിൽ കല്ലടിക്കാവ്, ചേന്തോട്, ചാറത്തോട്, ഗുണ്ണികത്തോട് തുടങ്ങിയ പദ്ധതികളാണ് വി.സി.ബി. (ശVented CCross Bar) മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ളത്. ഇവയൊന്നും തന്നെ പ്രവർത്തനക്ഷമമല്ല. വി.സി.ബി. പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; ചേണുംമോത്ത്, പാലത്തോട്ടിൽ പാലപ്പറമ്പ് ഭാഗം എന്നിവയാണ്. ഇതിന് ഒന്നുമുതൽ ഒന്നര ലക്ഷംരൂപ വരെ ചിലവുവരും. മുകളിൽപ്പറഞ്ഞ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനുപുറമേ ആറുതോടുകളും അവയിൽ വന്നുചേരുന്ന മറ്റനേകം ചെറുതോടുകളും വേണ്ടവിധം ഉപയോഗപ്പെടുത്തുകയാണെങ്കിൽ നെൽകൃഷിയുടെ വിസ്തൃതി ഇന്നുള്ളതിനേക്കാൾ മൂന്നോ നാലോ മടങ്ങ് വർദ്ധിപ്പിക്കാൻ കഴിയും. കൂടാതെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി വയൽ പ്രദേശത്ത് നെൽകൃഷി ചെയ്യുന്നതിനായി 25 കുളങ്ങൾ ആവശ്യമുള്ളതായി വിവിധ

സ്ഥലം	തുടങ്ങിയ വർഷം	അനുവദിച്ച തുക(രൂപ)	സബ്സിഡി (രൂപ)	വിസ്തീണ്ണം (ഏക്ര)	തെങ്ങുകളുടെ എണ്ണം	കർഷകരുടെ എണ്ണം	ഇപ്പോഴത്തെ സ്ഥിതി
എടത്തോട്ടി	94-95	1,85,914	1,58,066	25.37	1438	13	പ്രവൃത്തി നിർത്തിവെച്ചു. അടി പാറയായതുകൊണ്ട്.
ഊർപ്പാൽ	94-95	1,28,000	1,08,000	15.08	1046	14	പൂർത്തിയായിട്ടില്ല.
നല്ലൂർ	94-95	1,58,839	1,35,013	18.65	810	13	95%പണി പൂർത്തിയായി.
കൂടലാട്	94-95	1,67,000	1,41,950	22.47	1230	13	പൂർത്തിയായിട്ടില്ല.
ഈസ്റ്റ് നല്ലൂർ	95-96	1,75,710	1,48,843	22.63	940	18	പ്രവൃത്തി പുരോഗമിക്കുന്നു.
പുല്ലാഞ്ഞ്യാട്ട്	95-96	1,58,597	1,34,807	7.26	1150	11	പൂർത്തിയായിട്ടില്ല.
കേരളം	94-95	1,44,500	1,22,825	19.1	1535	17	പൂർത്തിയായിട്ടില്ല.

ഗ്രാമസഭകളിലൂടെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. കരപ്രദേശത്ത് കൃഷി ചെയ്യുന്ന വിവിധയിനം വിളകൾക്കായി കുളങ്ങളും കിണറുകളും കുഴിക്കുന്നതിനും പമ്പിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനും വേണ്ട സഹായങ്ങൾ കർഷകർ പ്രതീക്ഷിക്കുന്നു.

പ്രശ്നങ്ങൾ

1. പൂർത്തീകരിച്ച പദ്ധതികൾ ഉപയോഗിക്കാൻ സാധിക്കുന്നില്ല. വൈദ്യുതി ലഭിച്ചിട്ടില്ല. എന്നതാണ് കാരണം.

2. പദ്ധതികൾ പലതും വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാതെ കിടക്കുന്നു.

3. നിർദ്ദേശിക്കപ്പെടുന്ന അളവിൽ പണി പൂർത്തിയാക്കുന്നില്ല എന്നത്.

4. V.C.B. മുഖാന്തിരം നടപ്പാക്കിയ പദ്ധതികൾ ഉപയോഗശൂന്യമായിരിക്കുന്നു.

5. പദ്ധതികൾ തിരഞ്ഞെടുക്കുമ്പോൾ സാധ്യതകൃത്യമായി വിലയിരുത്തപ്പെടുന്നില്ല. 94-95-ൽ എടത്തൊട്ടിയിൽ നടപ്പിലാക്കിയ പദ്ധതിയുടെ സ്ഥിതി പരിശോധിക്കുക.

സാധ്യതകൾ

1. നിലവിലുള്ള ഉപയോഗിക്കാത്ത V.C.B.കൾ പരിശോധിച്ച് പുനർനിർമ്മാണം നടത്തുക.

2. നാടൻ രീതിയിലുള്ള താല്ക്കാലിക ചെക്ക്ഡാമുകൾ പ്രധാനതോടുകളിൽ നിർമിക്കുക.

3. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാൻ ബാക്കിയുള്ളവ പൂർത്തീകരിക്കുകയും പൂർത്തീകരിച്ചവ വൈദ്യുതി സംവിധാനങ്ങൾ ഏർപ്പെടുത്തി പ്രവർത്തിപ്പിക്കുക.

4. പദ്ധതിപ്രവർത്തനങ്ങൾ ഉദ്ദേശിച്ചരീതിയിലാണോ നടന്നിട്ടുള്ളത് എന്ന് പരിശോധിക്കുകയും, അല്ലായെങ്കിൽ പോരായ്മകൾ തിരുത്തുക.

5. കൃത്യമായി സ്ഥലവും സാധ്യതയും പരിശോധിച്ച് മാത്രം പദ്ധതികൾ അനുവദിക്കുക. അനേകായിരം രൂപയുടെ നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കാൻ. ഇക്കാര്യം ഗൗരവത്തോടെ കാണേണ്ടതുണ്ട്.

6. കോരച്ചൻ വീട്ടിൽ തോട് മുതൽ മാക്കോത്ത് താഴെ വരെയുള്ള തോട് ഇരുവശവും കെട്ടിസുരക്ഷിതമാക്കുക. കോരോത്ത് താഴെ, നല്ലൂർ എന്നിവിടങ്ങളിൽ കുളം ഒഴിച്ച് നെൽകൃഷിച്ച് ഉപയുക്തമാക്കുക.

7. ഗുണ്ണിക-കടുക്കാപ്പാലംതോട്, മുഴക്കുന്ന കടുക്കാപ്പാലം തോട് ഇവയുടെ ഇരുഭാഗവും കെട്ടിനെൽക്കൃഷിക്ക് ഉപയോഗ്യമാക്കുക. കൂടാതെ പാലാവയൽ, കാഞ്ഞിരവയൽ പ്രദേശത്ത് കുളം കുഴിച്ച് നെൽകൃഷിക്ക് ഉപയോഗ്യമാക്കുക.

8. ചേണുംമോത്ത്-ഗുണ്ണികത്തോട് എന്നിവ ഇരുപുറവും കെട്ടി നെൽകൃഷിക്ക് ഉപയോഗപ്പെടുത്തൽ. ചെറുവയൽ, നൂഞ്ഞിക്കുണ്ട്, മാനിയിൽത്താഴെ, നെയ്യളം, ഗ്രാമം, കിഴക്കെവയൽ, കിഴക്കേപ്പറമ്പ് (പുരളിമലയിൽ കിഴക്കേപ്പുരയിൽ), വാഴെലെപ്പറമ്പ്, നാരങ്ങാട്ടുവയൽ എന്നിവിടങ്ങളിൽ കുളം കുഴിക്കൽ.

9. കാക്കയങ്ങാട് മുതൽ പാലപ്പുഴ വരെയുള്ള തോട് ഉപയുക്തമാക്കുക. പാറമേൽ ഭാഗത്ത് ഇടത്തൊട്ടിയിൽ നിന്ന് 100 മീറ്റർ മാറി പുല്ലാഞ്ഞോട് ഉന്മത്തംകണ്ടി ഭാഗത്ത് കുളവും പമ്പുസെറ്റും.

10. കാക്കയങ്ങാട്-കൂരാറ്റിൽ അമ്പലത്തിനുതാഴെ ഭാഗം, ചേന്തോട്ടിൽ താഴെ വയലിനുവടക്കുഭാഗം കുളവും പമ്പുസെറ്റും സ്ഥാപിക്കുക പെരുമ്പുന്നയിൽ നിലവിലുള്ള കുളം മുഴുവൻ കർഷകർക്കും ഉപയോഗപ്പെടുത്തുക.

11. പാല-പുല്ലാഞ്ഞോട് തോട് സംരക്ഷിക്കുകയും അണക്കെട്ട് ഉപയോഗപ്രദമാക്കുകയും ചെയ്യാം. മടത്തിമൂല, ചെതുമ്പൽ, പുല്ലാഞ്ഞോട് എന്നിവിടങ്ങളിൽ കുളം കുഴിച്ച് പമ്പ്സെറ്റ് സ്ഥാപിക്കണം.

12. തൊണ്ടങ്കുഴിത്തോട്, ആവിലം വിളക്കോട് പ്രദേശത്തെ ചെപ്പംവയൽത്തോട് എന്നിവ ഇരുഭാഗവും കെട്ടി സംരക്ഷിക്കുക. കായപ്പനിച്ചി, വളയങ്ങാട്, വിളക്കോട്, പാളയങ്ങാട്ട് എന്നിവിടങ്ങളിൽ കുളംകുഴിക്കുക. വിളക്കോട് പഞ്ചായത്തുകുളം സംരക്ഷിക്കുക.

13. വിളക്കോട് പള്ളിക്കുതാഴെയും, കുന്നത്തൂർ ഭാഗത്തും ഗ്രൂപ്പടിസ്ഥാനത്തിൽ വലിയ കുളങ്ങൾ കുഴിച്ച് ജലസേചനസൗകര്യം ഏർപ്പെടുത്തുക. വിളക്കോട് സ്കൂളിനു പിന്നിലുള്ള കുളം വൃത്തിയാക്കി ജലസേചനയോഗ്യമാക്കുക.

14. ചാക്കാട് മുതൽ പുഴവരെയുള്ള തോട്, ചാക്കാട് PWD റോഡുമുതൽ വിളക്കോട് പള്ളിവരെയുള്ള തോട്, ഉവ്വാപ്പള്ളി കുളക്കോഴി മൂലമുതൽ PWD റോഡു വരെയുള്ള തോട് എന്നിവ വൃത്തിയാക്കി കൃഷിക്കുപയോഗിക്കുക.

15. വിളക്കോട് ചെപ്പം വയൽ പ്രദേശത്ത് നെൽകൃഷിയാവശ്യത്തിന് കുളവും പമ്പുസെറ്റും. മിച്ചഭൂമികൃഷിക്കുപയോഗിക്കുന്നതിന് പിഞ്ഞാണപ്പാറത്തട്ടിൽ ഒരു കിണർ. പിഞ്ഞാണപ്പാറക്കോറയെ ജലസംഭരണത്തിനും ജലസേചനത്തിനും ഉപയോഗിക്കുക. ചെതു


മ്പൽതാഴെ ചാമ്പ്രഞ്ചാൽ പ്രദേശത്ത് ചെക്ക്ഡാം നിർമ്മിക്കുക.

16. മേൽപ്പറഞ്ഞ തോടുകളും കുളങ്ങളും സംരക്ഷിച്ച് പരമാവധി കൃഷിക്കുപയോഗിക്കുന്നതിന് സംരക്ഷണസമിതികൾ രൂപീകരിക്കുക.

17. തോടുകൾക്ക് തടയണകളും, ജൈവതടയണകളും കെട്ടുകയും ജലസേചനം നടത്തുകയും ചെയ്യുക. ഇത് ജനകീയസമിതികൾ വഴി നടപ്പാക്കുക.

18. മഴക്കാലത്ത് ചിറകൾ പൊട്ടിയൊഴുകി കൃഷിനാശം സംഭവിക്കുന്നത് തടയുക.





മൃഗസംരക്ഷണവും മനുഷ്യജീവനവും

മുൻ കാലങ്ങളിൽ മൃഗപരിപലനരംഗത്ത് പഞ്ചായത്തിന്റെ സ്ഥിതി ഇന്നത്തേതിൽ നിന്നും വ്യത്യസ്തമായിരുന്നു. ജന്മിവ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് ഓരോ ജന്മിഗൃഹങ്ങളോടും അനുബന്ധിച്ച് പത്തും പതിനഞ്ചും കന്നുകാലികളുണ്ടായിരുന്നു. ഇവയെല്ലാം നാടൻ ഇനങ്ങളായിരുന്നു. അന്ന് കന്നുകാലികളുടെ സംരക്ഷണത്തിന് പ്രധാനമായും ആശ്രയിച്ചിരുന്നത് മേച്ചിൽ സ്തലങ്ങളെയായിരുന്നു. അക്കാലത്ത് പഞ്ചായത്തിന്റെ ഒട്ടുമിക്ക ഭാഗങ്ങളും കാടുകൾ നിറഞ്ഞതായിരുന്നു. കന്നുകാലികളെ കൂട്ടത്തോടെ തെളിച്ച് കാട്ടിലേക്ക് വീടുകയാണ് പതിവ്. വൈകുന്നേരമാവുമ്പോഴേക്കും ഇവ തിരിച്ച് തൊഴുത്തിലെത്തിച്ചേർന്നിരിക്കും. ധാരാളം കന്നുകാലിക്കൂട്ടങ്ങൾ മേഞ്ഞിരുന്നതിനാൽ ഇണ ചേർക്കൽ ഒരു പ്രശ്നമേ ആയിരുന്നില്ല. ഗർഭിണികളായപശുക്കൾ കാട്ടിൽ പ്രസവിച്ചു കിടന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

ഓരോ വീടിനോടും അനുബന്ധിച്ച് കന്നുകാലികളെ സംരക്ഷിക്കുന്നതിന് ഇടയച്ചെറുക്കന്മാർ ഉണ്ടായിരുന്നു. ഇവർ അധികവും കുടിയാന്മാരുടെ മക്കളായിരുന്നു. ജന്മിമാർക്കു പുറമെ കുടിയാന്മാരും കൃഷി ലക്ഷ്യം വെച്ച് ആടുമാടുകളെ വളർത്തിയിരുന്നു.നരി, പുലി, തുടങ്ങിയ കാട്ടുമൃഗങ്ങളുടെ ഭീഷണിയുള്ളതിനാൽ മുഴുവൻ തൊഴുത്തുകളും അഴുക്കുകളായിരുന്നു. ധനശേഷിയുള്ളവർ ജാതി കൊണ്ടും മറ്റുള്ളവർ കവുങ്ങിന്റെ വാരികൊണ്ടുമാണ് ആലയ്ക്ക് കൂടുതീർത്തിരുന്നത്. നിലം ഉഴുതിരുന്നത് കാളപ്പൂട്ടുകൾ കൊണ്ടായിരുന്നു. പശുക്കൾ ധാരാളമായുണ്ടെങ്കിലും പാലിന്റെ ഉല്പാദനം ഇതിന് ആനുപാതികമായി ഉയർന്നിട്ടില്ല.

കാലികൾക്ക് രോഗം വന്നാൽ പാരമ്പര്യ വൈദ്യന്മാരുടെ സഹായമാണ് ലഭിച്ചിരുന്നത്. പച്ചിലച്ചാറുകളും മറ്റുമുപയോഗിച്ചാണ് ചികിത്സ നടത്തിയിരുന്നത്. തച്ചുഴിയൽ പോലുള്ള മന്ത്രവാദങ്ഹളും ചികിത്സയുടെ ഭാഗമായി നിലവിലുണ്ടായിരുന്നു.

ഭൂപരിഷ്ക്കരണകാലത്തോടടുപ്പിച്ച്സ്ഥിതിയിൽ മാറ്റംകണ്ടു തുടങ്ങി. തുടർച്ചയായി പുനംകൊത്തി, കാടുകൾ വെട്ടിത്തെളിച്ച് കൃഷിഭൂമിയാക്കിമാറ്റി. കാടുകൾ കുറഞ്ഞതോടെ മേച്ചിൽ സ്ഥലങ്ങളും കുറഞ്ഞു. കൃഷിസ്ഥലങ്ങൾകൂടി വരികയും തുണ്ടം തുണ്ടമാവുകയും ചെയ്തതോടെ ഓരോ കൃഷിക്കാരനും അവരവരുടെ സ്വത്തുക്കൾ വേലികെട്ടി സംരക്ഷിച്ചു നിർത്തി. ഇതോടെ കാലി മേച്ചിലിന് കൂടുതൽ നിയന്ത്രണം വന്നു.കാലിച്ചെറുക്കന്മാർ കാലികളെ കൂട്ടത്തോടെ തെളിച്ച് കുന്നുകളിൽ കൊണ്ടുപോയി മെയ്ക്കാൻ തുടങ്ങി. എന്നാൽ ഇതും അധികകാലം നിലനിന്നില്ല. കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിച്ചു വന്നതോടെ കുന്നിൻ പ്രദേശങ്ങളും കൃഷിയിടങ്ങളായി മാറി. ഇതോടെ മൃഗപരിപാലനം ഗൗരമായ വിഷയമായി കാണാൻ നിർബന്ധിതമായി.

ഇന്നു പ്രധാനമായും പാൽ ഉല്പാദനം ലക്ഷ്യം വച്ചാണ് കാലികളെ വളർത്തുന്നത്. പഞ്ചായത്തിൽ ആകെ 2520 പശുക്കളും 458 കാളകളും ഉണ്ടെന്നാണ് 1987ലെ സെൻസസ് കണക്കുകൾ സൂചിപ്പിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പശുക്കളെ മിക്കവാറും വീട്ടു പറമ്പിൽ തന്നെ കെട്ടിയിട്ട് തീറ്റ കൊടുക്കുകയാണ് ചെയ്യുന്നത്. സ്ത്രീകളാണ് പശു പരിപാലനത്തിൽ കൂടുതൽശ്രദ്ധിക്കുന്നത്. വയലോര പ്രദേശങ്ങൾ വൈകുന്നേരമായാൽ ധാരാള സ്ത്രീകൾ വല്ലവുമായി പുല്ലരിയാൻ പോകുന്നത് കാണാം. വയലുകളിൽ നിന്ന് അരിഞ്ഞെടുക്കുന്ന പച്ചപ്പുല്ലും വൈക്കോലുമാണ്

ഇനം	പശു	സങ്കരം	മറ്റിനങ്ങൾ	പോത്ത്	എരുമ	ആട്	പന്നി	നായ	കോഴി	താറാവ്
ആൺ	85	*	373	3	174	-	-	-	-	-
പെൺ	502	*	2018	32	755	-	-	-	-	-
മികച്ചയി നം	324		1124	21	-	-	-	-	-	-
ആകെ	587		2391	34	929	60	462	8243	17	-

പ്രധാന ആഹാരം. കൂടാതെ മാർക്കറ്റിൽ ലഭ്യമായ പലയിനം കാലിത്തീറ്റകളും ഉപയോഗിക്കുന്നു. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി പിണ്ണാക്ക് ആഹാരമായി കൊടുക്കുന്നു. വയലിൽ കൃഷിയിറക്കുന്നതോടെ പച്ചപ്പുല്ലിന് ഭീമമായ ക്ഷാമം നേരിടുന്നു. പുതിയ കൃഷി ചെറിയ തോതിൽ മാത്രമേ ചെയ്തു വരുന്നുള്ളൂ.

പണ്ടു കാലത്ത് നാടൻ കന്നുകാലി ഇനങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന നാടൻ ഇനങ്ങളുടെ ലഭ്യത വളരെ കുറവാണ്. സങ്കരഇനങ്ങളാണ് കർഷകർ ഇഷ്ടപ്പെടുന്നതും മുമ്പത്തെ അപേക്ഷിച്ച് ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും സാദ്ധ്യതയ്ക്ക് അനുസരിച്ച് ഇക്കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടില്ല. പരിചരണച്ചിലവുകളുമായി താരതമ്യം ചെയ്യുമ്പോൾ പാലിന്റെ വില കുറവായതിനാൽ കർഷകർ നന്നേ ബുദ്ധിമുട്ടുന്നു.

വർദ്ധിച്ചു വന്ന ചെലവുകളും പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും ക്ഷാമവും മൂലം വളർത്തുന്ന കാലികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുമുണ്ട്. മാത്രമല്ല. നെൽകൃഷി കുറഞ്ഞതും രാസവളം ഉപയോഗിച്ചു തുടങ്ങിയതും കാരണം, വളത്തിന് വേണ്ടി കാലികളെപ്പോറ്റുക എന്ന ലക്ഷ്യം ഇല്ലാതായി. പോറ്റു ചിലവുകളെയും പാൽവിലകളെയും സംബന്ധിച്ച വിവരങ്ങൾ ചുവടെ.

പഞ്ചായത്തിൽ മൂന്ന് ക്ഷീര സഹകരണ സൊസൈറ്റികളാണുള്ളത്. ഇതിൽ എടത്തൊട്ടി ക്ഷീരോത്പാദനസഹകരണ സംഘം മാത്രമാണ് അല്പമെങ്കിലും കാര്യക്ഷമായിട്ടുള്ളത്. മറ്റു രണ്ടു സംഘങ്ങൾ ഒന്ന് തളിപ്പൊയിലും മറ്റൊന്ന് പാലപ്പുഴയിലുമാണ് പ്രവർത്തിക്കുന്നത്. തളിപ്പൊയിൽ ക്ഷീര സഹകരണ സംഘത്തിന് ശമ്പളത്തിന് പോലും തികയാത്ത അവസ്ഥയാണുള്ളത്. പാൽ സഹകരണ സംഘങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

ഇനം	അളവ്	വില
കാലിത്തീറ്റ-മൈസൂർ ഫീഡ്സ്	1Kg	5രൂപ
കാലിത്തീറ്റ-സുനന്ദിനി	1Kg	6.10രൂപ
തേങ്ങാപ്പിണ്ണാക്ക്	1Kg	7നും 8നും ഇടയിൽ
എള്ളിൻ പിണ്ണാക്ക്	1Kg	7നും 8നും ഇടയിൽ
വൈക്കോൽ	100 കറ്റ	300 രൂപ
പാൽ-സ്വകാര്യകച്ചവടക്കാർ	1ലിറ്റർ	9 രൂപ
പാൽ സഹകരണ സംഘം	1 ലിറ്റർ	10.50 രൂപ
നെയ്യ്	1 ലിറ്റർ	225 രൂപ
പശു സങ്കരയിനം	6 ലിറ്റർ	5000 രൂപ

I

1. സ്ഥാപനത്തിന്റെ പേര് - എടത്തൊട്ടി ക്ഷീരോല്പാദക സഹകരണ സംഘം
   ക്ലിപ്തം നമ്പർ L.107 (D)
2. പ്രവർത്തന പരിധി - മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് 4,5 വാർഡുകൾ
3. ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് -
4. പ്രവർത്തനം ആരംഭിച്ച വർഷം 26-12-1983 (Registration 22.3.1986)
5. ആകെ അംഗങ്ങൾ - 222
6. ഒരോഹരിയുടെ വില - 10 രൂപ
7. ഓഹരി മൂലധനം - 2220 രൂപ
8. സർക്കാർ ഓഹരിയുണ്ടോ? -
9. എങ്കിലെത്ര?
10 സ്ഥാപനത്തിന്റെ ചിലവുകൾ
1) ശമ്പളം - 1400/- condolidated
2) മറ്റു ചിലവുകൾ - 500 per month
11. മൊത്തം ശേഖരിക്കുന്ന പാൽ - 57819.800 Le per year
12. പഞ്ചായത്തിൽത്തന്നെ വില്ക്കുന്നത് - 57819.800 le
13. പുറത്തേക്കയക്കുന്നത് - Nil

II

1. സ്ഥാപനത്തിന്റെ പേര് - തളിപ്പൊയിൽ ക്ഷീരോല്പാദക സഹകരണ സംഘം
   c.167.D (ആച് കോസ്റ്റ്)
2. പ്രവർത്തന പരിധി - മുഴക്കുന്ന് മുടക്കോഴി ഗ്രാമം
3). ക്രെഡിറ്റ്/ നോൺക്രെഡിറ്റ്
4). പ്രവർത്തനം ആരംഭിച്ച വർഷം - 25.11.93
5)ആകെ അംഗങ്ങൾ - 66
6). ഒരു ഓഹരിയുടെ വില - 10 ക
7) ഓഹരി മൂലധനം - 660ക
8) സർക്കാർ ഓഹരി ഉണ്ടോ?
9).എങ്കിലെത്ര ?
10). സ്ഥാപനത്തിന്റെ ചെലവുകൾ
1)ശമ്പളം - 390ക per month
2) മറ്റു ചിലവുകൾ - 800ക
11) മൊത്തം ശേഖരിക്കുന്ന പാൽ - 7340 ലിറ്റർ
12) പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് - 2770 ലിറ്റർ
13) പുറത്തേക്കയക്കുന്നത് - 4570 ലിറ്റർ (Milma)

ഈ രണ്ടു സംഘങ്ങൾക്കു പുറമെ പാലപ്പൂഴയിലാണ് മറ്റൊരു സംഘമുള്ളത്. ആ സംഘത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

പലതരം രോഗങ്ങളും മൃഗസംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന കർഷകരെ ആസങ്കാകുലരാക്കുന്നു. കാലികളെ ഇൻഷൂർ ചെയ്യുന്നതിലുള്ള സാങ്കേതിക തടസ്സങ്ങൾ ഇതിന് ആക്കം കൂട്ടുന്നു. വലിയ തുക മുടക്കി വാങ്ങിക്കുന്ന ഇവയ്ക്ക് രോഗം മൂലം നാശം സംഭവിക്കുമ്പോൾ ഇവയെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾ കഷ്ടത്തിലാവുന്നു. കൊരളടപ്പൻ, മുടന്തൻപനി, കുളമ്പ് രോഗം, അകിടുവീക്കം എന്നീ രോഗങ്ങൾ ഭീഷണിയായി കാലികളെ ബാധിക്കുന്നു. റിപ്പോർട്ട് എഴുതുന്ന ഈ സമയങ്ങളിൽപോലും 10-ാം വാർഡിന്റെ പല ഭാഗങ്ങളിലും കുളമ്പു രോഗം പടർന്നു പിടിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ദഹന സംബന്ധമായ അസുഖങ്ങൾ ധാരാളമായി കണ്ടുവരുന്നുണ്ട്. ഈ രംഗത്ത് പഞ്ചായത്തിലെ മൃഗാശുപത്രിയുടെ സേവനം വളരെ അപര്യാപ്തമാണ്. ആശുപത്രിയിൽ സ്ഥിരമായി ഡോക്ടർമാരില്ലാത്തതും ആശുപത്രി പഞ്ചായത്തിന്റെ ഒരറ്റത്തായതും വിഷമം സൃഷ്ടിക്കുന്നുണ്ട്. 8,9 വാർഡുകളിൽ നിന്നൊക്കെ പശുക്കളെ നടത്തിക്കൊണ്ടുവന്ന് ചികിത്സിക്കൽ അപ്രായോഗികമാണ്. മറ്റു മാർഗങ്ങൾ സ്വീകരിക്കാനാണെങ്കിൽ സാമ്പത്തിക ബുദ്ധിമുട്ട പ്രയാസം സൃഷ്ടിക്കുന്നു. കോഴിമുട്ടയുടെയും കോഴിയിറച്ചിയുടെയും ഉപഭോഗം പഞ്ചായത്തിൽ വളരെ വർധിച്ചിട്ടുണ്ട്. എന്നാൽ ഇതിനനുപാതികമായി ഉല്പാദനം ഇവിടെ നടക്കുന്നില്ല. അതുകൊണ്ട് കോഴിമുട്ടയ്ക്കും ഇറച്ചിക്കും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ജനസംഖ്യയിൽ 95%വും കോഴിമുട്ടയും, കോഴിയിറച്ചിയും ഉപയോഗിക്കുന്നവരാണ്. ഉള്ള കോഴികളെയാണെങ്കിൽ രോഗങ്ങൾ അലട്ടുന്നു. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമല്ലാത്ത അവസ്ഥ നിലവിലുണ്ട്.

വളരെ ലാഭകരമായ കൃഷിയാണ്. ആടുവളർത്തൽ പഞ്ചായത്തിൽ ഇന്നു പല സ്ഥലങ്ങളിലെത്തും ആടു വളർത്തുന്നുണ്ട് (മുൻ കാലങ്ങളെ

അപേക്ഷിച്ച് വ്യാപകമല്ലെങ്കിലും) പശുക്കൾക്കുള്ള തുപോലെ തന്നെ തീറ്റക്കുള്ള ക്ഷാമം ഇവയും നേരിടുന്നു. കൂടാതെ പലതരം രോഗങ്ങൾ ആടുവളർത്തലിന് തടസ്സം നില്ക്കുന്നു. ഈ രംഗത്തുള്ള സ്കീമുകൾ, ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ കർഷകർക്ക് നല്കാൻ സംവിധാനങ്ങളില്ല. ആട്ടിറച്ചി ധാരാളമായി വിറ്റഴിക്കുന്നുണ്ട്. അപൂർവ്വം ചില വൂടുകളിൽ മുയൽ വളർത്തുന്നുണ്ട്. എന്നാൽ മുയലിറച്ചിക്ക് ആവശ്യക്കാരില്ലാത്തതിനാൽ വില്പന കുറവാണ്.

പഞ്ചായത്തിൽ അലഞ്ഞുതിരിയുന്ന പട്ടികളുടെ എണ്ണം ദിനം പ്രതി കൂടിവരുന്നു. പ്രദേശത്തിന്റെ പല ഭാഗങ്ങളിലും ഇവ സംഘങ്ങങ്ങളായി വിഹരിക്കുന്നു. ലൈസൻസോടുകൂടിയ പട്ടി വളർത്തൽ കേന്ദ്രം നിലവിലില്ല. അലഞ്ഞു തിരിയുന്ന പട്ടികൾ ഇവിടെ വലിയ പ്രശ്നമാണ്.

പ്രശ്നങ്ങൾ

1. പച്ചപ്പുല്ലിനും വൈക്കോലിനും ക്ഷാമം നേരിടുന്നു. നെൽകൃഷി കുറഞ്ഞതും, മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായതും ഇതിന് കാരണമാണ്.

2. കാലിത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കുംപിണ്ണാക്കിനും വർദ്ധിച്ചുവരുന്ന വില

3. പാലിന് വിലക്കുറവ്

4: പശു, ആട്,കോഴി എന്നിവയ്ക്ക് ഉണ്ടാകുന്ന രോഗങ്ങൾ

5. നല്ല ഇനങ്ങളുടെ ലഭ്യതക്കുറവ്

6. പശുക്കളെയും ആടുകളെയും വാങ്ങുമ്പോൾ ഭീമമായ ഒരു സംഖ്യ ഇടത്തട്ടുകാർ കൈവശപ്പെടുത്തുന്നു.

7. വിവിധ ആനുകൂല്യങ്ങൾ സംബന്ധിച്ച അറിവില്ലായ്മ.

8. ഡോക്ടർമാരുടെ സേവനം കൃത്യമായി ലഭിക്കായ്മ. പഞ്ചായത്തിന്റെ വിസ്തൃതിയും ആവശ്യത്തിനനുസരിച്ച് നേടുന്ന സംവിധാനങ്ങളില്ല. സ്ഥിരമായി ഡോക്ടറുമില്ല

9. സേവനം ലഭ്യമാക്കുന്നതിന് കൃഷിക്കാർ വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.

10. ബീജ സങ്കലനത്തിനു വേണ്ടത്ര സൗകര്യങ്ങളില്ല പ്രീമിയം ബുൾ ബീജസങ്കലനത്തിന് സംവിധാനങ്ങൾ ഇല്ല.

11. മാതൃകാ പശു വളർത്തലിനം സംബന്ധിച്ച ബോധവൽക്കരണത്തിന്റെ അഭാവം.

12. പാലും മറ്റുല്പാദനങ്ങളും വില്ക്കാനുള്ള കേന്ദ്രങ്ങളുടെ എണ്ണക്കുറവ്

13. വളിതമായ ഇൻഷൂറൻസ് പദ്ധതികൾ ഇല്ലാത്തത്.

14. മേച്ചിൽ സ്ഥലങ്ങളുടെ അഭാവം.

15. വായ്പാസൗകര്യങ്ങളുടെ കുറവ്

16. പരിചരണത്തിന്റെ കുറവ്

17. പട്ടികളെ നിയന്ത്രിക്കുന്നതിനും വളർത്തുന്ന പട്ടിക്ക് ലൈസൻസ് നല്കുന്നതിനും ശ്രമിക്കായ്മ.

18. ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കാനുള്ള സംവിധാനങ്ങൾ ഇല്ല.

സാധ്യതകൾ

1). ഊർജ്ജിത പച്ചപ്പുൽകൃഷി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. പുൽ വിത്തുകൾ വിതരണം ചെയ്യുക.

2) പ്രാദേശികമായി കാലിത്തീറ്റ നിർമ്മിക്കുക.

3). പാൽ സംഭരണ കേന്ദ്രങ്ങൾ കൂടുതൽ തുടങ്ങുകയും ഉള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.

4). രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

5). നല്ലയിനത്തിൽപെട്ട കോഴിക്കുഞ്ഞുങ്ങളെയും, പശു,ആട് എന്നിവയെയും വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

6). ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിന് കന്നുകാലിച്ചന്തകൾ ഏർപ്പെടുത്തുക.

7). വിവധ പദ്ധതികൾ സംബന്ധിച്ചു ബോധവൽക്കരണം ഉണ്ടാക്കുന്നതിന് പഞ്ചായത്തുതലത്തിൽ പരിപാടികൾ സംഘടിപ്പിക്കുക.

8) ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുക, ഉപകേന്ദ്രങ്ങൾ കൂടുതൽ തുടങ്ങുക.

9). വളർത്തു രീതികളെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ കൃഷിക്കാരന് നൽകുക.

10). ഇൻഷൂറൻസ് സാങ്കേതികത്വം പരമാവധി വഴിവാക്കുക.

11) ജൈവ വളങ്ങൾ പ്രോത്സാഹിപ്പിക്കുക. ബയോഗ്യാസ് പ്ലാൻർ പ്രചരിപ്പിക്കുക.

12). ആവശ്യത്തിനും സാധ്യതകൾക്കും അനുസരിച്ച് വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

13). പട്ടികകൾക്ക് ലൈസൻസ് ഏർപ്പെടുത്തി പഞ്ചായത്തുവക പട്ടകൾ വിതരണ ചെയ്യുക. പഞ്ചായത്തിനെ പേവിമുക്ത പഞ്ചായത്താക്കി മാറ്റാൻ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിയേണ്ടതുണ്ട്.

14). പാൽ തുടങ്ങിയ ഉല്പന്നങ്ങൾ സംസ്ക്കരിച്ച് ഉപഭോഗ ഉല്പന്നങ്ങളാക്കി മാറ്റാനുള്ള സാധ്യതകൾ വ്യവസായവകുപ്പുമായി ആലോചിക്കുക.

15). ബീജസങ്കലനത്തിനു വേണ്ട സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും പ്രീമിയം ബുൽ ബീജസങ്കലന സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

16) കായപ്പനിച്ചി ഭാഗത്തും ചാക്കാട് ഭാഗത്തും I.C.D.S സബ്സെന്ററുകൾ തുടങ്ങുക. നിലവിലുള്ള മൃഗാശുപത്രി കാക്കയങ്ങാട്ടേക്ക് മാറ്റി സ്ഥാപിക്കുക.

17). പാൽ സംഭരണ വിതരണ കേന്ദ്രം കായപ്പനിച്ചി ,മുടക്കോഴി, മുഴക്കുന്ന് ചാക്കാട് എന്നിവിടങ്ങളിലും ആരംഭിക്കുക. ഇതോടൊപ്പം നിലവിലുള്ളവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. രണ്ടാം വാർഡിലെ I.C.D.P സബ് സെന്ററിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കുക.

മത്സ്യബന്ധനം

മത്സ്യക്കൃഷി മേഖലയിൽ യാതൊരു വിധ പ്രവർത്തനങ്ങളും കഴിഞ്ഞ കാലഘട്ടങ്ങളിലൊന്നും നടന്നിട്ടില്ലാത്തതിൽ ഈ കൃഷിമേഖലയെ സംബന്ധിച്ചിട്ടുള്ള അറിവുകൾ ശുഷ്കമാണ്. കിഴക്കു ഭാഗത്തുകൂടെ ഒഴുകുന്ന പാലപ്പുഴയും ഉൾപ്രദേശങ്ങളിലൂടെ ഒഴുകുന്ന അനേകം തോടുകളും കുളങ്ങളും ആണ് മത്സ്യസമ്പത്തിന്റെ ആകെത്തുക. മത്സ്യം ചൂണ്ടിയിട്ട് പിടിക്കുന്ന ചിലരെ വല്ലപ്പോഴും കാണാറുണ്ട്.

പ്രാദേശികമായി വളരെ ചുരുങ്ങിയ തോതിലോ മത്സ്യം ലഭിക്കുന്നുള്ളൂ. ഉപഭോഗത്തിന്റെ ഏറിയ പങ്കും തലശ്ശേരിയിൽ നിന്നും മറ്റും വരുന്ന കടൽമീനുകളാണ്. വിലകുറഞ്ഞ മത്സ്യങ്ങളാണ് കൂടുതലായും വിറ്റഴിക്കപ്പെടുന്നത്. മുഴക്കുന്ന്, കാക്കയങ്ങാട്, വിളക്കോട് എന്നീ പ്രദേശങ്ങളിലാണ് വില്പന കേന്ദ്രങ്ങളുള്ളത്. ഇവ കൂടാതെ കൊണ്ടുനടന്നുള്ള വില്പനയും ഉണ്ട്. മത്തി, അയല, ആകോലി, അയക്കൂറ, ഏട്ട, സ്രാവ്, തെരണ്ടി, ചെമ്മീൻ, മുള്ളൻ, പുയ്യാപ്ല, ചെമ്പല്ലി, തിരുത, വേളൂരി, നത്തൽ, തളയൻ കല്ലുമ്മക്കായ എന്നിവയാണ് പ്രധാനമായും വില്പന ചെയ്യപ്പെടുന്നത്, മത്സ്യവിപണനവുമായി നേരിട്ടു ബന്ധപ്പെടുന്ന `26' പേർ പഞ്ചായത്തിലുണ്ട്. പ്രാദേശികമായി ലഭിക്കുന്ന മത്സ്യങ്ങൾ കറ്റി, കൂരൽ, വരാൽ, മുഴി, കടുങ്ങാലി, പരൽ, ആരൽ, വാള, ചേറുമീൻ എന്നിവയാണ്. ശുദ്ധജലമത്സ്യകൃഷിക്ക് ധാരാളം സാധ്യതകളുള്ള പ്രദേശങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്.

പ്രശ്നങ്ങൾ

1). 36 കിലോമീറ്റർ ദൂരെ തലശ്ശേരിയെ ആശ്രയിച്ചാണ് മത്സ്യ വിപണനം.

2). മത്സ്യം കൊണ്ടു വരുന്നതിന്റെ ചെലവുകളും വില്പനക്കാരന്റെ ലാഭവും കൂടിച്ചേരുമ്പോഴേക്കും വില കുതിച്ചുയരുന്നു.

3). വില്പനചെയ്യാൻ കാക്കയങ്ങാട് ഒഴികെ മറ്റ് രണ്ട് കേന്ദ്രങ്ങളിലും സൗകര്യങ്ങൾ കുറവാണ്.

4) മത്സ്യകൃഷി യേണ്ടത്ര അറിവില്ലായ്മ.

സാധ്യതകൾ


1). പഞ്ചായത്തിൽ വിവിധ ഭാഗത്തുള്ള കുളങ്ങൾ വൃത്തിയാക്കി ശുദ്ധജലമത്സ്യകഷിക്കുള്ള സമഗ്ര പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക. മുടക്കോഴി, പാല ഭാഗങ്ങളിൽ മത്സ്യകൃഷിക്ക് സാധ്യതയുള്ളതായചി ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2). വിളക്കോടും, മുഴക്കന്നിലും പഞ്ചായത്തു വക സ്റ്റാൾനിർമ്മിച്ചു കൊടുക്കുക. മുടക്കോഴി ഭാഗത്ത് മത്സ്യമാർക്കറ്റ് തുടങ്ങുക

3). പഞ്ചായത്ത് കേന്ദ്രീകരിച്ച് യുക്തമായ ഒരു സ്ഥലത്ത് സഹകരണ അടിസ്ഥാനത്തിൽ ഒരുവിത്തുല്പാദന കേന്ദ്രം ആരംഭിക്കുക

4). മത്സ്യത്തീറ്റകൾ ലഭ്യമാക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.





വ്യവസായം

വ്യാവസായിക ഭൂപടത്തിൽ മുഴക്കുന്ന് പഞ്ചായത്തിന് തരതമ്യേന അപ്രധാനമായ സ്ഥാനമാണുള്ളത്. പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ നമ്മുടെ പഞ്ചായത്തിന് വൻകിട വ്യവസായങ്ങളൊന്നുമില്ലാത്തത് എടുത്തുപറയാവുന്ന ഒരു ന്യൂനതയാണ്. നാമമാത്രമായി പ്രവർത്തിക്കുന്ന കുറച്ച് പരമ്പരാഗത കുടിൽ വ്യവസായങ്ങളും കൈവിരലിലെണ്ണാവുന്ന ചെറുകിട വ്യവസായങ്ങളും മാത്രമാണ് നമുക്ക് ആകെയുള്ളത്. ഇവയിൽ തന്നെ മിക്കവയും രോഗഗ്രസ്ഥവുമാണ്. പരമ്പരാഗത വ്യവസായങ്ങളായ കളിമൺപാത്രനിർമ്മാണവും പായനെയ്ത്ത്, കൂട്ടമടയൽ തുടങ്ങിയവയും ക്ഷയോന്മുഖമായി കാക്കയത്തോടിനു സമീപം സ്വകാര്യമേഖലയിൽ പ്രവർത്തിച്ചു വന്നിരുന്ന എല്ലുപൊടി നിർമ്മാണശാല നിരവധി സാങ്കേതിക പ്രശ്നങ്ങളാൽ പ്രവർത്തനമാരംഭിച്ച് അഞ്ച് വർഷങ്ങൾക്കു ശേഷം അടച്ചുപൂട്ടുകയും ചെയ്തു. ചുരുക്കത്തിൽ മുഴക്കുന്ന് പഞ്ചായത്ത് ഈ രംഗത്ത് ഗണ്യമായ നേട്ടങ്ങളൊന്നും എടുത്തുപറയാനില്ല. മുഴക്കുന്നു പഞ്ചായത്തിലെ ജനസംഖ്യ പരിശോധിക്കുമ്പോൾ ആനുപാതികമായി വ്യാപാര വ്യവസായ രംഗത്ത് തൊഴിൽ നേടിയവരുടെ എണ്ണം വളരെ പരിമിതമാണ്. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ ആകെ19228 ആണ്. നമ്മുടെ ആകെ ജനസംഖ്യയുടെ ഒരു ശതമാനത്തിൽ താഴെ മാത്രമേ ഈ രംഗത്തു പ്രവർത്തിക്കുന്നുള്ളൂ. പഞ്ചായത്തിനു പുറത്തുള്ള വ്യവസായ സ്ഥാപനങ്ങളിൽ ഈ പഞ്ചായത്തിനു പുറത്തുള്ള ജോലിചെയ്യുന്നവരുടെ അംഗസംഖ്യയും വളരെ കുറവാണ്. സ്ത്രീകൾക്ക് വ്യാവസായിക രംഗത്തുള്ള പങ്കാളിത്തവും വളരെ പരിതാപകരമാണെന്നു പറയാതെ വയ്യ.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറികിട-കുടിൽ പരമ്പരാഗത വ്യവസായ യീണിറ്റുകളെ ബന്ധിപ്പിക്കുന്ന വിവരം പട്ടിക 1ൽ നിന്നും ലഭ്യമാണ്.

പട്ടിക 1

ചെറുകിട കുടിൽ പരമ്പരാഗത യൂണിറ്റുകൾ

1 തടി
2 ഫർണീച്ചർ
3 അച്ചടി
4 ബേക്കറി
5 ഓയിൽ മിൽ
6 ധാന്യം പൊടിക്കൽ
7 സോഡാ നിർമ്മാണം
8 എഞ്ചിനീയറിംഗ്
9 ഓട്ടോ മൊബൈൽ
10. കല്ലുവെട്ട്
11. റെഡിമെയ്ഡ്
12. അവിൽ മിൽ
13. കള്ള് ചെത്ത്
14. ഫ്ളൈവുഡ്
15. പപ്പടം
16. ബീഡി
17. ഭക്ഷ്യ സംസ്ക്കരണം
18. മൺപാത്രനിർമ്മാണം
19. പായ നെയ്ത്ത്
20. കൂട്ട മടയൽ
21. ഇരുമ്പ് പണി (കൊല്ലപ്പണി)

പ്രശ്നങ്ങൾ

തൊഴിൽ രഹിതരും അഭ്യസ്തവിദ്യരുമായ ധാരാളം യുവാക്കൾ ഈ പഞ്ചായത്തിലുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുകൂല ഘടകങ്ങളിലൊന്നായ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത പരിശോധിക്കുമ്പോൾ, ഈ പഞ്ചായത്തിൽ സുലഭമായിട്ടുള്ള പല ഉല്പന്നങ്ങളും അസംസ്കൃത പദാർത്ഥങ്ങളായി സ്വീകരിച്ച് വിജയകരമായി നടത്തിക്കൊണ്ടുപോകാവുന്ന നിരവധി വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള അനുകൂല സാഹചര്യങ്ങളുണ്ടായിട്ടും പുതിയവും സായിക സംരംഭകരായി കടന്നുവന്ന് നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് തുടക്കം കുറിക്കുവാൻ ജനങ്ങൾ അറച്ചു നില്ക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ പരിശോധിക്കേണ്ടതാണ്.

1. പരിചയ സമ്പന്നരായ വ്യാവസായിക സംരംഭകരുടെ അഭാവം.

2. വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ അനുമതികളും ലൈസൻസും ലഭിക്കുന്നതിനുള്ള കാല വിളംബവും ബുദ്ധിമുട്ടും.

3 സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികളുടെ അഭാവം

4. ധനസഹായ സ്ഥാപനങ്ങളിൽ നിന്നുള്ള വ്യവസായ സംരംഭകരോടുള്ള മനോഭാവവും, വായപ യഥാസമയം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും

5 വൈദ്യുതിയുടെ അനിശ്ചിതത്വവും വിതരണകാര്യത്തിലുമുള്ള ക്രമക്കേടും

6. തൊഴിൽ പ്രശ്നങ്ങൾ ഉണ്ടാകുമോയെന്നുള്ള ഉത്ക്കണ്ഠ

7. വിപണന സാധ്യതയെ കുറിച്ചുള്ള അജ്ഞതയും ആശങ്കയും .

8. പരമ്പരാഗത വ്യവസായങ്ങൾക്കും, ചെറുകിട വ്യവസായങ്ങൾക്കും അസംസ്കൃത പദാർത്ഥങ്ങൾ സുഗമമായി ലഭിക്കായ്മ.

9. വ്യവസായ സംരംഭങ്ങളിൽ സാധ്യതകളെ സംബന്ധിച്ചുള്ള തെറ്റായ വിലയിരുത്തൽ കാരണം ഒരേ വ്യവസായം തന്നെ ഒരു പ്രദേശത്ത് അനുകരിച്ച് തുടരുന്നതു കൊണ്ട് ഈ രംഗത്തുണ്ടാകാവുന്ന അനാരോഗ്യകരമായ കിടമത്സരം

10. തൊഴിൽ സംരംഭകർക്കും, തൊഴിലാളികൾക്കും മതിയായ പരിശീലനം കൊടുക്കുന്നതിനുവേണ്ട ക്രമീകരണങ്ങളുടെ അഭാവം.

11. പരിസ്ഥിതി സംബന്ധിയുള്ള തെറ്റായ മനോഭാവം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

I സഹകരണ മേഖലയിൽ ആരംഭിക്കേണ്ട വ്യവസായങ്ങൾ

1. ജില്ലി യൂനിറ്റ്

2. കയറും കയറുല്പന്നങ്ങളും

3. അച്ചാർ, മസാല നിർമ്മാണം

4. ബീഡി

5. കശുമാങ്ങയിൽ നിന്നുമുള്ള സക്വാഷ് നിർമ്മാണം

6. ഖാദി യൂനിറ്റ്

7. കൊപ്ര സംസ്ക്കരണയൂനിറ്റ്

8.ബലൂൺ, റബ്ബർ ബാന്റ്, ഇലാസ്റ്റിക് തുടങ്ങിയ റബ്ബർ അധിഷ്ഠിത യൂനിറ്റ്

9. ബേക്കറി ഉല്പന്നങ്ങൽ

10. നോട്ട്ബുക്ക് നിർമ്മാണം

11. സിമന്റ്, ഹോളോബ്രിക്സ് നിർമ്മാണം

12. തീപ്പെട്ടി നിർമ്മാണം

13. മെഴുകുതിരി

14. കുടനിർമ്മാണം.

II a) സഹകരണ മേഖലയിൽ ആരംഭിക്കേണ്ട പരമ്പരാഗത വ്യവസായങ്ങൾ

1 ഓല മടയൽ

2. കുട്ട മടയൽ

3. പായ നെയ്ത്ത്

b) വനിതാ യൂനിറ്റ്

1. ടൈലറിങ്ങ് യൂണിറ്റ്

III. സ്വകാര്യ മേഖലയിൽ തുടങ്ങേണ്ടുന്ന വ്യവസായങ്ങൾ

1. ഫർണീച്ചർ യൂണിറ്റ്

2. ഹാന്റിക്രാഫ്റ്റ് & വുഡ് കാർ വിങ്ങ്

IV. സഹകരണ മേഖലയിൽ വൻകിട വ്യവസായം കശുവണ്ടി സംസ്ക്കാരം

സാധ്യതകൾ

ഗ്രാമസഭാ തലങ്ങളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ പ്രകാരമുള്ള വ്യവസായങ്ങൾ എല്ലാം തന്നെ വിജയകരമായി നടപ്പിലാക്കുവാൻ പ്രയാസമില്ല. വ്യവസായങ്ങളുടെ വിജയകരമായ പ്രവർത്തനത്തിന് ആവശ്യമായ പല ആനുകാലിക സാഹചര്യങ്ങളുമുണ്ട്. അതിൽ എടുത്തു പറയേണ്ടത് ഒരു വ്യവസായത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയെ സംബന്ധിച്ച് സംശയിക്കേണ്ടതില്ല എന്നുള്ളതാണ്. കാരണം നിർദ്ദിഷ്ട വ്യവാസയ യൂനിറ്റുകളിൽ മിക്കതിലും ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഇവിടെ തന്നെ ഉല്പാദിപ്പിക്കുന്നവയും സുലഭമായി ലഭിക്കുന്നവയുമാണ്. അതുപോലെ തന്നെ ഈ വ്യവാസയ സ്ഥാപനങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇവിടെ തന്നെ വിറ്റഴിക്കുവാൻ കഴിയുന്നവയായതു കൊണ്ട് വിപണനത്തെ സംബന്ധിച്ച് ആശങ്കയ്ക്ക് അവകാശമില്ല. ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വ്യവസായങ്ങൾ വിജയകരമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

1. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടുന്ന അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തേണ്ടതാണ്.

2. വൈദ്യുതിയെ ആശ്രയിച്ചു നടത്തേണ്ട വ്യവസായങ്ങളും വൈദ്യുതി ആവശ്യമില്ലാത്ത വ്യവസായങ്ങളും വേർതിരിച്ച് കണ്ട് പ്രത്യേക സ്ഥലങ്ങളിൽ ആരംഭിക്കാവുന്നതാണ്.

3. വൈദ്യുതി സംഗമമായി ലഭിക്കുന്നതിനു വേണ്ടുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തണം.

4. സംരംഭകർക്കും, തൊഴിലാളികൾക്കും വേണ്ടുന്ന സാങ്കേതിക പരിശീലനം ഏർപ്പെടുത്തണം.

5. വ്യവസായത്തിന്റെ വിജയകരമായ നടത്തിപ്പിനാവശ്യമായ ടെലഫോൺ പോലുള്ള വാർത്താവിനിമയ സൗകര്യങ്ങൾ ലഭ്യമാക്കണം.

6. വ്യവസായത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പ്രവർത്തന മൂലധനം ഉറപ്പുവരുത്തേണ്ടതാണ്.

7. പരമ്പരാഗത വ്യവസായമായ കളിമൺ പാത്ര നിർമ്മാണം, കൂട്ടമടയൽ, പായനെയ്ത്ത്, തുടങ്ങിയ വയ്ക്ക് നമ്മുടെ പഞ്ചായത്തിൽ അനുകൂല സാഹചര്യങ്ങളുണ്ട്. അവ പരിപോഷിപ്പിക്കുന്നതിനു വേണ്ടുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

8. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഇന്നുള്ള കാല വിളംബം ഒഴിവാക്കാൻ നിലവിലുള്ള ചട്ടങ്ങൾ ലഘൂകരിച്ച് 'Single Windows System' നടപ്പിലാക്കേണ്ടതാണ്.

9. സ്വകാര്യ വ്യക്തികൾക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തികവും, സാങ്കേതികവുമായ സൗകര്യങ്ങൾ താമസം വിന ലഭ്യമാക്കുന്നതിന് സൗകര്യം ചെയ്തു കൊടുക്കേണ്ടതാണ്.

10. വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടുന്ന വ്യവസായ യൂനിറ്റുകൾ ആരംഭിക്കേണ്ടതാണ്.

11. നമ്മുടെ പഞ്ചായത്തിൽ സുലഭമായി ഉല്പാദിപ്പിക്കുന്ന അടയ്ക്ക സംസ്ക്കരിക്കുന്നതിന് ഒരു വ്യവസായ ശാലയ്ക്ക് അനുകൂല സാഹചര്യങ്ങളുണ്ട്.

12. ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി നമ്മുടെ പഞ്ചായത്തിൽ ഒരു കശുവണ്ടി സംസ്കരണ ഫാക്ടറി പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതിനുവേണ്ടി അനുകൂലമായ സ്ഥലവും തൊഴിലാളികൾക്ക് വേണ്ട സാങ്കേതിക പരിശീലനവും ലഭ്യമാക്കാന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. തൊഴിൽ പ്രശ്നങ്ങൾ ഉണ്ടാകുമോ എന്നുള്ള സംരംഭകരുടെ ആശങ്ക ദൂരീകരിക്കേണ്ടതാണ്. ഇതിനു വേണ്ടുന്ന നടപടികൾ സ്വീകരിക്കണം. മാനേജ്മെന്റും തൊഴിലാളികളുമായി സഹകരിച്ചു പോകുന്നതിനു വേണ്ടുന്ന നടപടികളും ബോധവൽക്കരണവും ഉണ്ടാകേണ്ടതാണ്.


14. രോഗഗ്രസ്ഥമായ വ്യവസായ യൂനിറ്റുകളെ സംബന്ധിച്ച് പഠിച്ച് അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

15. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പുതിയ

വ്യവസായ സംരംഭകരോട് നിലവിലുള്ള മനോഭാവത്തിന് മാറ്റമുണ്ടാക്കുന്നതിനും യഥാസമയം വായ്പ ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

16. പരിസ്ഥിതിയെ സംബന്ധിച്ചുള്ള സാമാന്യ ജന വിഭാഗങ്ങളിലുള്ള വികലമായ കാഴ്ചപ്പാട് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് പുതിയ വ്യവസായങ്ങളുടെ ആരംഭത്തിൽ സഹായകമായ സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

17. കരകൗശല രംഗത്ത് വളരെയധികം സാദ്ധ്യതകൾ നിലവിലുള്ളതിനാൽ ഈ രംഗത്ത് അനുയോജ്യമായ കരകൗശല യൂനിറ്റുകൾ ആരംഭിക്കാവുന്നതാണ്.





വിദ്യാഭ്യാസം

1912ൽ താലൂക്ക് ബോർഡിന്റെ കീഴിൽ മുഴക്കുന്നിൽ ആരംഭിച്ച വിദ്യാലയമാണ് പഞ്ചായത്തിലെ ആദ്യ അംഗീകൃതവിദ്യാലയം. പിന്നീട് ഇത് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലായി 1924 ൽ പാല ദേശത്ത് സ്ഥാപിച്ച ബോർഡ് ബോയ്സ് സ്കൂൾ ആദ്യ കാലങ്ങളിൽ സ്ഥാപിച്ച മറ്റൊരു വിദ്യാലയമാണ്. മലബാർ ഡിസ്ട്രികട് ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം ഇന്ന് പാലാ ഗവ. ഹൈസൂളായാണ്. 1956 ൽ അപ്പർ പ്രൈമറിയായും 1976ൽ ഹൈസൂളായും ഈ വിദ്യാലയം ഉയർത്തപ്പെട്ടു. ഇതേ കാലഘടത്തിൽ തന്നെ വിളക്കോട് പ്രദേശത്തും മുഴക്കുന്നിലും ഓരോ എലിമെന്ററി സ്കൂളുകളും സ്ഥാപിച്ചു. വിളക്കോട് സ്കൂൾ പിന്നീട് വിളക്കോട് ഗവ. അപ്പർ പ്രൈമറി സ്കൂളായും 1952ൽ മുഴക്കുന്ന വില്ലേജ് വിദ്യാഭ്യാസ സംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്കൂൾ മുഴക്കുന്ന യു.പി.സ്കൂളായം മാറി.

സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഈ 3 വിദ്യാലയങ്ങൾക്കു പുറമെ സ്വകാര്യ മേഖലയലിൽ 4 വിദ്യാലയങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഏതാണ്ട് 70 വർഷങ്ങൾക്ക് മുമ്പ് ശ്രീ ചാത്തുക്കുട്ടി ഗുരുക്കൾ സ്ഥാപിച്ച മുഴക്കുന്ന് അപ്പർ പ്രൈമറി സ്കൂൾ (മുടക്കോഴി) ഇതിൽ പ്രധാനമാണ്. തദ്ദേശവാസികളായ കുട്ടികളെ എഴുത്തിനിരുത്താൻ ഉദ്ദേശിച്ചു കൊണ്ടാരംഭിച്ച എഴുത്തുപള്ളികൂടം പിന്നീട് പല മാനേജ്മെന്റുകളിലൂടെയും കടന്ന് വന്ന് ഇന്ന് അപ്പർ പ്രൈമറി സ്കൂളായി പ്രവർത്തിക്കുന്നു. ഏതാണ്ട് അതേകാലത്ത് തന്നെ നല്ലൂർ ദേശത്ത് ശ്രീ.കോരൻ ഗുരുക്കൾ ആരംഭിച്ചതാണ് ഇന്നത്തെ നല്ലൂർ എൽ.പി.സ്കൂൾ. കഴിഞ്ഞ ഒന്നര പതിറ്റാണ്ടുകൾക്കുള്ളിൽ മുഴക്കുന്ന പഞ്ചായത്തിൽ രണ്ട് സ്കളുകൾ കൂടി സ്ഥാപിക്കപ്പെട്ടു. കുടിയേറ്റ മേഖലയിൽ പെരുമ്പുന്നയിൽ സെന്റ് മേരീസ് യു.പി.സ്കൂളും. അയ്യപ്പൻ കാവിൽ മുബാറക്ക് എൽ.പി.സ്കൂളുമാണവ.

ദേശീയ പ്രസ്ഥാന കാലത്തുതന്നെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം പഞ്ചായത്തിൽ നടന്നിരുന്നു. മുഴക്കുന്ന ഗ്രാമീണ വായനശാല & ഗ്രന്ഥാലയത്തിന്റെ രൂപീകരണവും പ്രവർത്തനവും 1950കളിൽ ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് കൂടുതൽ തെളിമനൽകുന്നതായിരുന്നു. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനങ്ങളെ തുടർന്ന് 86% സാക്ഷരത ഇന്ന് പഞ്ചായ്ത്തിൽ ഉണ്ട്. സാക്ഷരതാ നിരക്ക് ഉയർത്താനും, തുടർവിദ്യാഭ്യാസം വിടത്താനുമുള്ള പ്രവർത്തനങ്ങൾ പിന്നീട് മന്ദഗതിയിലായിരുന്നു.

(ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിവരങ്ങൾക്ക് പട്ടിക കാണുക)

പഞ്ചായത്തിൽ ഒരു ഹൈസ്കൂളും നാല് യു.പി.സ്കൂളും രണ്ട് എൽ.പി.സ്കൂളുകളും പ്രവർത്തിക്കുന്നു. രണ്ട് ദശകങ്ങൾക്ക് മുമ്പ് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ഇരിട്ടി, പേരാവൂർ, ശിവപുരം ഹൈസ്കൂളിലേക്കാണ് പോയിരുന്നത്. ഉന്നത വിദ്യാഭ്യാസത്തിനായി കൂത്തുപറമ്പ്, മടന്നൂർ, ഇരിട്ടി എന്നിവിടങ്ങളിലെ അഫിലിയേറ്റഡ് കോളേജുകളോയാണ് ഇന്ന് ആശ്രയിക്കുന്നത്. അവിടെ അട്മിഷൻ കിട്ടാത്തവർ പാരലൽ കോളേജുകളെ ആശ്രയിക്കുന്നു.

ഹൈസ്കൂളിലെ കുട്ടികളുടെ എണ്ണം ഓരോ വർഷം കഴിയുന്തോറും കുറഞ്ഞു വരുന്നതായാണ് കാണുന്നത്. എന്നാൽ പ്രൈമറി വിദ്യാലയങ്ങളിൽ വിലയ മാറ്റമില്ലാതെ തുടരുന്നു. ഏഴാം തരം പാസ്സാകുന്ന് കുട്ടികളളിൽ കുറച്ചുപേരെങ്കിലും ഉപരിപഠനാർത്ഥം പഞ്ചായത്തിനു പുറത്തുപോകുന്നവരാണ്.

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ഉടമസ്ഥത	കുട്ടികളുടെ എണ്ണം					അധ്യാപകരുടെ എണ്ണം	ഒഴിവുകൾ
			91-92	92-93	93-94	94-95	95-96		
1.	ഗവ.ഹൈസ്കൂൾ പാല	സർക്കാർ	1822	1861	1831	1828	1709	51	1
2.	ഗവ.യു.പി. മുഴക്കുന്ന്	സർക്കാർ	756	762	765	754	748	24 -	
3	. ഗവ. യു.പി.വിളക്കോട്	,,	835	893	864	844	861	23	3
4.	മുഴക്കുന്ന് യു.പി.സ്കൂൾ	എയിഡഡ്	507	526	552	548	539	21 -	--
5.	സെന്റ് മേരീസ് യു.പി. പെരുമ്പുന്ന	,,	101	109	125	114	112	6 -	
6.	നല്ലൂർ എൽ.പി	. ,,	101	107	101	93	101	8 -	
7.	മുബാറക്ക് എൽ.പി. അയ്യപ്പൻ കാവ്	,,	260	257	256	246	257	10 -	

ദ്വതീയ വിവരങ്ങളിൽ നിന്നും ഗ്രാമസഭകളിൽ നിന്നു യർന്നു വന്ന ചർച്ചകളിൽ നിന്നും മനസ്സിലാക്കുന്നത് പല അടിസ്ഥാന സൗകര്യങ്ങളും വിദ്യാലയങ്ങളിൽ ലഭ്യമല്ല എന്നതാണ്. മുബാറക്ക് എൽ.പി.സ്കൂളൊഴികെ മറ്റ് വിദ്യാലയങ്ങളിൽ മൂത്രപ്പുര ഉണ്ടെങ്കിലും ഇത് മിനിമം ആവശ്യത്തിന് പോലും തികയുന്നില്ല. ഓഫീസ് മുറി ഇല്ലാത്ത ഒരു സ്കൂളും, സ്റ്റാഫ് മുറികൾ ഇല്ലാത്ത 5 സ്കൂളുകളുമുണ്ട്. അക്കാദമിക് സൗകര്യങ്ങൾ ഒരു വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച പരമപ്രധാനമാണ്. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണീച്ചറുകൾ തുടങ്ങിയ പരമപ്രധാന സംഗതികൾ പോലും പല വിദ്യാലയങ്ങളിലും അപര്യാപതമാണ്. ഇവിടുത്തെ വിദ്യാലയങ്ങളുടെ പരിമിതകൾ വെളിവാക്കുന്ന പട്ടിക പരിശോധിച്ചാൽ ഇക്കാരം വ്യക്തമാവും.

വിദ്യാഭ്യാസത്തിന് ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി കണ്ണൂർ ജില്ലാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 1992ൽ ആരംഭിച്ച ശവപുരം സ്കൂൾ കോംപ്ലക്സ് സമിതിയിൽ പഞ്ചായത്തിലെ മുഴക്കുന്ന് ഗവ.യു.പി.സ്കൂൾ മുഴക്കുന്ന് യു.പി.സ്കൂൾ എന്നീ വിദ്യാലയങ്ങളെ ഉൾപ്പെടുത്തിയിരുന്നു. വിദ്യാലയങ്ങളിലെ നിരക്ഷരത മനസ്സിലാക്കാനുള്ള സർവ്വെ അതിനെ തുടർന്ന് അക്ഷര വേദി പ്രവർത്തനങ്ങൾ അധ്യാപകർക്കായി നിരവിധി പരിശീലനങ്ങൾ, വിദ്യാർത്ഥികൾക്ക് പഠനോത്സവങ്ങൾ അതിന്റെ ഭാഗമായി നടന്നിരുന്നു. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം ആരംഭിച്ച ഗുരുകുലം വിദ്യാഭ്യാസ പരിപാടിയിൽ നമ്മുടെ പഞ്ചായത്ത് നന്നായി സംഘടിപ്പിച്ചു. വിദ്യാഭ്യാസ രംഗത്ത് ഇടപെടാനും സ്കൂൾ കോംപ്ലക്സ് പ്രവർത്തനം നടത്താനുമുള്ള ഗ്രാമപഞ്ചായത്തിന്റെ തീരുമാനം കൂടി ഇതിന്റെ പിന്നിലുണ്ടായിരുന്നു. പഞ്ചായത്ത് കോംപ്ലക്സ് സമിതി, വാർഡ് സമിതികൾ സ്കൂൾ സമിതികൾ, അയൽകൂട്ടങ്ങൾ, (എല്ലാ വാർഡിലും പൂർത്തിയാക്കിയിട്ടില്ല) എന്നിവ ഇതിന്റെ ഭാഗമായി നടന്നിരുന്നു. ഇത്തരത്തിൽ ഇടപെടാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കെയാണ് ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ വന്നത്. ഈ വിദ്യാലയ വർഷത്തിൽ പഞ്ചായത്തിൽ ആകെ കുട്ടികൾ പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾ, തോറ്റു പഠിക്കുന്നവർ, പഠനം നിർത്തിയവർ തുടങ്ങിയ വിവരങ്ങളുടെ വിശദാംശങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾ ഏറ്റവും കൂടുതലായി പഠിക്കുന്നത് പാല ഗവ. ഹൈസ്കൂൾ, വിളക്കോട് ഗവ.യു.പി. സ്കൂൾ, മുഴക്കുന്ന് യു.പി.സ്കൂൾ മുഴക്കുന്ന് ഗവ: യു.പി. സ്കൂൾ എന്നിവിടങ്ങളിലാണ്. പഠിക്കുന്ന കുട്ടികൾ നല്ലൊരു വിഭാഗം ഇടക്കുവെച്ച് പഠനം നിർത്തുന്നു. ഇവരുടെ പഠനം തുടരാൻ വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുക എന്നത് പഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ചുമതലയായി മാറിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പൊതു വിഭാഗത്തിൽ വിദ്യാർത്ഥികളുടെ എണ്ണം

കുറഞ്ഞുവരികയാണെങ്കിലും പിന്നോക്കവിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പൊതുവെ കൂടിവരുന്നതായി കണക്കുകൾ കാണിക്കുന്നു.

വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ചുള്ള വിവരങ്ങൾ അതാത് വിദ്യാലയങ്ങളിൽ നിന്നും ശേഖരിച്ചതിനു പുറമെ, ഗ്രാമസഭകളിൽ നടന്ന വിശദമായ ചർച്ചയിലൂടെയും ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ നിലവാരം ശരാശരിയിൽ നിന്നും താഴെയാണെന്നാണ് മനസ്സിലായത്. കലാകായിക മത്സരരംഗത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനിയിൽ എടുത്തപറയത്തക്ക ചില നേടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. യുവജന ബാലകലാമേളയിൽ ഉപകരണ വാദ്യ സംഗീതത്തിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനം പാല ഗവ. ഹൈസ്കൂളിന് ലഭിച്ചിട്ടുണ്ട്. അറവന മുട്ട് മത്സരങ്ങളിൽ ആദ്യം വിളക്കോട് ഗവ. യു.പി.സ്കൂളിനും തുടർന്ന്. രണ്ട് വർഷങ്ങളിൽ പാല ഗവ. ഹൈസ്കൂളിനും പ്രശംസാർഹമായ വിജയം വരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കായിക മത്സരങ്ങളിലും സംസ്ഥാനതലത്തിൽ വിജയം വരിക്കാൻ പാല ഗവ. ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് സാധിച്ചിട്ടുണ്ട്. പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ നിലവാരം 1991-92 ലേതിനേക്കാൾ കുറഞ്ഞതായി കാണുന്നു. SSLC വിജയം കാണിക്കുന്ന ഗ്രാഫ് ശ്രദ്ധിക്കുക.

എൻഡോവുമെന്റുകൾ

പാല. ഗവ. ഹൈസ്കൂളിൽ നിന്ന് SSLC ക്ക് ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന 2 കുട്ടികൾക്ക് പഞ്ചായത്ത് വക എൻഡോവുമെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓരോ വിദ്യാലയത്തിലെയും നാല്, ഏഴ് ക്ലാസുകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങന്ന കുട്ടികൾക്കു പഞ്ചായത്ത് ഏന്റോവുമെന്റ് കൊടുത്തുവരുന്നുണ്ട്. S.S.L.Cക്ക് ഒന്നാം ക്ലാസു കിടുന്ന എല്ലാ കുട്ടികൾക്കും പാല ഗവ. ഹൈസ്കൂൾ P.T.A വക പാരിതോഷികങ്ങൾ വർഷം തോറും കൊടുത്തുവരുന്നുണ്ട്. ഇതു കൂടാതെ ഓരോ സ്കൂളിലും അതാത് സ്കൂൾ തലത്തിൽ ഏർപ്പെടുത്തിയ എന്റോവ്മെന്റുകൾ വേറെയുമുണ്ട്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ പാല.ഗവ. ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത് പഞ്ചായ്തിന്റെ കിഴക്കു ഭാഗത്താണ്. യാത്രാ സൗകര്യം കുറവുമാണ്. അതിനാൽ പഞ്ചായത്തിന്റെ മധ്യഭാഗം മുതലുള്ള കുട്ടികൾ 1995-96ൽ തില്ലങ്കരി പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ച C.H.M.M. ഹൈസ്കൂളിലേക്കാണ് പോകുന്നത്. കൂടാതെ പഞ്ചായത്തിലെ ചുരുക്കം കുട്ടികൾ പേരാവൂർ സെൻ.ജോസഫ് ഹൈസ്കൂളിലും ഇരിട്ടി ഹൈസ്കൂളിലും മണത്തണ ഗവ. H.S.S.ലും പോകുന്നുണ്ട്.

കഴിഞ്ഞ 5 വർഷത്തെ കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ ഗണ്യമായ അന്തരം ഉള്ളതായി കാണുന്നില്ല. കുട്ടികൾ കുറഞ്ഞ വിദ്യാലയങ്ങൾ പെരുമ്പുന്ന സെ.മേരീസ് യു.പി. സ്കൂളും നലൂർ എ.യു.പി. സ്കൂളുമാണ്. 1995-96ൽ തില്ലങ്കേരിയിൽ പുതിയ ഹൈസ്കൂൾ ആരംഭിച്ചെങ്കിലും പ്രവേശനത്തിൽ ഗണ്യമായ കുറവൊന്നും ഉണ്ടായിട്ടില്ല. മറ്റ് പ്രദേശങ്ങളിൽ കാണുന്നതുപോലെ ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തിനോട് അമിതമായ ഭ്രമം ഇവിടെ പൊതുവെ ബാധിച്ചിട്ടില്ല.

വിദ്യാലയങ്ങളിലെത്താൻ കുട്ടികൾ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നുണ്ടെന്ന കാര്യ പട്ടികയിൽ നിന്നും മനസ്സിലാക്കാം. മുഴക്കുന്നൽ ഗവ.യു.പി. സ്കൂളും വിളക്കോട് ഗവ. യു.പി. സ്കൂളും ഹൈസ്കൂളായി ഉയർത്തണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

വിദ്യാലയ ലയത്തിൻ ആകെ	പരമാവധി ദൂരം കി.മീ.	ശരാശരി ദൂരം കി.മീ
ലോവർ പ്രൈമറി സ്കൂൾ	1.5 കി.മീ	1കി.മീ
അപ്പർ പ്രൈമറി സ്കൂൾ	3 കി.മീ	1.5 കി.മീ
ഹൈസ്കൂൾ	6.5 കി.മീ	3കി.മീ
കോളേജ്	21 കി.മീ	18 കി.മീ

പഞ്ചായത്തിലെ വിദ്യാലയങ്ങളിലുള്ള 143 അധ്യാപകരിൽ കൂടുതൽ പേരും സ്ത്രീകളാണ്. മാറി വരുന്ന പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും ശരിയായ വിധത്തിൽ ഉൾക്കൊള്ളുകയും വിദ്യാർത്ഥികളുടെ മനോനില കണക്കിലെടുത്ത് പാഠ്യവസ്തുതകൾ ഗ്രഹിക്കാനുതകുന്ന പഠനപ്രവർത്തനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിന് അനുസ്യൂതമായ പരിശീലനം അധ്യാപകർക്ക് ലഭിക്കേണ്ടിയിരിക്കുന്നു.

വിദ്യാലയങ്ങളിലെ ഭൗതികസൗകര്യങ്ങൾ പൊതുവെ അപര്യാപ്തമാണെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. കെട്ടിട സൗകര്യം ആവശ്യത്തിനില്ല. മൂത്രപ്പുരകളും, കക്കൂസുകളും ആവശ്യത്തിനനുസരിച്ച് ഇല്ല. കെട്ടിടം പണിയാൻ സ്ഥലമില്ലാത്തതും കുടിവെള്ളം ലഭ്യമല്ലാത്തുമായ വിദ്യാലയവും ഉണ്ട്.

പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം പഞ്ചായത്തിലില്ല. ഇതിന്റെ ധർമം ചെറിയ തോതിൽ നിർവഹിച്ചുവരുന്നത് അംഗൻ വാടികളാണ്. മുഴക്കുന്ന ഗ്രാമീണ ഗ്രന്ഥാലയവുമായി സഹകരിച്ചുകൊണ്ട്

കേരള ശാസ്ത്ര സാഹിത്യപരിഷത്ത് 1989ൽ ആരംഭിച്ച് ഗ്രാമീണ നഴ്സറി സ്കൂൾ ഈ രംഗത്തെ പുത്തൻ അനുഭവമായിരുന്നു. കുട്ടികളിൽ നിന്ന് 20 രൂപ ഫീസു വാങ്ങിക്കൊണ്ട് പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിൽ പരിശീലനം ലഭിച്ച ടീച്ചർ ഉണ്ടായിരുന്നു. കുട്ടികൾക്ക് പാലടക്കമുള്ള ഭക്ഷണം കൊടുത്തിരുന്നു. ഈ വിദ്യാലയത്തിനു നേതൃത്വം കൊടുക്കാൻ ഒരു അക്കാദമിക്ക കമ്മറ്റിയും രൂപീകരിച്ചു. പുതിയ അംഗൻ വാടികൾ ആരംഭിച്ചതോടെ ഇതിന്റെ പ്രവർത്തനം നിർത്തലാക്കുകയാണ് ചെയ്തത്.

പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങൾ ഇല്ല തന്നെ 2 ടൈപ്പറൈറ്റിംഗ് സ്ഥാപനങ്ങൾ കാക്കയങ്ങാട് പ്രവർത്തിക്കുന്നു. ഏടത്തൂട്ടിയിൽ ഒരു ഹോം സയൻസ് പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

റഗുലർ കോളേജുകളിൽ പ്രവേശനം ലഭിക്കാത്തവരും ദൂരസ്ഥലത്ത് ഉപരിപഠനത്തിന് പോകാൻ തയ്യാറില്ലാത്തവരും എടത്തൂട്ടിയിലെ ഡി പോൾ കോളേജിനെയും കാക്കയങ്ങാടുള്ള എക്സലന്റ് കോളേജിനെയും ആശ്രയിക്കുന്നു. ചില വിദ്യാർത്ഥികൾ ഇരിട്ടിയിലെ പാരലൽ കോളേജുകളിലും പഠിക്കുന്നുണ്ട്.

പ്രശനങ്ങൾ

1. പാല ഗവ. ഹൈസ്കൂളിലെ S.S.LC വിജയശതമാനം വളരെ കുറവാണ്.

2. പാല ഗവ. ഹൈസ്കൂളിലെ വർക്കഷോപ്പ് അറ്റന്റർ തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

3. കടിക്കാപ്പാലം, പെരുമ്പുന്ന, വിളക്കോട് പ്രദേശത്തെ കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി പഞ്ചായത്തിനു പുറത്തേക്കു പോകേണ്ടിവരുന്നു.

4. വിദ്യാലയങ്ങളിലെ രക്ഷാകർതൃസമിതികളും, പൂർവ്വ വിദ്യാർത്ഥി സംഘടനകളും പലതും സജീവമല്ല.

5. മദർ പി.റ്റി.എ. ആരംഭകാലത്തെതുപോലെ സജീവ പങ്കാളിത്തം വഹിക്കുന്നില്ല.

6. പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങളില്ല

7. വിദ്യാലയങ്ങൾക്ക് കളിസ്ഥലങ്ങൾ ഇല്ല.

8. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് മതിയായ പരിഗണ നൽകുന്നില്ല.

9. അധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ ലഭിക്കുന്നില്ല.

10 അധ്യാപകരുടെ പദവി ഉയർത്താനുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല.

11. പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ല

സാധ്യതകൾ

1. വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ പി.ടി.എ.യുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

2. സ്വന്തമായി ഭൂമിയുള്ള വിദ്യാലയങ്ങളിൽ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ കളിസ്ഥലങ്ങൾ നിർവഹിക്കുക.

3. വിദ്യാലയത്തിനു ചുറ്റും ഹരിതവൽക്കരണം നടത്താനുള്ള പരിപാടി തയ്യാറാക്കുക. ഇതിൽ ഫലവൃക്ഷങ്ങൾക്ക് പ്രാധാന്യം നൽകുക.

4. ചെറിയ ക്ലാസുകളിൽ തന്നെ അക്ഷര ബോധം സംഖ്യാ ബോധം എന്നിവ ഉണ്ടാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

5. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ വിധത്തിൽ സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി എടുക്കുക.

6. ഇടയ്ക് പഠനം നിർത്തിപ്പോകുന്നവരെ തിരിച്ചുവിദ്യാലയത്തിലേക്കെത്തിക്കാൻ പ്രാദേശികസമിതികൾ രൂപീകരിച്ചു പ്രവർത്തിക്കുക.

7. അയൽപക്ക സ്കൂൾ എന്ന ആശയം പ്രാവർത്തികമാക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുകയും രക്ഷിതാകൾക്ക് ആവശ്യമായ ബോധവൽക്കരണം നൽക്കുകയും ചെയ്യുക.

8. പാഠാനുബന്ധ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽക്കുക. `ഗുരുകുലം' പദ്ധതി ത്വരിതപ്പെടുത്തുക.

9. പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കുക.

10. അധ്യാപകരുടെ കഴിവും, പദവിയും വർദ്ധിപ്പിക്കാൻ ആവശ്യമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

11. കാക്കയങ്ങാട് എൽ.പി.സ്കൂൾ അനുവദിച്ചുക്കിട്ടാനുള്ള പരിപാടി ആസൂത്രണം ചെയ്യുക.

12. അയ്യപ്പൻ കാവ് എൽ.പി.സ്കൂൾ U.P. ആയി ഉയർത്താന് നടപടി സ്വീകരിക്കുക.

13. അംഗൻ വാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും പരിശീലനങ്ങൾ നൽകുക.

14. സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിക്കുക നിലവിലുള്ള സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുക.

15. പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളുടെയും മറ്റ് പിന്നോക്ക വിദ്യാർഥികളുടെയും പഠനത്തിനിടക്കുള്ള കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക. മുഴുവൻ കുട്ടികളും സ്കൂളിൽ ചേരുമെന്ന ഉറപ്പാക്കുക.

16. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കുക.

പട്ടിക 6
വിദ്യാലയ സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളിസ്ഥലം	കിണർ പൈപ്പ്	പഠനോപകരണങ്ങൾ	ഫർണിച്ചറുകൾ
1	2	3	4	5	6	7	8	9	10	11	12	13	t#14
1	ഗവ.ഹൈസ്കൂൾ പാല	3 ഏ 1 സെ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	മതിയാവുകയില്ല	മതിയാവുകയില്ല
2.	ഗര. യു.പി.മുഴക്കുന്ന	43 1/2 സെ	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	മതിയാവുകയില്ല.
3.	ഗവ: യു.പി. വിളക്കോട്	1 ഏ 15 സെ	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	മതിയാവുകയില്ല.
4.	മുഴക്കുന്ന് യു.പി.സ്കൂൾ	1 ഏ 50 സെ	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട	ഇല്ല	മതിയാവുകയില്ല
5.	സെന്റ് മേരീസ് യു.പി. പെരുമ്പുന്ന	1ഏ 50 സെ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	മതിയാവുകയില്ല
6.	നല്ലൂർ എൽ.പി.	26 സെൻ	ഇല്ല	ഇല്ല	ഇല്ല	ഉണ്ട	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	മതിയാവുകയില്ല
7.	മുബാറക്ക് എൽ.പി അയ്യപ്പൻ കാവ്	1 ഏ 10 സെ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	മതിയാവുകയില്ല


* ഒരു വിദ്യാലയത്തിനും ചുറ്റുമതിൽ ഇല്ല


പട്ടിക


1995-96 വർഷത്തെ ആകെ കുട്ടികൾ, പിന്നോക്കവിഭാഗം വിദ്യാർത്ഥികൾ, തോറ്റുപഠിക്കുന്നവർ,. പഠനം നിർത്തിയവർ

സ്റ്റാൻ ഡേർഡ്	കുട്ടികളുടെ എണ്ണം			എസ്.സി.എസ്.ടി കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവരുടെ എണ്ണം						പഠനം നിർത്തിയവർ						പഠനം നിർത്തിയവർ ആകെ
							എസ്.സി./എസ്.ടി കുട്ടികൾ			മറ്റുള്ളവർ			എസ്.സി./എസ്.ടി കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	228	223	451	18	25	43													
II	223	233	456	18	13	31	2	3	5	23	9	32	1	0	1	2	1	3	4
III	253	236	489	21	13	34	2	5	7	18	15	33	2	2	4	3	1	4	8
IV	286	232	518	33	17	50	3	2	5	17	15	32	5	3	8	3	-	3	11
V	267	232	499	30	15	45	6	3	9	23	14	37	5	1	6	4	3	7	13
IV	291	263	554	3	7	23	60	5	4	9	22	14	36	8	4	12	3 3	6	18
VII	293	299	592	37	31	68	8	7	15	40	25	65	11	11	22	14	9	23	45
IX	168	160	328	20	16	36	14	10	24	14	7	21	2	3	5	6	4	10	15
X	122	127	249	14	6	20													
	2313	2185	4498	246	176	422	50	46	96	169	106	275	41	28	69	38	24	62	131


ക്രമ നമ്പർ	സ്കൂളിന്റെ പേര്	9991-92			1992-93			1993-04			1884-95			1996-97		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2.	ഗവ. ഹൈസ്കൂൾ പാല	86	71	157	61	48	109	131	131	262	129	109	238	120	100	220
2.	ഗവ. യു.പി.സ്കൂൾ മുഴക്കുന്ന്	31	20	51	43	18	61	38	7	45	34	8	42	31	6	37
3.	ഗവ.യു.പിസ്കൂൾ വിളക്കോട്	54	33	87	72	41	113	67	33	100	63	28	91	62	28	90
4.	മുഴക്കുന്ന് യു.പി.സ്കൂൾ	26	15	41	28	18	46	24	19	43	23	22	45	21	32	53
5.	സെന്റ് മേരീസ് യു.പി.സ്കൂൾ പെരുമ്പുന്ന	2	4	6	2	2	4	3	2	5	2	2	4	3	3	6
6.	മുബാറക്ക് എൽ.പി.സ്കൂൾ അയ്യപ്പൻ കാവ്	6	8	14	8	10	18	11	5	16	9	5	14	8	5	13
7.	നല്ലൂർ എൽ.പി.സ്കൂൾ								1	1	---			1 -	1	
	ആകെ	205	151	356	214	137	351	274	198	472	260	174	434	296	174	420


മുകളിലുള്ള ഗ്രാഫ് വിശകലനം
കുടിലിലെ അന്തേവാസികളുടെ വിദ്യാഭ്യാസനിലവാരത്തിന്റെ താരതമ്യം
2400
2380
2360
2340
2320
2300
2280
2260
2240
2220
2200
2180
2160
2140
2120
2100
1991 - 92
1992 - 93
1993 - 94
1994 - 95
1995 - 96


51%
37%
30%
40%
33%
55
50
45
40
35
30
25
20
15
10
5
0
1991-92
1992-93
1993-94
1994-95
1995-96


കേരളത്തെ താരതമ്യം ചെയ്യുന്നതിനുവേണ്ടി നിർമ്മിച്ച വിവിധ തരത്തിലുള്ള ബാറ്റൺ ചാർട്ട്
4.95%
3%
4.56%
2.5%
7%
2.7%
5.69%
3.69%
8.24%
3%
1991-92
1992-93
1993-94
1994-95
1995-96

വിവിധ അധ്യയന വർഷങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹാജർ


ഗ്രൂപ്പുകൾ തിരിച്ചുള്ള ഹാജർ നില
വിദ്യാർത്ഥികളുടെ പേരുകൾ
ദിവസങ്ങൾ
1000
990
980
970
960
950
940
930
920
910
900
890
880
870
860
850

പൊതുജനാരോഗ്യവും കുടിവെള്ളവും



പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ജനകീയവും ഔദ്യോഗികവും ആകുന്നതിനു മുമ്പ് നാട്ടുവൈദ്യം, പാരമ്പര്യ ചികിത്സ എന്നിവയിൽ പ്രഗത്ഭരായ വ്യക്തികളും കുടുംബങ്ങളും മുഴക്കുന്ന് പഞ്ചായത്തിലുണ്ടായിരുന്നു. ആയുർവേദം, വിഷചികിത്സ, മൃഗചികിത്സ, കളരി ചികിത്സ, ഒറ്റമൂലി ചികിത്സ, ഉഴിച്ചിൽ തുടങ്ങിയവ നിലനിന്നിരുന്നു. മാറിയ സാഹചര്യങ്ങളും പച്ചമരുന്നിന്റെ അഭാവവും ആധുനിക ചികിത്സാ സമ്പ്രദായങ്ങളുടെ കടന്നുകയറ്റവും പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളെ തളർത്തിയിട്ടുണ്ട്.

വസൂരി, മലമ്പനി, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ തലമുറകളോളം നീണ്ട ദുരിതങ്ങൾക്കും ജീവനഷ്ടത്തിനും കാരണമാക്കിയ കാലഘട്ടങ്ങൾ മുഴക്കുന്ന് പഞ്ചായത്തിലും ഉണ്ടായിരുന്നു. പല അസുഖങ്ങൾക്കും മന്ത്രച്ചരടു കെട്ടിയും ഭസ്മം മന്ത്രിച്ചുകൊടുത്തും, തെയ്യക്കോലങ്ങൾ കെട്ടിയാടിയും രോഗം മാറ്റാനുള്ള അന്ധവിശ്വാസ ജഡിലമായ സമ്പ്രദായങ്ങൾ മുമ്പുകാലം ഇവിടെയും സ്വീകരിച്ചുവന്നിരുന്നു. എന്നാൽ ഇത്തരം രീതികളൊന്നും ഇപ്പോൾ ഇല്ലെന്നു തന്നെ പറയാം.

കേരളപ്പിറവിക്കു മുമ്പുതന്നെ മദ്രാസ് സംസംഥാനത്തിന്റെ ഭാഗമായിരുന്ന മലബാറിൽ ചികിത്സാരീതികൾ സർക്കാർ തലത്തിൽ നടപ്പിലാക്കിയിരുന്നു. മുഴക്കുന്ന് പഞ്ചായത്ത് നിലവിൽ വന്നതിനുശേഷം 1973ൽ മാത്രമാണ്. പഞ്ചായത്തിൽ ഒരു ഗവ: ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചത്. ഒരു വാടക കെട്ടിടത്തിലാണ് ഡിസ്പെൻസറി ആദ്യം പ്രവർത്തിച്ചിരുന്നത്. ഡോക്ടർമാരെ കിട്ടാത്ത സ്ഥിതി, മരുന്നിന്റെ ലഭ്യതക്കുറവ് എന്നീ പ്രവാസങ്ങളും ആദ്യഘട്ടങ്ങളിൽ ഉണ്ടായിരുന്നു. ഇന്ന് സ്വന്തമായി കെട്ടിടവും സ്ഥിരമായി ഡോക്ടറും മറ്റ് ജീവനക്കാരുമുണ്ട്. 4 കുടുംബക്ഷേമ കേന്ദ്രങ്ങളും പഞ്ചായത്തിലുമുണ്ട്. പൊതുജനാരോഗ്യത്തിന്റെ കാര്യത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 18 അംഗൻവാടികളും പ്രവർത്തനം നടത്തിവരുന്നുണ്ട്.

പി.എച്ച്.സിക്കു പുറമെ സ്വകാര്യ മേഖലയിൽ ഹോമിയോപ്പതി ആയുർവേദ ചികിത്സാ സൗകര്യങ്ങൾ പഞ്ചായത്തിൽ ഉണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല. കിടത്തി ചികിത്സിക്കേണ്ട സ്ഥിതി വരുമ്പോൾ ഇരിട്ടി, പേരാവൂർ എന്നിവിടങ്ങളിലെ ആശുപത്രികളെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ഇൻപേഷ്യന്റ് വിഭാഗത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ ഒരു വാർഡിനുള്ള തുക അനുവദിച്ചു കിട്ടിയിട്ടുണ്ട്.

ആരോഗ്യകേന്ദ്രത്തിൽ സ്ഥിരമായി ഒരു ഡോക്ടറുണ്ട്. മറ്റും ജീവനക്കാരുടെയും ഒഴിവുകൾ ഇല്ല. രക്തം, മലം, മൂത്രം, കഫം എന്നിവ പരിശോധിക്കുന്ന ലാബറട്ടറി സൗകര്യവും ഇല്ല. കുടിവെള്ളത്തിന് ഒരു കിണർ സമീപത്തുണ്ട്. ആവശ്യത്തിന് മരുന്ന് ആരോഗ്യകേന്ദ്രത്തിൽ ലഭ്യമാണ്. വ്യാപകമായ പകർച്ച വ്യാധികളൊന്നും ആരോഗ്യകേന്ദ്രത്തിൽ അടുത്തകാലത്തൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ആശുപത്രിയിൽ വരുന്ന രോഗികളുടെ എണ്ണം മുൻ വർഷങ്ങളിൽ കുറവായിരുന്നത് ഇപ്പോൾ വർധിച്ചിട്ടുണ്ട്.

കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെപ്പുകൾ ആശുപത്രിയിൽ ചെയ്തു കൊടുക്കുന്നുണ്ട്. കൂടാതെ അംഗൻവാടികളിലും ഇതിനുള്ള സൗകര്യം ഉണ്ട്. എന്നാൽ ഈ സൗകര്യങ്ങളൊന്നും പ്രയോജനപ്പെടു

ത്താത്ത ചില രക്ഷിതാക്കളെങ്കിലും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലുള്ള ചുരുക്കം ക്ഷയരോഗികൾക്കായി മാസംതോറും നിശ്ചിത ദിവസം കേമ്പ് നടത്തുന്നുണ്ട്. കുഷ്ഠരോഗികളായ 4 യുവാക്കൾക്കും ഒരു സ്ത്രീക്കും പരിചരണവും ചികിത്സയും നൽകി വരുന്നത്. ഈയിടെ മാത്രം കണ്ടെത്തിയ മലമ്പനി രോഗത്തിനെതിരെ ഫലപ്രദമായ ചികിത്സ നൽകിവരുന്നു. കൊതുകു നിർമാർജനത്തിന് ജനങ്ങൾ ആവശ്യപ്പെട്ടിടത്തൊക്കെയും മരുന്ന് തളിച്ചുകൊടുത്തുവരുന്നുണ്ട്. ആശുപത്രിക്കു ചുറ്റും പുറംമതിൽ കെട്ടുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല.

അംഗൻവാടികളോടനുബന്ധിച്ച് ക്രമമായ കുത്തിവെപ്പുകളും ചികിത്സാസൗകര്യങ്ങളും സാധ്യമായതോടെ കുട്ടികളുടെ എണ്ണം ഓ.പി വിഭാഗത്തിൽ കുറയുന്നതായി കാണുന്നുണ്ട്. ഓ.പി വിഭാഗത്തിൽ സ്ത്രീകൾ കൂടുതലായി (23%) ചികിത്സയ്ക്കായി എത്തുന്നത് ശ്രദ്ധിക്കപ്പെടുന്നുണ്ട്. 1995-96ൽ കുട്ടികൾ കൂടുതലായി എത്തിയതായി കാണുന്നത് പൾസ് പോളിയോ പ്രോഗ്രാം പ്രവർത്തനത്തിന്റെ ഭാഗമായാണ്. 10 വാർഡുകളിലായി 18 അംഗൻവാടികളുണ്ട്. എങ്കിലും 4-ാം വാർഡിൽ ഒരു അംഗൻവാടി ഇല്ലെന്നുള്ളത് പോരായ്മയാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള വീടുകളിൽ 60% വീടുകൾക്കും കക്കൂസുകൾ ഇല്ല. (3814ൽ 2410) ഇതിന്റെ പ്രധാന കാരണം സാമ്പത്തിക വിഷമതയാണ്.

2. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം പഞ്ചായത്തിലില്ല.

3. പഞ്ചായത്തിലെ സബ് സെന്ററുകളുടെ എണ്ണം വളരെ അപര്യാപ്തമാണ്.

4. കോളനികളിൽ, പ്രത്യേകിച്ചും ലക്ഷംവീട് കോളനിയിൽ വർധിച്ചുവരുന്ന മാലിന്യ പ്രശ്നം ആരോഗ്യത്തെ ബാധിക്കുന്നു.

5. കാക്കയങ്ങാട് ടൗണിൽ റോഡരുകിൽ വാഹനങ്ങൾ കഴുകുന്നത് കാരണം തോട്ടിലെ വെള്ളം മലീനസമാകുന്നു.

6. ഹോട്ടലിലെ അവശിഷ്ടങ്ങൾ, പുറത്തേക്കുവിടുന്ന വെള്ളം എന്നിവ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

7. കൃഷിയിടങ്ങളിലെ അമിതമായ രാസവളപ്രയോഗം ഉണ്ടാക്കുന്ന മലിനീകരണം ആരോഗ്യത്തിന് തടസ്സമാകുന്നു.

8. കോളനികളിൽ, ലക്ഷംവീട് കോളനികളിൽ മലവിസർജനത്തിന് തോട് ഉപയോഗിക്കുന്നത് ജലമലിനീകരണം ഉണ്ടാക്കുന്നു.

9. പഞ്ചായത്തിലെ ചിലരെങ്കിലും മലമ്പനി ബാധിതരാണ്.

10. ചില കുട്ടികളിൽ കാണുന്ന ബുദ്ധിമാന്ദ്യത, ദമ്പതികളിൽ കാണുന്ന വന്ധ്യത ഒരു പ്രശ്നമാണ്.

11. പഞ്ചായത്തിൽ ആയുർവേദ, ഹോമിയോപ്പതി വേണ്ടവർ സ്വകാര്യ ഡോക്ടറെ സമീപിക്കേണ്ടിവരുന്നു.

12. വിദ്യാലയങ്ങളിൽ കക്കൂസിന്റെയും മൂത്രപ്പുരയുടെയും അപര്യാപ്തത നിലനിൽക്കുന്നു.

ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തിയവർ

വർഷം	പുരുഷൻ	സ്ത്രീകൾ	കുട്ടികൾ	അന്ധർ	ബധിരർ	മൂകർ	ആകെ
1991-92	1234	2156	1022	5	3	1	4421
1992-93	1316	2632	826	6	4	1	4785
1993-94	1422	1638	470	8	5	2	3545
1994-95	964	1382	736	5	3	1	3061
1995-96	1534	1994	1910	8	6	3	5455

അവലംബം: പ്രാഥമിക ആരോഗ്യ കേന്ദ്രം ഓ.പി ചികിത്സാരേഖകൾ

13. അംഗൻവാടികളിൽ പലതിനും പ്രാഥമിക സൗകര്യമില്ല.

സാധ്യതകൾ

ശുചിത്വമുള്ള കക്കൂസുകളുടെ ആവശ്യകതയെപ്പറ്റിയുള്ള ബോധവൽക്കരണം - സാമ്പത്തിക സഹായത്തോടെ കക്കൂസ് നിർമിച്ചുകൊടുക്കൽ - കക്കൂസ് നിർമാണത്തിൽ സന്നദ്ധസംഘടനകൾക്ക് പരിശീലനം.

2. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക, ലാബറട്ടറി സൗകര്യങ്ങൾ ഉണ്ടാക്കുക.

3. സബ് സെന്ററുകൾ വർധിപ്പിക്കുക.

4. ടൗണിലെ മാലിന്യങ്ങൾ നിക്ഷേപിക്കാനും നീക്കംചെയ്യാനും സൗകര്യങ്ങൾ ഉണ്ടാക്കുക. പൊതുചവറ്റുകൊട്ട സ്ഥാപിക്കുക.

5. റോഡരുകിൽ വാഹനങ്ങൾ കഴുകുന്നത് നിരോധിക്കുക.

6. അമിതമായ രാസവളം കീടനാശിനി പ്രയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുക.

7. ആരോഗ്യ ക്ലാസുകൾ സംഘടിപ്പിക്കുക, പട്ടികവർഗ കോളനികൾ കേന്ദ്രീകരിച്ച് കൂടുതൽ ബോധവൽക്കരണം നടത്തുക.

8. കൊതുകുകളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കക്കൂസ് ടാങ്കുകൾക്ക് വല നിർബന്ധമാക്കുക.

9. കുട്ടികളിൽ കാണുന്ന ബുദ്ധിമാന്ദ്യത, ദമ്പതികളിലെ വന്ധ്യത എന്നിവ ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപെടുത്തി ചികിത്സ ലഭ്യമാക്കുക.

10. മതസ്ഥാപനങ്ങളുടെ ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ കെട്ടാൻ പ്രേരിപ്പിക്കുക. ശ്മശാനങ്ങളിൽ വിളക്കു സ്ഥാപിക്കുക.

11. പഞ്ചായത്തിൽ ഹോമിയോ - ആയുർവേദ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

കുടിവെള്ളം

ജനങ്ങളുടെ ആരോഗ്യനില ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതയെ ആശ്രയിച്ചുനിൽക്കുന്നു. ദേശീയ കാഴ്ചപ്പാട് അനുസരിച്ച് 500 മീറ്റർ പരിധിക്കകത്ത് ജംലം ലഭ്യമാകുന്ന പ്രദേശത്തെ ജലക്ഷാമമില്ലാത്ത പ്രദേശമായി കണക്കാക്കുന്നു. കേരളത്തിലെ സാഹചര്യത്തിൽ പ്രസ്തുത ദൂരം 200 മീറ്ററാണ്. ഈ മാനദണ്ഡം അനുസരിച്ച് പരിശോധിച്ചാൽ മുഴക്കുന്ന് പഞ്ചായത്ത് ജലക്ഷാമം അനുഭവിക്കുന്ന പ്രദേശമല്ല.

പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രിയിക്കുന്നത്. ജനസംഖ്യയുടെ 73% വരും ഇവരുടെ എണ്ണം. പൊതുവിതരണ ടാപ്പുകൾ, ഉറവുകൾ, പുഴ എന്നിവയാണ് മറ്റു സ്രോതസ്സുകൾ.

സ്വന്തമായി വീട്ടുപറമ്പിൽ കിണറുള്ളവരാണ് അധികഭാഗം ജനങ്ങളും. കിണറുകളിലെ ജലനിരപ്പ് ഓരോ വർഷം കഴിയുന്തോറും താണുകൊണ്ടിരിക്കുന്നതായാണ് അനുഭവം വ്യക്തമാക്കുന്നത്.

1. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

വാർഡ് 1: കരുവാൻകുന്ന്, പിടാങ്ങോട്, ഓട്ടമരം, കോമത്തപറമ്പ്, കരിംകുണ്ട്.

വാർഡ് 2: തളിപ്പൊയിൽ, കുളിക്കുന്ന്, ലക്ഷംവീട് കോളനി, ഗ്രാമം, ഗുണ്ണിക.

വാർഡ് 3 : മുക്കഞ്ഞിക്കുണ്ട്, കുളങ്ങോട്ടുമൂല, കാലിക്കുണ്ട്, പറപ്പള്ളി, കുന്നുമ്മൽ പാറ, മാനിയിൽ, തട്ടാച്ചേരി, വലിയപറമ്പ്.

വാർഡ് 4 : പുല്ലാഞ്ഞിയോട്, കേളോത്തുഞാൽ, കല്ലേരി മല, ഇളോഞ്ഞി

വാർഡ് 5 : ആയിച്ചോത്ത്, കുട്ടിക്കുന്ന്, ലക്ഷംവീട് കോളനി, പെരുമ്പുന്ന കുന്നുമ്മൽ ഭാഗം

വാർഡ് 6 : കൊരഞ്ഞിമുക്ക്, പോതിയോട്, ഊർക്കോട്, അങ്ങാടിച്ചാൽ മിച്ചഭൂമി, പാല ലക്ഷംവീട് കോളനി.

വാർഡ് 7 : കാക്കയങ്ങാട്, കരിത്തോടം, വിളക്കോട് ടൗണിന് പടിഞ്ഞാറ് വശം.

വാർഡ് 8 : മുക്കിച്ചാൽ, ചുള്ളിയോട്, നരിക്കോട്, ചെങ്ങാടി

വാർഡ് 9 : ചാക്കാട്, കിരിപ്പാൽ, കപ്പണ, അയ്യപ്പൻകാവ് സ്കൂൾ, ലക്ഷം വീട് കോളനി.

വാർഡ് 10 : പിഞ്ഞാണപ്പാറ തട്ട്, നല്ലൂർ, വെള്ളമ്പാറ, പിടാങ്ങോട്, മാമ്പറം, ഉരിപീടിക

2. കിണറുകൾ വൃത്തിയാക്കുകയും ക്ലോറിനേഷൻ നടത്തുകയും ചെയ്യുന്നില്ല.

3. കടുത്ത പാറയുള്ള പ്രദേശങ്ങളിൽ കുടിവെള്ള

ത്തിന് കിണറുകളില്ല.

4. മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടക്കുന്നില്ല.

5. ഡിസംബർ മുതൽ തന്നെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വാർഡുകളുണ്ട്.

6. പഞ്ചായത്തിലെ ശുദ്ധജലവിതരണ സംവിധാനം ഫലപ്രദമല്ല. ടാപ്പുകൾ പ്രവർത്തിക്കുന്നില്ല.

സാധ്യതകൾ, നിർദേശങ്ങൾ.

1. കരുവാൻകുന്ന്, ഓട്ടമരം, പിടാങ്ങോട്, കോമത്തുപറമ്പ്, ഇവിടങ്ങളിൽ പൊതുകിണറുകൾ വേണം. കരിംകുണ്ട് എന്ന സ്ഥലത്തം കുളം ഉപഭോക്താക്കളുടെ അധ്വാനംകൊണ്ട് നന്നാക്കി ജലസേചനത്തിന് ഉപയോഗിക്കാം.

2. തളിപ്പൊയിൽ, കൂളിക്കുന്ന്, ലക്ഷം വീട് കോളനി, ഗ്രാമം, ഗുണ്ണിക, ഇവിടങ്ങളിൽ കിണറുകൾ കുഴിക്കണം. തളിപ്പൊയിലെ നീരുറവ ടാങ്കുക്കെട്ടി പ്രയോജനപ്പെടുത്താം. പഞ്ചായത്തു കിണറും ടാപ്പുകളും ഉപയോഗയോഗ്യമാക്കണം.

3. മുക്കത്തിക്കുണ്ട്, കുളോങ്ങോടുമൂല ഇവിടങ്ങളിൽ കിണറുകൾ വേണം. പറപ്പള്ളിയിൽ കുഴൽ കിണർ വേണം. കുന്നുമ്മൽ പറമ്പ് എന്ന സ്ഥലത്ത് കിണറിനുള്ള സ്ഥലവും കുഴിക്കാനുള്ള ആളുകളെയും കിട്ടാനുണ്ട്. മാനിയിൽ നീളമ്പാറ ഉറവ, വിയപറമ്പ് ഉറവ, എന്നിവ വിപുലമാക്കി ടാങ്കുകെട്ടി സംരക്ഷിച്ച് കുടിവെള്ളത്തിനുപയോഗിക്കാം.

4. പുല്ലാഞ്ഞിയോട് കൂവേരി മല ഉറവ, കല്ലേരി മല ഉറവ, എന്നിവ കുടിവെള്ളത്തിന് ഉപയോഗിക്കാം. കോളോത്ത്ഞാൽ, ഇളോഞ്ഞി ഇവിടങ്ങളിൽ കിണറുകൾ വേണം.

5. പെരുമ്പുന്ന കുന്നുമൽ ഭാഗം ലക്ഷംവീട്, കൂട്ടിക്കുന്ന് ഇവിടങ്ങളിൽ പൊതു കിണറുകൾ വേണം. എടുത്തൂട്ടി കുരിശും മൂട്ടിൽ തോമസ്സിന്റെ കുളത്തിൽ നിന്ന് വരൾച്ചക്ക് ശേഖരിക്കാൻ നിർമ്മിച്ച കല്ലേരിയമലയിലെ ടാങ്കിലേക്ക് വെള്ളം പമ്പു ചെയ്ത് നിർത്തി ജലക്ഷാമം പരിഹരിക്കണം.

6. ഊർക്കോട്, അങ്ങാടിച്ചാൽ, ലക്ഷംവീട്, മിച്ചഭൂമി കോളനികൾ ഇവിടങ്ങളിൽ കിണറുകൾ വേണം. കൊരഞ്ഞിമുക്ക്, പോതിയോട് ഇവിടുത്തെ തന്നെ ഉറവകൾ പ്രയോജനപ്പെടുത്തണം.

7. കരിത്തോട്ടം, കുന്നിനുമുകൾ, തട്ടിൽ താഴെ, ഇവിടങ്ങളിലെ ഉറവകൾ സംഭരിച്ച് ഉപയോഗിക്കണം. ആറളം പുഴയിൽ നിന്ന് പമ്പു ചെയ്യുന്ന വെള്ളം തട്ടിനു മുകൾഭാഗത്ത് സംഭരിച്ച് ചുറ്റുപാടം കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കണം.

8. മുക്കിച്ചാൽ, നരിക്കുളം ചുള്ളിടയോടം, കിണറുകളും ചെങ്ങോടിയിലെ നീരുറവയും കുടിവെള്ളത്തിനായി ഉപയോഗിക്കണം.

9. ചാക്കാട്, കിരിപ്പിൽ, അയ്യപ്പൻകാവ്, ഇവിടങ്ങളിൽ കിണർ വേണം. ലക്ഷം വീട് കോളനിയിലെ കിണറും കുഴൽ കിണറും റിപ്പയർ ചെയ്യണം.


10. കാക്കയങ്ങാട് ടൗണിനു കിഴക്ക്, പിഞ്ഞാണപ്പാറ, തട്ടിനു താഴെ ഭാഗം, ഇവിടങ്ങളിൽ കിണർ വേണം. മാമ്പറം ഉളീപ്പടി മുക്ക ഇവിടങ്ങളിൽ കുഴൽക്കിണർവേണം. പഞ്ചായത്ത് ജലവിതരണം കാര്യക്ഷമാക്കണം.

11. ചെറുകിട ജലസേചനത്തിന് തടയണകൾ നിർമ്മിക്കണം.

12. നീർ മറി പദ്ധതിയോടു ബന്ധപ്പെടുത്തി മണ്ണ്-ജല സംരക്ഷണം ഊർജിതമാക്കണം.

13. പാലയിലെ പൊതുകുളവും സ്ഥലവും പഞ്ചായത്ത് പ്രത്യേകമായി ഏറ്റെടുക്കത്തു സംരക്ഷിക്കണം.

14. നിലവിലുള്ള പൊതു കിണറുകൾ റിപ്പയർ ചെയ്തു ജലക്ഷാണം പരിഹരിക്കണം.



ഗതാഗതം

ആധുനിക യുഗത്തിൽ ഗതാഗതത്തിന്റെയും റോഡുകളുടേയും പ്രാധാന്യം എടുത്തുപറയേണ്ടവ യാണ്. നാടിന്റെ വളർച്ചയെ നിർണ്ണായകമായി സ്വാധീ നിക്കുന്ന റോഡുകളും ഗതാഗത സൗകര്യങ്ങളും നമ്മുടെ പഞ്ചായത്തിൽ മറ്റ് മേഖലകളെ അപേക്ഷിച്ച് മെച്ചമാണ്. 1954ൽ മുഴക്കുന്ന് പഞ്ചായത്ത് രൂപീകൃത മായതിന് ശേഷം ഈ പഞ്ചായത്തിൽ ഗതാഗത സൗക ര്യവും റോഡുകളുടെ നിർമ്മാണവും ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്. പഞ്ചായത്ത് രൂപംകൊണ്ടപ്പോൾ നാമമാത്രമായ റോഡുകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഇരിട്ടി- പേരാവൂർ PWD റോഡ്, കാക്കയങ്ങാട്- ഓടൻ തോട് കൂപ്പ് റോഡ്, കാക്കയങ്ങാട് - ഉരുവച്ചാൽ റോഡ് എന്നിവ മാത്രമാണ് ആസമയത്ത് ഉണ്ടായിരുന്നത്. ഇവ ഒന്നുംതന്നെ ടാർ ചെയ്ത റോഡുകൾ ആയിരുന്നില്ല. ഇവയിൽ തന്നെ ഇരിട്ടി-പേരാവൂർ റോഡിൽ മാത്രമാണ് ഗതാഗത സൗകര്യം ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും റോഡുകളും കൂടുതൽ പ്രദേശങ്ങളിലേക്ക് ഗതാഗത സൗകര്യങ്ങളും നിലവിലുണ്ട്. എങ്കിലും ഈ രംഗത്ത് ഇനിയും ഒട്ടുവ ളരെ നേട്ടങ്ങളുണ്ടാക്കുവാൻ ആവശ്യമായ പ്രവർത്ത നങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകൾ സംരക്ഷിക്കുന്നതിൽ സാമാന്യജനങ്ങൾക്കുള്ള താല്പര്യമില്ലായ്മ.

2. വെള്ളം ഒഴുകിപോകുവാൻ റോഡ് ഓരങ്ങളിൽ ആവശ്യമായ സ്ഥലത്ത് ഓവുചാലുകൾ ഇല്ലാത്തതും, ആവശ്യമായ സ്ഥലത്ത് കലുങ്കുകൾ നിർമ്മിക്കാ ത്തതും, റോഡിന് ചില സ്ഥലങ്ങളിൽ ആവശ്യമായ വീതി ഇല്ലാത്തതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

3. നമ്മുടെ ഭൂപ്രകൃതിക്ക് അനുയോജ്യമായ വിധം റോഡുകൾ രൂപകല്പന ചെയ്യുന്നതിൽ നേരിടുന്ന അപാകത.

4. റോഡുനിർമ്മാണത്തിൽ കരാറുകാരും മറ്റും അമി തമായ ലാഭ മുണ്ടാക്കാൻ നിർമ്മാണ പ്രവർത്തനത്തിൽ വരുത്തുന്ന അഴിമതികളും ക്രമക്കേടും.

5. വാഹനങ്ങൾ വർദ്ധിച്ചുവരുന്നതിനനുസരിച്ച് അവ പാർക്ക് ചെയ്യുന്നതിന് പ്രത്യേകിച്ച് പഞ്ചായത്തിന്റെ സിരാകേന്ദ്രമായ കാക്കയങ്ങാട് ബസ് സ്റ്റാന്റിന്റെ അഭാവം.

6. റോഡുകളുടെ അറ്റകുറ്റപണികൾ യഥാസമയം ചെയ്യാതിരിക്കാൻ.

7. ടെലഫോൺ പോസ്റ്റുറുകൾ, ഇലക്ട്രിക് പോസ്റ്റ റുകൾ എന്നിവ റോഡിലേക്ക് തള്ളി നില്ക്കുന്നത് സുഗ മമായ ഗതാഗതത്തിന് തടസ്സമാകുന്നു.

8. പുതിയ റോഡുകളുടെ നിർമ്മാണത്തിന് ആവ ശ്യമായ സ്ഥലം വ്യക്തികളിൽനിന്നും വിട്ടുകിട്ടുന്നതി ലുള്ള പ്രയാസം.

9. ടെലഫോൺ കേബിളിടാൻ റോഡുകൾ വെട്ടി പ്പൊളിക്കുന്നത്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

ഗ്രാമസഭായോഗങ്ങളിൽ താഴെ പറയുന്ന റോഡു കൾ ഗതാഗത യോഗ്യമാക്കണമെന്ന നിർദ്ദേശമാണ് ഉണ്ടായിട്ടുള്ളത്.

ടാർ ചെയ്യേണ്ട റോഡുകൾ

1. ഓട്ടമരം - നല്ലൂർ റോഡ് ടാർ ചെയ്തത് കഴിച്ചുള്ള ഭാഗം.

2. നല്ലൂർ - വെള്ളംപാറ റോഡ്.
3. മുഴക്കുന്ന് - എടത്തുട്ടി റോഡ്.
4. മുഴക്കുന്ന് ആനക്കുഴി, മുരിങ്ങോടി റോഡ് ടാർ ചെയ്തത് കഴിച്ചുള്ള ഭാഗം.
5. മുഴക്കുന്ന് - ആനക്കുഴി, മുരിങ്ങോടി റോഡ് ടാർ ചെയ്തത് കഴിച്ചുള്ള ഭാഗം.
6. കുട്ടിക്കുന്ന് - പുല്ലാഞ്ഞിയോട് - നെല്ലിയാട് റോഡ്
7. എടത്തുട്ടി - പെരുമ്പുന്ന റോഡ്.
8. പാലപ്പുഴ - അയ്യപ്പൻ കാവ് റോഡ്
9. വിളക്കോട് അമ്പലം - ചുള്ളിയാട് കോളനി റോഡ് ടാർ ചെയ്തത് കഴിച്ചുള്ള ഭാഗം.
10. വിളക്കോട് - പാറക്കണ്ടം - കായപ്പനിച്ചി റോഡ്
11. കാക്കയങ്ങാട് - പാറക്കണ്ടം റോഡ്.
12. വിളക്കോട് - അയ്യപ്പൻകാവ് റോഡ് ടാർ ചെയ്തത് കഴിച്ചുള്ള ഭാഗം.
13. കാക്കയങ്ങാട് - പുന്നാട് റോഡ് ടാർ ചെയ്തത് കഴിച്ചുള്ള ഭാഗം.
14. പെരുമ്പുന്ന - പാലപ്പുഴ റോഡിൽ പാലത്തിന്റെ ഇരുവശത്തും ടാർ ചെയ്യാത്ത ഭാഗം.
15. ഗുണ്ണിക - മുടക്കോഴി - ഹരിജൻ കോളനി റോഡ്.

വീതി കൂട്ടി ടാർ ചെയ്യേണ്ട റോഡുകൾ

1. കടുക്കാപ്പാലം - മുടക്കോഴി റോഡ്
2. മുരിക്കിൻ പറമ്പ് - മുടക്കോഴി റോഡ്

നിലവിലുള്ളതും പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കേണ്ടതുമായ റോഡുകൾ

1. ചെമ്പകത്തിൽ കീഴിൽ - നല്ലൂർ സ്കൂൾ റോഡ്.
2. മുഴക്കുന്ന് പള്ളി - നിടുവാൻ കണ്ടി റോഡ്
3. കുളിക്കുന്ന് - നല്ലൂർ പള്ളി റോഡ്
4. നല്ലൂർ സ്കൂൾ - വഞ്ഞേരി റോഡ്
5. മുഴക്കുന്ന് - കിഴക്കേ വയൽ - ഗ്രാമം റോഡ്
6. മുഴക്കുന്ന് - കുളിക്കുന്ന് - വട്ടപ്പൊയിൽ റോഡ്
7. മുടക്കോഴി സ്കൂൾ - ആനപ്പാറ - ഹരിജൻ കോളനി റോഡ്
8. മുടക്കോഴി സ്കൂൾ - മൂക്കത്തിൽ - കൊളവങ്ങോട് റോഡ്
9. കാക്കയങ്ങാട് - ഉളീപ്പടി - നരഹരിപ്പറമ്പ ക്ഷേത്രം റോഡ്
10. കൊക്കക്കാവ് - എളോഞ്ഞി - എടത്തുട്ടി റോഡ്
11. കേളോത്ത് ഞാൽ - എളമ്പിലാൻചാൽ - പുല്ലാത്തിയോട് മൂത്തേടത്ത് ക്ഷേത്രം റോഡ്.
12. കൂട്ടക്കളം - കായക്കുന്ന് - നരഹരിപറമ്പ് ക്ഷേത്രം റോഡ്.
13. എടത്തുട്ടി - കല്ലേരി മല റോഡ്.
14. കുഞ്ഞിപറമ്പ് - പാലക്കോളനി റോഡ്.
15. പാല - കറളം - കൊട്ടയാട് റോഡ്.
16. പാല ഹൈസ്കൂൾ - കറളം താഴെ - ചേന്തോട് - മണിയാണി റോഡ്
17. പെരുമ്പുന്ന - കുന്നുമ്മൽ - കല്ലേരിമല റോഡ്
18. പാലപ്പള്ളി - കൂലോഭാഗം - മഠത്തിമൂല റോഡ്
19. പാലപ്പള്ളി - പുലിമുണ്ട - മണിയാണി റോഡ്
20. കൊരഞ്ഞി - കൂവേരി തട്ട് - പിഞ്ഞാണപ്പാറ - അയ്യപ്പൻ കാവ് റോഡ്
21. വിളക്കോട് - കുന്നത്തൂർ - കരിയിൽത്തോട്ടം - കായപ്പനിച്ചി ഡിപ്പോ റോഡ്.
22. നിട്ടൂർ അമ്പലം - പാലച്ചാൽ - ചുള്ളിയാട് കോളനി റോഡ്.
23. വിളക്കോട് - കുന്നത്തൂർ - കായപ്പനിച്ചി റോഡ്.
24. പിടാങ്ങോട് - കായപ്പനിച്ചി റോഡ്
25. ഉളീപ്പടി - തട്ട് - അയ്യപ്പൻ കാവ് റോഡ്

ഗതാഗത യോഗ്യമാക്കേണ്ട മൺറോഡുകൾ

1. നല്ലൂർ മഠം - മാമ്പറം റോഡ്
2. ഓട്ടമരം - പിടാങ്ങോട് റോഡ്

3. കാക്കയങ്ങാട് - എളോഞ്ഞി റോഡ്
4. ഗ്രാമം - പുരളി മല - പെരിങ്ങാനം റോഡ്
5. പുല്ലാഞ്ഞിയോട് - നരഹരിപ്പറമ്പ് ക്ഷേത്രം റോഡ്
6. കുട്ടിക്കുന്ന് - എടം റോഡ്
7. എടത്തൂട്ടി - കല്ലടിക്കാവ് റോഡ്
8. പാലപ്പള്ളി - മണിയാണി - പെരുമ്പുന്ന റോഡ്
9. ആയിച്ചോത്ത് - പണിയോട് റോഡ്
10. ചെതുമ്പൽ - പുല്ലാഞ്ഞിയോട് റോഡ്
11. പാലപ്പള്ളി - അങ്ങാടിചാൽ റോഡ്
12. വിളക്കോട് - ചാക്കാട് റോഡ്
13. മുക്കിച്ചാൽ - ആറളം കണ്ടി റോഡ്.
14. അയ്യപ്പൻ കാവ് - പുഴക്കടവ് റോഡ്
15. കരുവള്ളി - തില്ലങ്കേരി വായനശാല റോഡ്

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. മുഴക്കുന്ന് - മുടക്കോഴി റോഡിൽ മുഴക്കുന്ന് വയലിൽ നിന്ന് തുടങ്ങി കളരിക്ഷേത്രത്തിൽ അടുത്തു വരെ.
2. വട്ടപ്പൊയിൽ - ഓട്ടമരം റോഡ്
3. കടുക്കാപ്പാലം - നല്ലൂർ റോഡ്
4. കരുവാട് - പണിയാനം റോഡ്
5. നെയ്യളം - മുഴക്കുന്ന് അമ്പലം റോഡ്
6. കുട്ടിക്കുന്ന് - പാലപ്പറമ്പത്ത് വഴി - ആക്കൽ താഴെ റോഡ്
7. പാല - മിച്ചഭൂമി - ചേന്തോട് റോഡ്
8. വിളക്കോട് അമ്പലം - കുമ്പംചാൽ - പടിഞ്ഞാണപ്പാറ റോഡ്
9. ഊർപ്പാൽ - കൈതച്ചാൽ - പാറക്കണ്ടം റോഡ്
10. കുളത്തിന്റവിടെ - ആവിലം - ഇടയ്ക്കുന്ന് റോഡ്
11. വിളക്കോട് വളവ് - മുക്കിച്ചാൽ - ലക്ഷം വീട് കോളനി റോഡ്
12. ചാക്കാട് - മുരിങ്ങൂർ റോഡ്
13. തിരിപ്പ് മുക്ക് - അംഗൻവാടി സ്ഥലം റോഡ്
14. പാറക്കണ്ടം - അമ്പലത്തട്ട് റോഡ്
15. പിഞ്ഞാണപ്പാറ - വിളക്കോട് അമ്പലം റോഡ്
16. വെള്ളം പാറ - മാമ്പറം റോഡ്
17. ഉളിപ്പടി - മിച്ചഭൂമി റോഡ്
18. പുത്തലത്ത് താഴെ - പാലക്കുന്ന് റോഡ്
19. പാലപ്പള്ളി - മണിയാണി - പെരുമ്പുന്ന റോഡ്.

നടപ്പാത നിർമ്മിക്കേണ്ട സ്ഥലം

1. കളരിക്ഷേത്രം - തട്ടാന്റെ താഴെ വരെ.
2. ആയിച്ചോത്ത് - ഓട്ടാണി - സിനിമാ ടാക്കീസ്
3. കാക്കയങ്ങാട് മത്സ്യമാർക്കറ്റ് - കൊക്കക്കാവ്
4. എടത്തൊട്ടി - കൂരാറ്റിൽ അമ്പലം
5. പാലപ്പുഴ CITU ആഫീസ് - ചെക്കികോളനി
6. പാലപ്പള്ളി - ചേന്തോട്
7. ഊർപ്പാൽ കോറക്കു സമീപം നിലവിലുള്ള വഴി
8. വിളക്കോട് ടൗൺ - അടക്കാക്കളം - തട്ട്
9. ചെങ്ങാടി വയൽ - നരിക്കുളം
10. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വീടുകളിലേക്കും നടപ്പാത നിർമ്മിക്കേണ്ടതാണ്.

നടപ്പാലം നിർമ്മിക്കേണ്ട സ്ഥലം		എണ്ണം
1.	കല്ലടിത്തോട്	1
2.	പാറയമ്മൽതോട്	1
3.	മുളിയിൽ തോട്	1
4.	തട്ടാച്ചേരി തോട്	1
5.	കിഴക്കേ വയൽ തോട്	2
6.	നെയ്യളം	1
7.	പന്നിയോട് തോട്	3
8.	കറളം താഴെ തോട്	1
9.	കീരിക്കുന്നുമ്മൽ തോട്	1
10.	അവക്കളം	1
11.	ചെരുവിൽ തോട്	1
12.	തൊണ്ടൻ കുഴി തോട്	1
13.	പന്ന്യോട് തോട്- കുഞ്ഞിരാമൻ താഴ	1
14.	പുളിമുണ്ട	1

പാലം

ആറളം പുഴക്ക് അയ്യപ്പൻകാവ് എന്ന സ്ഥലത്ത് പാലം നിർമിക്കേണ്ടതാണ്.

ഓവുപാലം നിർമ്മിക്കേണ്ട സ്ഥലം

	റോഡിന്റെ പേർ സ്ഥലം	എണ്ണം
1.	കാക്കയങ്ങാട് - പാലപ്പുഴ	
	a) പാലപ്പുഴ	1
	b) പാലപ്പള്ളി	1
	c) പാലപ്പുഴ കവല	1
2.	ചെന്തോട് - പെരുമ്പുന്ന ചേന്തോട്	1
3.	പാല സ്കൂൾ - മണിയാണി ചേന്തോട്	1
4.	മൈലാടം പാറ - ചാക്കാട്	3
5.	വിളക്കോടിൽ - വിളക്കോട് - കായപനിച്ചി റോഡ് കവല	1

ഡ്രെയിനേജ് നിർമിക്കേണ്ട സ്ഥലങ്ങൾ

1. കാക്കയാട് - ഉരുവച്ചാൽ റോഡിൽ

2. ഇരിട്ടി പേരാവൂർ റോഡിൽ

a) പുന്നാട് രോഡ് കവല മുതൽ - കൊക്കക്കാവ് വരെ

b) കല്ലേരി മല മുതൽ എടത്തുടി വരെ

3. കാക്കയങ്ങാട് - പാലുപ്പുഴ റോഡിൽ

a) കാക്കയങ്ങാട് മുതൽ സിനിമാ ടാക്കീസ് വരെ.

b) പാലപ്പള്ളി മുതൽ പാലപ്പുഴ വരെ.

വെയിറ്റിങ്ങ് ഷെൽട്ടർ

1. കാക്കയങ്ങാട് - ഇരിട്ടി റോഡിൽ ഉളീപ്പടി മുക്കിൽ

2. പാല ജി.എസ്.എസ്. നു സമീപം

റോഡ് സംരക്ഷണ നടപടികൾ

1. ടെലഫോൺ, വാടർ സപ്ലൈ എന്നീ ആവശ്യങ്ങൾക്ക് വേണ്ടി റോഡിന്റെ ഇരുവശത്തും കുഴിക്കുന്നതുമൂലം റോഡിന്റെ വശങ്ങൾ തകരുന്നതും, ഗതാഗത പ്രശ്നങ്ങൾ ഉണ്ടാകുന്നതും ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

2. റോഡിന്റെ വശങ്ങളിൽ സ്ഥിരമായി കല്ല്, മരം മുതലായവ ഇടുന്നത് ഒഴിവാക്കുവാൻ വേണ്ട നടപടികൾ ഉണ്ടാക്കണം.

3. കാക്കയങ്ങാട് വെയിറ്റിംഗ് ഷെൽട്ടറിന്റെ ഇരുവശത്തും മെയിൻ റോഡിൽ ചുരുങ്ങിയത് 25 മീറ്റർ വീതമെങ്കിലും ദൂരത്തിനുള്ളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് നിരോധിക്കണം.

4. പഞ്ചായത്തിന്റെ സിരാകേന്ദ്രമായ കാക്കയങ്ങാട് ബസ് സ്റ്റാന്റ് ഉണ്ടാക്കണം.

യാത്രാപ്രശ്നം

താഴെ പറയുന്ന റൂട്ടുകളിൽ ബസ് ഗതാഗതം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

1. കണ്ണൂർ - ഉരുവച്ചാൽ - തില്ലങ്കേരി- കാക്കയങ്ങാട് - കൊട്ടിയൂർ റൂട്ടിൽ KSRTC ബസ് സർവ്വീസ്.

2. കണ്ണൂർ- ഇരിട്ടി ചാക്കാട് - അയ്യപ്പൻ കാവ്- പാലപ്പുഴ- ആറളംഫാം റൂട്ടിൽ KSRTC ബസ് സർവ്വീസ്.

3. കാക്കയങ്ങാട് വരെ മാത്രം വരുന്ന ബസ്സുകളുടെ സർവ്വീസ് മുടക്കോഴി വരെ നീട്ടണം.

സാധ്യതകൾ

1. പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ മുഴുവൻ യഥാസമയം സംരക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതിന്റെ ഭാഗമായി ഓവുചാലുകൾ ആവശ്യമുള്ളിടത്തെല്ലാം അവ നിർമിക്കാവുന്നതാണ്. അറ്റകുറ്റ പണികൾ യഥാസമയം ചെയ്യേണ്ടതാണ്. പഞ്ചായത്തിലെ പ്രധാന PWD റോഡായ ഇരിട്ടി - പോരാവൂർ റോഡിൽ ഏടത്തൂട്ടി മുതൽ കല്ലേരി മല വരെയുള്ള ഭാഗത്ത് വീതി കൂട്ടിയും റോഡിന്റെ ചെങ്കുത്തായ കിഴക്ക് ഭാഗത്ത് കരിങ്കൽ ഭിത്തി കെട്ടുകയും ചെയ്താൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

2. പഞ്ചായത്തിലെ മറ്റൊരു പ്രധാന റോഡായ കാക്കയങ്ങാട് - ഉരുവച്ചാൽ റോഡിൽ മിക്കസ്ഥലത്തും വീതിക്കുറവ് ഉള്ളത് അപകടസാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു. ഈ റോഡിന് ലഭ്യമായ മുഴുവൻ സ്ഥലവും പ്രയോജനപ്പെടുത്തി വീതി കൂട്ടിയാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. കാക്കയങ്ങാട് ടൗണിലുള്ള ഓവുപാലത്തിന് വീതി കുറവായതിനാൽ വാഹനം സുഗമമായി കടന്നുവരുന്നതിൽ നിലവിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി ഈ ഓവുപാലം വീതി കൂട്ടി നിർമിക്കേണ്ടതാണ്.

3. വൈദ്യുതി - ടെലഫോൺ പോസ്റ്റുകൾ റോഡിൽനിന്ന് വിട്ടുമാറ്റി സ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിക്കാവുന്നതാണ്.

4. റോഡുകളിൽ സൈൻ ബോഡുകൾ വേണ്ട സ്ഥലത്തെല്ലാം സ്ഥാപിക്കേണ്ടതാണ്.

5. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ കാക്കയങ്ങാട്, മുഴക്കുന്ന്, വിളക്കോട് എന്നിവിടങ്ങളിൽ ഡ്രൈനേജ് പദ്ധതി നടപ്പിലാക്കേണ്ടതാണ്. കൂടാതെ ടൗൺ ഉൾപ്പെടുന്ന റോഡിന്റെ മുഴുവൻ ഭാഗങ്ങളും ടാർ ചെയ്യാവുന്നതുമാണ്.

6. നാലു റോഡുകൾ കൂടിച്ചേരുന്നതും പഞ്ചായത്ത് ആസ്ഥാനവുമായ കാക്കയങ്ങാട് ടൗണിൽ ഗതാഗത കുരുക്ക് നിത്യേന വർധിച്ചുവരികയാണ്. ആറളം ഫാമിലേക്കുള്ള പ്രധാന കവാടമാണ് കാക്കയങ്ങാട്. പാല ഹൈസ്കൂളിലെ ഭൂരിഭാഗം കുട്ടികളും കാക്കയങ്ങാട് വഴിയാണ് സ്കൂളിൽ എത്തുന്നത്. അപകട സാധ്യതകൾ ഒഴിവാക്കുന്നതിനുവേണ്ടി ടൗണിൽ നടപ്പാത നിർമിക്കാവുന്നതാണ്. ടൗണിലെ വാഹന തിരക്കുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനു വേണ്ടി കാക്കയങ്ങാട് യുക്തമായ സ്ഥലത്ത് പഞ്ചായത്ത് ബസ് സ്റ്റാന്റ് സ്ഥാപിക്കാവുന്നതാണ്. അതുപോലെ ടാക്സി, ഓട്ടോ സ്റ്റാന്റുകളും ഏർപ്പെടുത്താവുന്നതാണ്.

7. റോഡു നിർമാണത്തിലെ അപാകതകളും അഴിമതിയും പരിഹരിക്കുന്നതിന് ഭാവിയിൽ റോഡു നിർമ്മാണം ജനകീയ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കാവുന്നതാണ്.

8. റോഡുകളുടെ ഇരുവശങ്ങളിലും, ഓവുചാലുകളിലും മറ്റും മരം, കല്ല് മുതലായവ ഇടുന്നതുകൊണ്ട് റോഡുകളുടെ സുരക്ഷിതത്വം അപകടത്തിലാവുന്നു. റോഡ് സംരക്ഷണസമിതികൾ രൂപീകരിച്ച് റോഡുകൾ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

9. പഞ്ചായത്തിലെ നടപ്പാതകളില്ലാത്ത വീടുകളിലേക്ക് പോകുവാൻ നടപ്പാതകൾ ഉണ്ടാക്കുന്നതിന് ബഹുജനപങ്കാളിത്തത്തോടുകൂടി ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. നടപ്പാതകൾ ഉണ്ടാക്കാൻ ആവശ്യമായ നിയമ നിർമാണങ്ങൾ നടത്തുന്നതിനു വേണ്ടി പഞ്ചായത്ത് മുൻകൈയെടുത്ത് പ്രവർത്തിക്കേണ്ടതാണ്.

10. ടെലഫോൺ, വാട്ടർ സപ്ലൈ എന്നിവയുടെ ആവശ്യത്തിലേക്കായി റോഡിനിരുവശത്തും കുഴിക്കുന്നത് കാരണം വാഹന ഗതാഗതത്തിന് തടസ്സമാകുന്നതും റോഡുകളുടെ തന്നെ നിലനില്പിന് ഭീഷണിയാകുന്നതും ഒഴിവാക്കേണ്ടതാണ്.

11. റോഡപകടങ്ങൾ ഒഴിവാക്കാൻ ആവശ്യപ്പെട്ട പ്രകാരമുള്ള മുഴുവൻ റോഡുകളും ഒറ്റയടിക്ക് ഗതാഗത യോഗ്യമാക്കുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ തികച്ചും അപ്രായോഗികമാണ്. അതുപോലെ തന്നെ പുതിയ റോഡുകൾ എല്ലാം ഉടനെ നിർമിച്ച് ഗതാഗതയോഗ്യമാക്കുക എന്നതും പ്രയാസകരമാണല്ലോ? ആയതിനാൽ ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് പട്ടിക 1-ലും 2-ലും കാണിച്ചിരിക്കുന്ന റോഡുകളുടെ മുൻഗണന നിശ്ചയിച്ച് നിർമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഫണ്ടുകളുടെ ലഭ്യത കണക്കിലെടുത്ത് കൾവർട്ടുകളുടെയും നടപ്പാലങ്ങളുടെയും നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. ഇക്കാര്യത്തിൽ പരമാവധി ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താവുന്നതുമാണ്. ആറളം പുഴക്ക് അയ്യപ്പൻകാവുൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി പാലം നിർമിക്കുവാൻ വേണ്ട നടപടിയും സ്വീകരിക്കാവുന്നതാണ്.

വാർത്താ വിനിമയം

വാർത്താ വിനിമയ രംഗത്ത് ടെലിഫോണിന്റെ പരിമിതി നമ്മുടെ പഞ്ചായത്തിലെ ചില പ്രത്യേക മേഖലകളുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വ്യവസായരംഗം പ്രതീക്ഷക്കൊത്ത് വളർച്ച പ്രാപിക്കുന്നതിന് ടെലിഫോണിന്റെ അപര്യാപ്തത തടസ്സം സൃഷ്ടിക്കുന്നുണ്ട്. മുഴക്കുന്ന് പഞ്ചായത്തിലെ നിലവിലുള്ള ടെലിഫോൺ വരിക്കാർ പേരാവൂർ, തില്ലങ്കേരി, ഇരിട്ടി നൂറളം എന്നീ നാല് എക്സ്ചേഞ്ചുകളുടെ കീഴിലാണ്. ഇത് വളരെയേറെ സാങ്കേതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പേരാവൂർ എക്സ്ചേഞ്ചിന്റെ കീഴിലുള്ള പ്രദേശങ്ങളിൽ 1987-നു ശേഷമുള്ള അപേക്ഷകർക്ക് കണക്ഷൻ ലഭിച്ചിട്ടില്ല. മുഴക്കുന്നു പഞ്ചായത്തിൽ നിന്നും ടെലിഫോൺ അപേക്ഷ നൽകി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി കാത്തിരിക്കുന്നവർ നിരവധിയാണ്. ആയതിനാൽ മേൽപറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുവാനും ഈ പഞ്ചായത്തിലെ മുഴുവൻ വരിക്കാരെയും ഒരു എക്സ്ചേഞ്ചിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനു വേണ്ടി കാക്കയങ്ങാട് ആസ്ഥാനമാക്കി ടെലിഫോൺ എക്സ്ചേഞ്ചു സ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാവുന്നതാണ്.

പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതിനുവേണ്ടി കാക്കയങ്ങാട് നിലവിലുള്ള മുഴക്കുന്ന ബ്രാഞ്ച് പോസ്റ്റാഫീസ് സബ്ബ് പോസ്റ്റാഫീസ് ആയി ഉയർത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

വളിക്കോട് ടൗണിൽ ഒരു എസ്.ടി.ഡി. ബൂത്ത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പട്ടിക 1

റോഡുകളെ സംബന്ധിച്ച വിവരം

ഇനം		ക്രമ നമ്പർ	റോഡുകളുടെ പേർ	ഉടമസ്ഥത	വീതി മീ	നീളം കി.മീ.		
						ടാർ ചെയ്ത ഭാഗം	ടാർ ചെയ്യേണ്ട ഭാഗം	ആകെ
PWD റോഡുകൾ	ടാർ ചെയ്തവ	1.	ഇരിട്ടി - പോരാവൂർ	PWD	8	7.0	-	7.0
		2	കാക്കയങ്ങാട് - ഉരുവച്ചാൽ	,,	8	4.5	-	4.500
		3.	കാക്കയങ്ങാട് - ആറളംഫാം	,,	8	3.0	-	3.0
	ടാർ ചെയ്യേണ്ടവ	4.	ചാക്കാട് - അയ്യപ്പൻ കാവ് - പാലപ്പുഴ	,,	8	3.0	3.400	6.400
		5	എടത്തുട്ടി - പെരുമ്പുന്ന	,,	8	-	3.200	3.200
ടാർ ചെയ്യാവുന്ന മൺ റോഡുകൾ		1	കാക്കയങ്ങാട് - പുന്നാട്	പഞ്ചായത്ത്	8	2.500	0.925	3.425
		2.	ഓട്ടമരം - നല്ലൂർ	,,	8	1-0	1-100	2.100
		3	മുഴക്കുന്നു - മുടക്കോഴി	,,	8	1-650	1.750	3.400
		4.	മുഴക്കുന്നു - മുരിങ്ങോടി	,,	8	0.800	1.000	1.800
		5	കുട്ടിക്കുന്നു - പുല്ലാഞ്ഞിയോട്-നെല്ലിയാട്	,,	8	-	3.410	3.410
		6	മുഴക്കുന്നു - എടത്തുട്ടി	,,	8	2.000	2.000	
		7	പാല ഹൈസ്കൂൾ- കൊരഞ്ഞി	,,	8	-	1.095	1.095
		8	ഗുണ്ണിക- മുടക്കോഴി ഹരിജൻ കോളനി	,,	8	-	1.200	1.200
		9	പാലപ്പുഴ - പെരുമ്പുന്ന	,,	8	3.300	0.100	3.400
		10	മുരിക്കിൻ പറമ്പ് - മുടക്കോഴി ഗിരിജൻ കോളനി	,,	7	-	1.200	1.200
		11	വിളക്കോട് അമ്പലം-ചുള്ളിയോട് കോളനി	,,	6	0.250	0.850	1.100
		12.	വിളക്കോട് - അയ്യപ്പൻ കാവ്	,,	6	0.450	1.050	1.500
		13.	വിളക്കോട് - പാറക്കണ്ടം - കായപ്പനിച്ചി	,,	6	-	1.825	1.825
		14	നല്ലൂർ - വെള്ളംപാറ	,,	6	-	8.00	8.00
		15	പാല ഹൈസ്കൂൾ - ഹരിജൻ കോളനി	,,	6	-	1.000	1.000
		16	കടുക്കാപ്പാലം - മുടക്കോഴി (സ:സി. അനന്തൻ റോഡ്)	,,	4	-	1.050	1.050
			ആകെ			27.450	26.955	54.405

പട്ടിക 1

റോഡുകളെ സംബന്ധിച്ച വിവരം

ഇനം	ക്രമ നമ്പർ	റോഡുകളുടെ പേർ	ഉടമസ്ഥത	വീതി മീ	നീളം കി.മീ.	
					നിലവിലുള്ളത്	ദീർഘിപ്പിക്കേണ്ടത്
നിലവിലുള്ള ദീർഘിപ്പിക്കേണ്ടതുമായ റോഡുകൾ	1.	മുടക്കോഴി സ്കൂൾ - ആനപ്പാറ ഹരിജൻ കോളനി		4	0.250	0.500
	2	കാക്കയങ്ങാട് - ഉളിപ്പടി - നരഹരി ക്ഷേത്രം	,,	4	1.500	0.750
	3	പാല -കരളം - കൊട്ടയാട്	,,	4	1.350	0.200
	4	വിളക്കോട് - കുന്നത്തൂർ - കരിയിൽ തോട്ടം- കായപ്പനിച്ചി ഡിപ്പോ	,,	4	1.000	2.00
	5	പാലപ്പള്ളി - കൂലോംഭാഗം - മടത്തിമൂല	,,	3	0.410	0.500
	6	മുഴക്കുന്നു പള്ളി - കിഴക്കേവയൽ ഗ്രാമം	,,	3	0.250	0.200
	7	മുഴക്കുന്നു പള്ളി - നിടുവാൻകണ്ടി	,,	3	0.500	0.300
	8	ചെമ്പകന്നിൻ കീഴിൽ - നല്ലൂർ സ്കൂൾ	,,	3	0.500	0.500
	9	പാല ഹൈസ്കൂൾ - കരളം താഴെ - ചെന്തോട് - മണിയാണി	,,	3	1.000	0.300
	10	പിടാങ്ങോട് - കായപ്പനിച്ചി	,,	3	0.500	0.500
	11	ഉളിപ്പടി- തട്ട് - അയ്യപ്പൻകാവ്	,,	3	1.200	1.100
	12	കൂളിക്കുന്ന് - നല്ലൂർ പള്ളി -	,,	3	0.750	0.750
	13	നല്ലൂർ സ്കൂൾ വഞ്ചേരി -	,,	3	0.700	0.100
	14	മുഴക്കുന്നു - കൂളിക്കുന്നു - വട്ടപൊയിൽ -	,,	3	0.500	0.400
	15	കേളോത്തുഞാൽ - എളമ്പിലാൻ ചാൽ - പുല്ലാഞ്ഞിയോട് മൂത്തേടത്തു ക്ഷേത്രം	-	3	0.500	0.600
	16	കൂട്ടക്കളം - കായക്കുന്ന- നരഹരി പറമ്പ് ക്ഷേത്രം	-	3	0.500	0.600
	17	കൊക്കക്കാവ് - എളോഞ്ഞി - എടത്തൂട്ടി	-	3	0.750	0.750
	18	എടത്തൂട്ടി - കല്ലേരി മല	-	3	0.500	0.200
	19	കുഞ്ഞിപ്പറമ്പ് - പാല കോളനി	-	3	0.250	0.250
	20	പെരുമ്പുന്ന - കുന്നമ്മൽ - കല്ലേരിമല	-	3	0.600	1.000
	21	പാലപ്പള്ളി - പുലിമുണ്ട - മണിയാണി	-	3	0.600	0.600
	22	കൊരഞ്ഞി - കൂവേരിതട്ട് - പിഞ്ഞാണപ്പാറ - അയ്യപ്പൻ കാവ്	-	3	0.750	0.750

നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടവ

23.	നല്ലൂർ മഠം - മാമ്പറം	,,	4	0.750	-
24	ഗ്രാമം - പുരളിമല - പെരിങ്ങാനം	,,	4	2.170	-
25	പാലപ്പള്ളി - മണിയാണി- പെരുമ്പുന്ന	,,	4	1.400	-
26	വിളക്കോട് - ചാക്കാട്	,,	4	1.400	-
27	മുക്കിച്ചാൽ - ആറളം കണ്ടി	,,	4	1.000	-
28	മൈലാടുംപാറ - ചാക്കാട്	,,	4	1.150	-
29	ഓട്ടമരം - പിടാങ്ങോട്	-	3	0.500	-
30	പുല്ലാഞ്ഞിയോട് - നരഹരി പറമ്പു ക്ഷേത്രം	-	3	1.000	-
31	എടത്തൂട്ടി - കല്ലടിക്കാവ്	-	3	1.000	
32	ആയിച്ചോത്ത് - പന്നിയോട്	-	3	0.5000	-
33.	ചെതുമ്പൽ - പുല്ലാഞ്ഞിയോട്	-	3	0.750	-
34	പാലപ്പള്ളി - അങ്ങാടിച്ചാൽ	-	3	0.750	-
35	കൂട്ടിക്കുന്നു - എടം	-	2	0.250	-
36	അയ്യപ്പൻ കാവ് - പുഴക്കടവ്	-	3	0.100	-
37	കാക്കയങ്ങാട് - പാറക്കണ്ടം	-	21/2	1.500	-
38	കുരുവള്ളി - തില്ലങ്കേരി വായനശാല	-	3	0.750	-
39	കാക്കയങ്ങാട് - എളോഞ്ഞി കോളനി	-	2 1/2	0.800	-

ഊർജ്ജം



ഊർജത്തിന്റെ പ്രസക്തിയെ സംബന്ധിച്ചും അതിന്റെ ലഭ്യതയെ സംബന്ധിച്ചും നാമോരോരുത്തരും ബോധവാന്മാരാണ്. എന്നാൽ നിലവിലുള്ള ഊർജ്ജ സ്രോതസ്സുകളിൽ മുഴക്കുന്ന് പഞ്ചായത്തിലെ സാമാന്യജനങ്ങൾ ആശ്രയിക്കുന്നത് പ്രധാനമായും വിറക്, മണ്ണെണ്ണ തുടങ്ങിവയെയാണ്. മറ്റ് പ്രദേശങ്ങൾ വൈദ്യുതിയെ പ്രധാനമായും ആശ്രയിക്കുമ്പോൾ ഇവിടെ ഉപയോഗത്തിന്റെ കണക്കുകൾ പരിശോധിച്ചാൽ വൈദ്യുതോർജ്ജത്തിന് മൂന്നാം സ്ഥാനമാണ് ഉള്ളതെന്ന് കാണാൻ കഴിയും. സമീപ കാലഘട്ടം വരെ വിറക് സുലഭമായിരുന്നതിനാലും മറ്റും ഗാർഹികോപയോഗത്തിന് വിറകിനെ ആശ്രിയിച്ചുവന്ന ഒരു ജനതയാണ് ഇവിടെയുള്ളത്. അടുത്ത കാലത്തായി വിറകിന് നേരിട്ടുവരുന്ന ക്ഷാമവും ഉപയോഗത്തിനുള്ള പ്രയാസങ്ങളും മറ്റ് ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കാനുള്ള പ്രവണത ജനങ്ങളിൽ ഉടലെടുക്കുന്നതായിൽ കാണുന്നുണ്ട്. വ്യവസായങ്ങൾക്കും ആധുനിക കാർഷികവൃത്തിക്കും അനിവാര്യമായ വൈദ്യുതി ഈ പ്രദേശത്ത് കടന്നു വന്നത് 1975-ൽ ആണ്. നെടുമ്പൊയി സബ് സ്റ്റേഷനിൽ നിന്നാണ്. ഈ പഞ്ചായത്തിനാശ്യമായ വൈദ്യുതി വിതരണം നടത്തുന്നത്. നമ്മുടെ പഞ്ചായത്തിലുള്ള 3884 വീടുകളിൽ വൈദ്യുതീകരിച്ച വീടുകൾ കേവലം 1028 മാത്രമാണ്. ഇതാകട്ടെ 24% മാത്രമെ ആകുന്നുള്ളൂ. ഇതുകൊണ്ടുതന്നെ ഈ പഞ്ചായത്തിലെ വൈദ്യുത ഉപയോഗത്തിന്റെ ചിത്രം പൂർണ്ണമാകുന്നതാണ്. ഈ പഞ്ചായത്തിൽ കൂടി 14 KM - HT ലൈനും 22KM -LT ലൈനും ഉണ്ട്. വൈദ്യുതിയുടെ അനുദിന ഉപയോഗം സംസ്ഥാന തലത്തിൽ വൈദ്യുത ഉല്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവായതിനാൽ ഭാവിയിൽ വൈദ്യുതിക്ക് പകരം നിൽക്കാവുന്ന ഊർജ സ്രോതസ്സുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ട്രാൻസ്ഫോർമറുകളുടെ വിവരം പട്ടിക -1ൽ.

പട്ടിക 1

ട്രാൻസ്ഫോർമറുകളുടെ വിവരങ്ങൾ

ക്രമ നമ്പർ	സ്ഥലം	കപ്പാസിറ്റി കെ.വി.എ
1	മുഴക്കുന്ന്	100
2	കാക്കയങ്ങാട്	160
3	പാലപ്പുഴ	63
4	കുട്ടിക്കുന്ന്	100
5	വിളക്കോട്	100
6	അയ്യപ്പൻകാവ്	100
7	പെരുമ്പുന്ന	100
8	കായപ്പനിച്ചി	635

പഞ്ചായത്തിൽ 4 സോഡിയം വേപ്പർ ലാമ്പുകൾ ഉൾപ്പെടെ 84 തെരുവ് വിളക്കുകൾ നിലവിലുണ്ട്.

പ്രശ്നങ്ങൾ

1. വിറകിന്റെ ദൗർലഭ്യം

2. ബയോഗ്യാസ് പ്ലാന്റുകൾ നിർമിക്കുന്നതിൽ പ്രാരംഭകാലത്തുണ്ടായിട്ടുള്ള അപാകതകൾ ഈ പ്ലാന്റുകളുടെ വ്യാപനത്തിൽ തടസ്സമായിട്ടുണ്ട്.

3. പഞ്ചായത്തിൽ 1975 ൽ വൈദ്യുതി ലഭിച്ചെങ്കിലും ഇനിയും 76% വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.

4. വനഭാഗങ്ങളിൽ കൂടി വൈദ്യുതി കടന്നുവരുന്നതുകൊണ്ട് വൈദ്യുത വിതരണത്തിൽ തടസ്സങ്ങളുണ്ടാകുകയും, വൈദ്യുത പ്രസരണ നഷ്ടം സംഭവിക്കുകയും ചെയ്യുന്നു.

5. വോൾട്ടേജ് ക്ഷാമം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

I പുതുതായി ലൈൻ വലിക്കേണ്ട പ്രദേശങ്ങൾ

1 വട്ടപ്പൊയിൽ - തളിപ്പൊയിൽ

2. എടത്തൊടി - കല്ലേരിമല

3. വിളക്കോട് - ഹാജി റോഡ്

4. ഉളിപ്പടി - പിഞ്ഞാണപ്പാറ തട്ട്

5. കാക്കയങ്ങാട് കുരിശുപള്ളി - പാറക്കണ്ടം

5. മുഴക്കുന്ന് - മടക്കോഴി

7 വിളക്കോട് - ചുള്ളേ്യാട് കോളനി

8. പാല HS - കൊരഞ്ഞി കോളനി നെല്ല്യാട് കോളനി

II വൈദ്യുതി എത്തിക്കേണ്ട കോളനികൾ

1. എളോഞ്ഞി

2. പാല ലക്ഷം വീട് കോളനി

3. നെല്ലിയാട്

4. ചെക്കിയിൽ

5. കൊരഞ്ഞി

6. കൂടലാട്

7. പാല മീത്തലെ കോളനി

8. വടക്കിനി ഇല്ലം

9. കിളച്ചാക്കൽ

10. ചുള്ളിയാട്

11. ചാക്കാട് ലക്ഷംവീട് കോളനി

12. കൊടയാട് ലക്ഷം വീട് കോളനി.

13. മുഴക്കുന്ന് ലക്ഷം വീട് കോളനി.

III പഞ്ചായത്തിൽ ഏതാണ്ട് പൂർണമായും വൈദ്യുതി എത്താത്ത III-ാം വാർഡിലും അതുപോലെ വൈദ്യുതി എത്താത്ത പഞ്ചായത്തിലെ മറ്റ് ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

IV വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

V കടുക്കാപ്പാലം, ഇടത്തൊട്ടി എന്നീ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

VI വൈദ്യുത ലൈനുകളുള്ള എല്ലാ പ്രദേശത്തും ആവശ്യമായ സ്ഥലങ്ങളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കുകയും സുപ്രധാനമായ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുകയും വേണം. തെരുവുവിളക്കുകൾ നിലവിലുള്ള സ്ഥലത്ത് അവ പ്രകാശിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

VII പുകയില്ലാത്ത അടുപ്പുകൾ ആവശ്യക്കാർക്ക് ലഭ്യമാക്കണം.

VIII വൈദ്യുതി ലഭിക്കാത്ത വീടുകൾക്ക് മണ്ണെണ്ണയുടെ നിലവിലുള്ള അളവ് വർധിപ്പിച്ചുകൊടുക്കുവാൻ

നടപടി വേണം.

സാധ്യതകൾ

1. പാചക ഊർജത്തിനുവേണ്ട വിറകിന്റെ ദൗർലഭ്യം കണക്കിലെടുത്ത് പരിഷത്ത് അടുപ്പുപോലെയുള്ളവ പ്രചരിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.


2. എൽ.പി.ജി ഗ്യാസ് ലഭ്യത ഉറപ്പുവരുത്താവുന്നതാണ്.


3. ബയോഗ്യാസ്, സൗരോർജം തുടങ്ങിയ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

4. വൈദ്യുതി വിതരണത്തിൽ ഇടക്കിടെ ഉണ്ടാകുന്ന തടസ്സങ്ങൾ മാറ്റുന്നതിനുവേണ്ടി പെരുമ്പുന്ന - കാക്കയങ്ങാട് HT ലൈൻ ഉടനെ നിർമിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

5. വൈദ്യുതി വിതരണരംഗത്ത് ഉണ്ടാകുന്ന തടസ്സങ്ങൾ തത്സമയം പരിഹരിക്കാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കാവുന്നതാണ്. വൈദ്യുതി ബില്ലുകൾ അടക്കുന്നതിനു വേണ്ടുന്ന സൗകര്യം പഞ്ചായത്ത് ഓഫീസിൽ ഉണ്ടാകേണ്ടതാണ്.

6. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി മുൻഗണനാക്രമത്തിൽ ലൈൻ വലിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.





പാർപ്പിടം

സാമൂഹ്യക്ഷേമം

സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിൽ നില്ക്കുന്ന ജനങ്ങളാണ് ഈ പഞ്ചായത്തിൽ ഏറിയ പങ്കും. അതുകൊണ്ടു തന്നെ ഈ പഞ്ചായത്തിൽ നല്ലൊരു ശതമാനം തീർത്തും മോശമായതും, സുരക്ഷിതമല്ലാത്തതുമായ കുടിലുകളിലാണ് താമസിക്കുന്നത്. തീർത്തും പാർപ്പിട സൗകര്യമില്ലാത്ത നിരവധി കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്. മെച്ചപ്പെട്ട വീടുകളുള്ളവരുടെ എണ്ണമണം ആനുപാതികമായി കുറവാണ്. സർക്കാരിന്റെ നിരവധി ഭവന നിർമ്മാണ പദ്ധതികളും, ദുർബല വിഭാഗങ്ങൾക്ക് വീടുകൾ നിർമിക്കാനുള്ള പ്രത്യേക പദ്ധതിയുണ്ടായിട്ടും നമ്മുടെ പഞ്ചായത്തിൽ നിരവധി പേർക്ക് പാർപ്പിടമില്ലാത്ത അവസ്ഥയുണ്ടെന്ന് പറയുന്നതുതന്നെ പരിതാപകരമാണ്. ഗവണ്മെന്റിന്റെ പദ്ധതികൾ പ്രകാരം പാർപ്പിടനിർമ്മാണം നടത്തുവാനുള്ള ശ്രമങ്ങൾ പലരും നടത്തിവരുന്നുണ്ടെങ്കിലും പാർപ്പിടനിർമ്മാണത്തിനുവേണ്ടുന്ന വായ്പ കൊടുക്കുന്ന കാര്യത്തിൽ ധനസഹായ സ്ഥാപനങ്ങളിൽ നിന്നുമുള്ള തടസ്സങ്ങളും, കാലവിളമ്പവും ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാക്കിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ വാസയോഗ്യമായ വീടുകളുടെ കാര്യത്തിൽ പട്ടികജാതി, ലക്ഷം വീട് കോളനികളിലെ ഭവനങ്ങളുടെ നില പരിതാപകരമാണ്. പഞ്ചായത്തിൽ നിലവിലുള്ള പാർപ്പിട സൗകര്യങ്ങളെ സംബന്ധിച്ചുള്ള വിവരണങ്ങൾ പട്ടിക 1-ൽ പരാമർശിക്കുന്നു.

പട്ടിക 1

വാർഡ് തലത്തിൽ വീടുകളുടെ തരംതിരിവ്

വാർഡ്	ടെറസ്	ഓട്	ഓല/കുടിൽ	ആകെ
1	9	223	23	255
2	35	483	46	564
3	6	402	74	482
4	37	299	20	356
5	39	365	60	464
6	25	355	92	472
7	17	255	34	306
8	32	231	31	294
9	8	264	53	325
10	28	290	48	366
ആകെ	**236**	**3167**	**418**	**3884**

പ്രശ്നങ്ങൾ

1. സ്വന്തമായ ഭവനനിർമാണത്തിന് ആവശ്യമായ പണമില്ലായ്മ.

2. നിലവിലുള്ള ഭവനനിർമ്മാണ ഏജൻസികൾ വായ്പ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതിനാൽ നിർമാണ ചെലവ് അധികരിക്കുകയും പണി പൂർത്തിയാക്കാൻ കഴിയാതെ വരികയും ചെയ്യുന്നു.

3. നിർമിതി മോഡൽ വീടുകൾ നിർമിക്കുന്നതിനു വേണ്ട പ്രായോഗിക പരിജ്ഞാനം ലഭിച്ച് ഏജൻസികളുടെ അഭാവം.

4. ഭവനനിർമാണ വായ്പ ആവശ്യമുള്ളവരിൽ ഒരു ന്യൂനപക്ഷത്തിനു മാത്രമെ ഇപ്പോഴത്തെ വായ്പാ പദ്ധതികൊണ്ട് പ്രയോജനപ്പെടുന്നുള്ളൂ.

5. നിലവിലുള്ള വായ്പാ ഏജൻസികളിൽ നിന്നും വായ്പ ലഭിക്കുവാൻ ഉള്ള കാലതാമസത്തിനും, പ്രയാസങ്ങൾക്കും പുറമെ വായ്പ ലഭിക്കുന്നതിന് നല്കേണ്ട കടുത്ത ജാമ്യ വ്യവസ്ഥയും ഉയർന്ന പലിശ നിരക്കും ഈ രംഗത്ത് നിന്നും സാധാരണക്കാരെ അകറ്റി നിർത്തുന്നു. ഭവന നിർമാണ ഏജൻസികളൊന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കാത്തതുകൊണ്ടും സാധാരണക്കാർക്ക് പ്രയാസമുണ്ടാക്കുന്നു.

6. ഭവനനിർമ്മാണ വസ്തുക്കൾക്ക് അടിക്കടിയുണ്ടാകുന്ന ക്രമാതീതമായ വിലവർദ്ധനവും ദൗർലഭ്യവും, അതുപോലെ തന്നെ ഈ മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധനവും ഭവനനിർമ്മാണപ്രവർത്തനങ്ങളുടെ സങ്കീർണത വർദ്ധിപ്പിക്കുന്നു.

7. ഭവനനിർമ്മാണ മേഖലയിൽ കരാറുകാർ നടത്തുന്ന അഴിമതിയും നിർമ്മാണ പ്രവർത്തനങ്ങളിൽ വരുത്തുന്ന കൃത്രിമങ്ങളും കാലതാമസവും പ്രയാസങ്ങളുമുണ്ടാക്കുന്നു.

8. ഭവനനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ നേരിട്ട് സൈറ്റിൽ എത്തുവാനുള്ള റോഡുകളുടെ പോരായ്മയും പ്രയാസങ്ങളുണ്ടാക്കുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഭവനരഹിതരായ ധാരാളം കുടുംബങ്ങളുണ്ട്. ഈ വിഭാഗത്തിൽ വരുന്ന കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ ഉണ്ടാകണം.

2. പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്ത പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമ്മിച്ചുകൊടുക്കുന്നതിനും അറ്റകുറ്റപ്പണികൾ ആവശ്യമുള്ള വീടുകൾക്ക് അവ ചെയ്തുകൊടുക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്തിലെ ലക്ഷംവീട് കോളനികളിൽ വീട് ഇല്ലാത്ത കുടുംബങ്ങൾക്ക് വീട് വെച്ചു കൊടുക്കുന്നതിനും അറ്റകുറ്റപണികൾ ആവശ്യമായ നിലവിലുള്ള വീടുകൾക്ക് അവ ചെയ്തുകൊടുക്കുവാനും വേണ്ട നടപടികൾ ഉണ്ടാകണം.

4. പഞ്ചായത്തിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനനിർമാണത്തിന് ലളിതമായ വ്യവസ്ഥയിൽ ഭവനനിർമ്മാണ വായ്പയും ഗ്രാന്റും അനുവദിക്കണം.

5. സ്ഥലവും വീടും ഇല്ലാത്ത ധാരാളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. അവർക്ക് സ്ഥലം ലഭ്യമാക്കി ഭവന നിർമാണത്തിന് ആവശ്യമായ സൗകര്യം ചതെയ്തുകൊടുക്കണം.

6. ഓലപ്പുരകൾ പുതുക്കിപ്പണിയുന്നതിനും ഓല മാറ്റി ഓടുവെക്കുന്നതിനും ആവശ്യമായ സാമ്പത്തികസഹായം നല്കുവാൻ വേണ്ട നടപടി ഉണ്ടാകണം.

7. ഭവനനിർമ്മാണത്തിന് നിലവിലുള്ള ധനസഹായങ്ങൾ ലഭിക്കുവാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ വേണ്ട നടപടി ഉണ്ടാകണം.

8. പ്രകൃതി ക്ഷോഭം മൂലം വീട് നഷ്ടപ്പെടുന്നവർക്ക് വരുമാന പരിധി നോക്കാതെ സാമ്പത്തിക സഹായം നല്കുവാൻ വേണ്ട നടപടി ഉണ്ടാകണം.

9. പാർപ്പിട സംബന്ധമായ സാധന സാമഗ്രികൾ പഞ്ചായത്തിൽ ന്യായവിലക്ക് ലഭ്യമാക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കണം.

സാധ്യതകൾ

1. പഞ്ചായത്തിലെ സമഗ്ര ഭവനനിർമ്മാണ പ്രവർത്തനം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സഹകരണസ്ഥാപനം സ്ഥാപിച്ച് പ്രവർത്തനം നടത്താവുന്നതാണ്.

2. ഭവനനിർമാണത്തിനാവശ്യമായ സാമഗ്രികൾ ന്യായവിലക്ക് ലഭിക്കുന്നതിന് സഹകരണമേഖലയിൽ അത്തരം സാധനങ്ങൾ വില്ക്കുന്ന ഒരു സ്ഥാപനം ആരംഭിക്കാവുന്നതാണ്.

3. ഭവനനിർമ്മാണ വായ്പകൾ സുഗമമായി ലഭ്യമാക്കുന്നതിന്, അത്തരം ഏജൻസികളിൽ ചിലതെങ്കിലും പഞ്ചായത്തിനുള്ളിൽ പ്രവർത്തനമാരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും, ഭവനനിർമ്മാണത്തിനുള്ള അപേക്ഷകൾ പഞ്ചായത്തിൽക്കൂടി വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

4. പട്ടികജാതി/പട്ടികവർഗ്ഗ കോളനികലിൽ ഭവനനിർമ്മാണപ്രവർത്തനത്തിന് മുൻഗണന നൽകേണ്ടതാണ്.

5. കുറഞ്ഞ പലിശ നിരക്കിലും ലളിതമായ ജാമ്യ വ്യവസ്ഥയിലും ദുർബല വിഭാഗങ്ങളിൽ പെട്ടവർക്ക് ഭവനനിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം.

6. ചിലവ് കുറഞ്ഞ വീടുകൾ നിർമിക്കുന്നതിനു വേണ്ട പ്രചരണം നടത്തണം.

7. വായ്പ ലഭിക്കുന്നതിന് വരുന്ന കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

8. ഭവനനിർമ്മാണ കാര്യത്തിൽ സന്നദ്ധ സംഘടനകളുടെ സഹായവും ബഹുജനപങ്കാളിത്തവും പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതുണ്ട്.

9. സ്വന്തമായി സ്ഥലമില്ലാത്തവർക്കുവേണ്ടി ഓരോ വാർഡിലും അനുയോജ്യമായ സ്ഥലം കണ്ടെത്തി ഹൗസിംഗ് കോളനികളുടെ മാതൃകയിൽ ഭവനങ്ങൽ നിർമിച്ച് തവണ വ്യവസ്ഥയിൽ പണം സ്വീകരിച്ചുകൊണ്ട് വീടുകൾ നല്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്.

10. പഞ്ചായത്തിൽ നിലവിലുള്ള ഓല മേൽക്കൂരയുള്ള എല്ലാ വീടുകളും ഓടു മേയുന്നതിനു വേണ്ട ധനസഹായം/ഗ്രാന്റ് മുതലായവ നല്കുന്നതിനു വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കാവുന്നതാണ്.

സാമൂഹ്യക്ഷേമം

സ്വതന്ത്രഭാരതത്തിലെ ആദ്യകാല പഞ്ചവത്സര പദ്ധതികളിൽ പ്രാധാന്യം കൊടുത്തിരുന്നത് കൃഷി, വ്യവസായം, ആരോഗ്യം, വൈദ്യുതി, ജലസേചനം തുടങ്ങിയവയ്ക്കായിരുന്നു. ഈ മേഖലകളിലുണ്ടാകുന്ന വളർച്ച മൊത്തം ദേശീയ വരുമാനം വർധിപ്പിക്കുമെന്നും ഇതിന്റെ പ്രയോജനം പാവപ്പെട്ടവനും കൂടി ലഭിക്കുമെന്നായിരുന്നു കണക്കുക്കൂട്ടൽ. സാമ്പത്തിക വളർച്ച കൊണ്ടുമാത്രം പാവപ്പെട്ടവന്റെ ജീവിത നിലവാരം ഉയർത്താൻ സാധ്യമല്ലെന്നു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് നാലാം പദ്ധതി മുതൽ ദാരിദ്ര്യനിർമ്മാർജ്ജനം ഒരു ലക്ഷ്യമായി അംഗീകരിച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ് സാമൂഹ്യക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ ആരംഭിച്ചത്.

കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും മാറിമാറിവരുന്ന ഗവൺമെന്റുകൾ നിരവധി സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി. എങ്കിലും ഇത്തരം പദ്ധതികളെ സംബന്ധിച്ച് ജനങ്ങൾക്ക് വേണ്ടത്ര ബോധമമില്ലാത്തതിനാൽ അവയെ പ്രയോജനപ്പെടുത്തുന്നില്ല. എന്നാൽ കേരളത്തിൽ കുറെയൊക്കെ മുമ്പോട്ടു പോകുവാൻ കഴിഞ്ഞിട്ടുണ്ട്. കർഷകതൊഴിലാളികൾ, വിധവകൾ, വികലാംഗർ, കലാകാരന്മാർ, സാഹിത്യകാരന്മാർ എന്നിവർക്കായുള്ള പെൻഷൻ പദ്ധതികൾ തൊഴിലില്ലാത്തവർക്കുള്ള സാമ്പത്തിക സഹായം, പദ്ധതികൾ, പിന്നോക്ക വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ, മിച്ചഭൂമി വിതരണം തുടങ്ങിയവയിലൂടെ സമൂഹത്തിലെ ദുർബ്ബല വിഭാഗക്കാർക്ക് നിരവധി ആനുകൂല്യങ്ങൾ ഇവിടെ ലഭ്യമാക്കുന്നുണ്ട്. പദ്ധതിസംബന്ധിച്ചുള്ള ബോധവൽക്കരണത്തിന്റെ അപര്യാപ്തത, യഥാസമയം ആനുകൂല്യം കിട്ടാത്ത സ്ഥിതി, സാങ്കേതികമായ പ്രയാസങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണേണ്ടാതയുണ്ട്.

പ്രശ്നങ്ങൾ

ഭവനനിർമ്മാണം

1. പഞ്ചായത്തിലെ 418 വീടുകൾ ഓലമേഞ്ഞവയാണ്.

2. അറ്റകുറ്റപ്പണികൾ നടത്തേണ്ട വീടുകൾ നിരവധിയാണണ്.

3. സ്വന്തമായി വീടുവെയ്ക്കാൻ സ്ഥലമില്ലാത്തവരും വീടില്ലാത്തവരും പഞ്ചായത്തിലുണ്ട്.

4, പഞ്ചായത്തിലെ വീടുകൾ 70%വും കക്കൂസില്ലാത്തവയാണ്.

5. കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമല്ലാത്തവയാണ് വലിയ ഭാഗം വീടുകളും.

ലക്ഷം വീടു കോളനികൾ

1. ലക്ഷം വീടു കോളനികളിലെ വീടുകളിൽ കുറെയെണ്ണം പഴയ മാതൃകയിലുള്ള ഇരട്ട വീടുകളാണ്.

2. പല വീടുകളും റിപ്പയർ ചെയ്യേണ്ടവയാണ്.

3. വീടുകൾ ആവശ്യമായ കുടുംബങ്ങൾ ഇനിയും ഉണ്ട്.

4. കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ കോളനികളിൽ ലഭ്യമല്ല.

5. കൈത്തൊഴിൽ കേന്ദ്രങ്ങൾ, വായനശാല, കൃഷിഭൂ, എന്നിവ കോളനികളിലില്ല.

പെൻഷൻ പദ്ധതികൾ

1) വിധവാ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, വാർധക്യകാല പെൻഷൻ കിട്ടാത്ത അർഹതയുള്ളവർ ഇനിയുമുണ്ട്.

2) കുടിശ്ശിക വരുത്താതെ അതാതുമാസം തന്നെ പെൻഷൻ കിട്ടാത്ത സ്ഥിതിയുണ്ട്.

3) പെൻഷൻ കിട്ടാനുള്ള നടപടിക്രമങ്ങൾ സങ്കീർണ്ണമാണ്.

4) വികലാംഗർക്ക് തൊഴിൽ, പാർപ്പിടം, ചികിത്സ സഹായ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കണം.

5) അർഹരായ ഗർഭിണികൾക്ക് സാമ്പത്തികസഹായം ലഭിക്കാത്ത സ്ഥിതിയുണ്ട്.

6) സാമ്പത്തിക പ്രയാസം കൊണ്ട് അവിവാഹിതരായിട്ടുള്ളവർ പഞ്ചായത്തിലുണ്ട്.

ഭവന നിർമ്മാണം

വിവിധ പദ്ധതികൾ മുഖേന പഞ്ചായത്തിൽ നിർമ്മിച്ച വീടുകൾ

IRDP	IAY	MWS	TRY	Total
70	14	19	4	107

1. നിലവിലുള്ള സർവ്വേ ലിസ്റ്റ് പ്രകാരം 1598 കുടുംബങ്ങൾ I.R.D.Pയിൽ ഉണ്ട്. ഉൾപ്പെടേണ്ട കുടുംബങ്ങൾ ഇനിയും ധാരാളമുണ്ട്.

2. ട്രൈസം പരിശീലനം കഴിഞ്ഞ 8 പേരിൽ 3 പേർ മാത്രമാണ് തൊഴിൽ ചെയ്യുന്നതായി ഉള്ളത്.

3. എല്ലാ പ്രദേശങ്ങളിലും മഹിളാ സമാജങ്ങളില്ല. ഉള്ളവ തന്നെ പ്രവർത്തനക്ഷമമല്ല.

4. കെട്ടിട നിർമ്മാണ വസ്തുക്കൾ നിർമ്മിക്കുന്നതിന് സഹകരണ സംഘങ്ങൾ നിലവിലില്ല.

അംഗനവാടികൾ

1. 18 അംഗൻവാടികളിൽ 8എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ല. കെട്ടിടങ്ങൾ പലതും സുരക്ഷിതമല്ല.

2. കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലമില്ലാത്ത 4. അംഗൻവാടികൾ ഉണ്ട്.

3. അംഗൻവാടിയിൽ പോകേണ്ട പ്രായത്തിലുള്ള മുഴുവൻ കുട്ടുകളും അംഗൻവാടികളിൽ എത്തുന്നില്ല.

4. 13. അംഗൻവാടികൾക്ക് കക്കൂസ് ഇല്ല.

5. കുട്ടികൾക്ക് കളിക്കോപ്പുകൾ ഒരു അംഗൻവാടിയിലുമില്ല.

6. ഇരിക്കാനാവശ്യമായ ബഞ്ച്, മേശ എന്നിവ ആവശ്യത്തിനില്ല.

7. ഭക്ഷണം കഴിക്കാനുള്ള പാത്രങ്ങൾ ഇല്ലാത്ത അംഗൻവാടികളും ഉണ്ട്.

8. അംഗൻ വാടികൾ ഇനിയും ഒരെണ്ണം കൂടി ഉണ്ടാക്കണം.

(1000 ജനസംഖ്യക്ക് ഒരംഗൻവാടി എന്നതാണ് സർക്കാർ കണക്ക്).

9. 3 വർക്കർമാരും 10 ഹെൽപ്പർമാരും താൽക്കാലീക ജീവനക്കാരാണ്. അവരെ സ്ഥിരമാക്കണം.

10. ജീവനക്കാർക്ക് ഇംക്രിമെന്റ്, പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രൊവിഡൻഡ് ഫണ്ട് എന്നിവ ഇല്ല.

11. ജോലിഭാരം വളരെക്കൂടുതലാണ്.

നിർദ്ദേശങ്ങൾ

1. ദുർബല വിഭാഗക്കാർക്ക് വീടുവെക്കാൻ ദീർഘകാല വായ്പ കൂടുതൽ ലഭ്യമാക്കണം, വായ്പാനടപടികൾ ലഘൂകരിക്കണം. പഞ്ചായത്തുകൾ മുഖേന വായ്പ വിതരണം ചെയ്യണം. പലിശയിളവ് അനുവദിക്കണം, ഗ്രാൻറ് തുക വർധിപ്പിക്കണം.

2) സ്വന്തമായി വീടുവെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലം ലഭ്യമാക്കണം.

3) പഞ്ചായത്തു തലത്തിൽ ഭവനനിർമ്മാണ സംഘം സഹകരണ മേഖലയിൽ രൂപീകരിക്കണം.

4) മിതമായ വിലക്ക് ഭവനനിർമ്മാണ സാമഗ്രികൾ ലഭ്യമാക്കണം.

5) എല്ലാ വീടുകൾക്കും വൈദ്യുതി ലഭ്യമാക്കണം.

6) പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവി

അംഗൻവാടിയുടെ പേര്

ക്രമ നമ്പർ	അംഗൻവാടിയുടെ പേര്	അംഗനവാടി നമ്പർ	കുട്ടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	സ്ഥലം ഉള്ളത്	കക്കൂസ് ഉള്ളത്	സ്ഥലവും കെട്ടിടവും ഇല്ലാത്തത്	കളിപ്പാട്ടം ഇല്ലാത്തത്
1.	ചാക്കാട്	47	88	x	=	x	–	x
2.	കൊട്ടയാട്	48	92	=	x	-		
3.	പാല	49	66	=	=	x	–	x
4.	വിളക്കോട്	50	113	=	x	x		
5.	മുഴക്കുന്ന്	51	93	=	x	x		
6.	പുണിയാനം	52	86	=	=	x		
7.	മുടക്കോഴി	53	59	=	=			
8.	വട്ടപ്പൊയിൽ	54	57	x	x	x	x	x
9.	ഉപ്പാപ്പള്ളി	55	115	=	x	x		
10.	കൂടലാട്	56	83	=	=			
11.	കാക്കയങ്ങാട്	57	126	=	=			
12.	ഗ്രാമം	58	93	x	=	x	x	
13.	പാറക്കണ്ടം	59	113	=		x	x	
14.	നല്ലൂര്	60	76	x	=	x		x
15.	അമ്പലമുക്ക്	61	79	x	x	x	x	x
16.	വിളക്കോട്രൈബൽ	62	63	=	=	x		
17.	കുന്നത്തൂര്	124	82	x	x	x	x	x
18.	പുഴക്കര	126	56	x	x	x	x	x

= ഉള്ളതിനെയും x ഇല്ലത്തതിനേയും കാണിക്കുന്നു അവലംബം – സെക്കൻറ്റിഡാറ്റ

ക്കുന്ന സ്ഥലങ്ങളിൽ വെള്ളം ലഭ്യമാക്കണം. ഗ്രാമം, നെയ്യളം, കുന്നുമ്മൽ, കൊട്ടയാട്, പാലലക്ഷം വീട്, കോളനി വെങ്ങേക്കും ചാൽ എന്നിവിടങ്ങളിൽ കിണർ കുഴിക്കണം.

7) ശുദ്ധജല വിതരണത്തിനുള്ള പൈപ്പ് ലൈൻ ലക്ഷം വീടുകളിലേക്ക് വ്യാപിപ്പിക്കണം. പഞ്ചായത്തിൽ ഉയർന്ന പ്രദേശങ്ങളിൽ നിലവിലുള്ള ഉറവ ഉപയോഗിച്ചുതന്നെ ടാങ്കു കെട്ടി കുറഞ്ഞ ചെലവിൽ ശുദ്ധജല വിതരണം നടത്താൻ കഴിയുന്നതാണ്.

8) ഇരട്ട വീടുകളുള്ള കോളനിവീടുകൾ പ്രത്യേകം പ്രത്യേകം ആക്കണം. പഴയ വീടുകൾ പുതുക്കി പണിയണം. വീട്ടു പണിക്ക് പലിശ ഇല്ലാത്ത ലോൺ ലഭ്യമാക്കണം.

9) എല്ലാ ലക്ഷം വീട് കോളനികളും വൈദ്യുതീകരിക്കണം. കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ച് നൽകണം.

10) കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ലക്ഷം വീടുകളിൽ ആരംഭിക്കണം.

11) ലക്ഷം വീട് നിവാസികൾക്ക് മിച്ച ഭൂമി ലഭ്യമാക്കണം.

12) ലക്ഷം വീട് കോളനികളിൽ വായനശാലകൾ നിർമ്മിക്കണം.

13) കോളനികളിലെ മലിന വസ്തുക്കൾ നീക്കം ചെയ്യാൻ സംവിധാനം വേണം.

14) പെൻഷൻ വിതരണം യഥാസമയം നടത്തണം. അപേക്ഷകൾ പഞ്ചായത്തിൽ സ്വീകരിക്കണം. പെൻഷൻ ബാങ്കുവഴി വിതരണം ചെയ്യണം. കുടുംബ വരുമാനത്തിന് പകരം അപേക്ഷകന്റെ വരുമാനം മാത്രം കണക്കിലെടുത്ത് അർഹത നിശ്ചയിക്കണം.

15) വികലാംഗ സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം പി.എച്ച്.സി. ഡോക്ടർമാർക്ക് നൽകണം.

വികലാംഗർക്ക് ഉപകരണങ്ങൾ ലഭ്യമാക്കണം, ചികിത്സ ലഭ്യമാക്കണം.

16) സാമ്പത്തിക പ്രയാസമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹത്തിന് സാമ്പത്തിക സഹായം നൽകണം.

17) കെട്ടിട സൗകര്യവും വൈദ്യുതി ലഭ്യതയും ഉള്ള ക്ലബ്ബുകൾക്ക് ടി.വികൾ ലഭ്യമാക്കണം.


18) വിളക്കോട്ടിൽ ഒരു പൊതുശ്മശാനവും കളി സ്ഥലവും വേണം.

19) നല്ലൂർ, പാറക്കണ്ട, ഗ്രാമം, മൂടക്കോഴി, അയ പ്പൻ കാവ് എന്നീ പ്രദേശങ്ങളിൽ റേഷൻ ഷാപ്പു കൾ അനുവദിക്കണം. പാറക്കണ്ടം ഒരു പോസ്റ്റാ ഫീസും പാലാ ഹൈസ്കൂളിനു സമീപം മൂടക്കോഴി എന്നിവിടങ്ങളിൽ തപാൽ പെട്ടികൾ സ്ഥാപിക്കണം.

21) മുഴുവൻ അംഗൻവാടികൾക്കും കെട്ടിടം, കക്കൂസ്, കുടിവെള്ളം പാത്രങ്ങൾ, ബെഞ്ചുകൾ, അലമാരകൾ കളിക്കോപ്പുകൾ, കളി സ്ഥലം എന്നിവ ലഭ്യമാക്കണം.

22) അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടു ത്തണം. സർക്കാർ ജീവനക്കാർക്കുള്ള എല്ലാ സേവ നവേതന വ്യവസ്ഥകളും അവർക്കും ലഭ്യമാക്കണം.

23) പുല്ലാത്തോട് ഒരു അംഗൻവാടി വേണം.



സംസ്കാരം



നൂറ്റാണ്ടുകൾ പഴക്കുള്ള ഒരു സാംസ്കാരിക പൈതൃകം ഈ പഞ്ചായത്തുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഇതിന്റെ ഉദാഹരണമാണ് മുഴക്കുന്നിലെ മൃദംഗശൈലേശ്വരി ക്ഷേത്രവും, പാലയിലെ അങ്ങാടിച്ചാലും ബുദ്ധവിഹാരകേന്ദ്രമായിരുന്ന അയ്യപ്പൻകാവും, മറ്റ് കാവുപറമ്പുകളും. നല്ലൂരിലെ ചുങ്കസ്ഥാനവും വ്യാപാരകേന്ദ്രമായിരുന്ന ആയിച്ചോത്തും. കോട്ടയം കഥകളികൾക്ക് തുടക്കം കുറിച്ചതും മൃദംഗശൈലേശ്വരി ക്ഷേത്രത്തിൽ വെച്ചായിരുന്നു.

ഈ പഞ്ചായത്തിൽ ഹിന്ദുക്കളും മുസ്ലീങ്ങളും സൗഹാർദത്തോടെയാണ് വസിച്ചുവന്നിരുന്നത്. ഇതിൽ ഭൂരിഭാഗം ഹിന്ദുക്കളാണ്. 18ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലാണ് ഇവിടെ മുസ്ലിം ജനവിഭാഗങ്ങളുടെ കുടിയേറ്റം ആരംഭിക്കുന്നത്. 1940കളിൽ ക്രൈസ്തവൻ കുടിയേറ്റം ആരംഭിച്ചു. അയ്യപ്പൻകാവ്, നല്ലൂർ എന്നീ സ്ഥലങ്ങളിൽ മുസ്ലിം ജനവിഭാഗങ്ങളും, ഇടത്തൊട്ടി, പെരുമ്പുന്ന ഭാഗങ്ങളിൽ ക്രൈസ്തവൻ ജനവിഭാഗവും തിങ്ങിപാർക്കുന്നു. മുൻകാലങ്ങളിൽ ഹൈന്ദവ വിഭാഗത്തിലെ ജാതിവ്യവസ്ഥകളൊക്കെ ഈ പ്രദേശത്തും നിലനിന്നിരുന്നു. ഇന്ന് ജാതിപരമായ ഉച്ചനീചത്വങ്ങൾ വളരെ കുറവാണ്. സാമ്പത്തികമായി ചേരിതിരിവും മുൻകാലങ്ങളെ അപേക്ഷിച്ച് കുറവാണിന്ന്.

ഹൈന്ദവ ദേവാലയങ്ങളുടനുബന്ധിച്ച് വലിയ ഉത്സവങ്ങളൊന്നും നടക്കാറില്ല. ദൈന്യംദിന പൂജാദികർമ്മങ്ങൾ നടക്കുന്നു. നശിച്ചുപോയ ചില ക്ഷേത്രങ്ങളുടെ പുരുദ്ധരണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പതിനഞ്ചോളം കാവുകളിൽ തിറയുത്സവം നടന്നിരുന്നെങ്കിലും ഇപ്പോൾ പത്തെണ്ണത്തിൽ മാത്രമെ നടക്കുന്നുള്ളൂ. തിറയുത്സവങ്ങളിൽ പ്രധാനപ്പെട്ടാതണ് പിണ്ടാലി കളരിക്കൽ നടക്കുന്ന തിറയുത്സവങ്ങളും ആയിച്ചോത്തും പാലയിലും നടക്കുന്ന തിറയുത്സവങ്ങളും. ക്രൈസ്തീയ ദേവായലയങ്ങളോടനുബന്ധിച്ച് പെരുനാളുകളും മുസ്ലീം ദേവായങ്ങളോടനുബന്ധിച്ച് ഉറൂസും നടത്തിവരുന്നു.

പ്രാചീന അനുഷ്ഠാന കലകളുടെ ഭാഗമായി ആടി, വേടൻ, കോതാമൂരി, തുടങ്ങിയ വേഷങ്ങൾ കെട്ടിപാടാറുണ്ടായിരുന്നു. ജന്മിത്വം നിലനിന്നിരുന്ന കാലങ്ങളിൽ `വെച്ചുകാണൽ' ഒരാചാരമായിരുന്നു. ക്ഷേത്രങ്ങളിലെ മണ്ഡലോത്സവങ്ങളുമായി ബന്ധപ്പെട്ട് വിളക്കുകാണിക്കുക എന്നത് ഒരാചാരമായിരുന്നു. മുൻകാലങ്ങളിൽ ഹൈന്ദവമതത്തിലെ ഓരോ വിഭാഗവും അവരുടെ കുലത്തൊഴിലിൽ ഏർപ്പെട്ടിരുന്നു. ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട് കൊട്ടിയൂരമ്പലത്തിലേക്കുള്ള കലംപോക്കും, അവിലുകൊണ്ടുപോക്കും ഈ പ്രദേശത്തിന്റെ മാത്രം നിലനിന്നിരുന്ന ആചാരമായിരുന്നു.

ഈ പഞ്ചായത്തിൽ 14 വായനശാലകളും 20 ക്ലബുകളും നിലവിലുണ്ട്. അതിലൊരു വായനശാല പഞ്ചായത്തിന്റെ സാസംസ്കാരിക നിലയത്തിന്റെ കീഴിലും ഒരു ഗ്രന്ഥാലയം ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിലും പ്രവർത്തിക്കുന്നു കേരള ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റു ചെയ്തതും സർക്കാർ ഗ്രാന്റ് വാങ്ങിക്കുന്നതുമായ ഗ്രന്ഥാലയം മുഴക്കുന്ന ഗ്രാമീണ വായനശാല & ഗ്രന്ഥലയം മാത്രമാണ്.

ഈ പഞ്ചായത്തിലെ വായനശാലകളുടേയും ഗ്രന്ഥാലയങ്ങളുടേയും പ്രവർത്തനം മൊത്തത്തിൽ ആശാവഹമല്ല. വിദ്യാർത്ഥികളാണ് ഗ്രന്ഥശാലകൾ കൂടുതലായി ഉപയോഗിക്കുന്നത്. പുസ്തങ്ങളുടെ സംഖ്യാപരമായ വർദ്ധന നാമമാത്രമാണ്. പുതുതായി വാങ്ങിക്കുന്ന പുസ്തകങ്ങൾ ഗുണനിലവാരമുള്ളവയാണ്. വനിതകളുടെ വായനാശീലം ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഒതുങ്ങുന്നു. ലക്ഷ്യ ബോധ

പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പട്ടിക

	പേര്	സ്ഥാപിച്ച വർഷം
1.	ഗ്രാമീണ വായനശാല & ഗ്രന്ഥാലയം, മുഴക്കുന്ന്	1952
2.	സി.അന്തൻ സ്മാരക വായനശാല, മുടക്കോഴി	1904
3.	കുന്നുമ്മൽ കുഞ്ഞിരാമൻ സ്മാരക വായനശാല മുഴക്കുന്ന്	1996
4.	ലോക്കൽ ലൈബ്രറി അതോറിറ്റി വായനശാല & ഗ്രന്ഥാലയം കാക്കയങ്ങാട്	1970
5.	കെ.കെ.ഗോവിന്ദൻ നമ്പ്യാർ സ്മാരകം ഗ്രന്ഥാലയം	1990
6.	മയൂരാ വായനശാല, പാല	1994
7.	പെരുമ്പുന്ന വായനശാല	1993
8.	പാസ്കൽ വായനശാല,. പാല	1992
9.	ഭാരത് ആട്സ് ആന്റ് സ്പോട്സ് ക്ലബ്, പാല	1969
10.	മനോജ് സ്മാരക വായനശാല, വിളക്കോട്	1996
11.	സാംസ്കാരിക നിലയം വക പഞ്ചായത്ത് വായനശാല, വിളക്കോട്	1996
12.	നവശ്ക്തി വായനശാല നല്ലൂർ	1973
13.	ദാമോദരൻ സ്മാരക വായനശാല മുഴക്കുന്ന്	1975
14.	പുഴക്കര വായനശാല വിളക്കോട്	1992

മുള്ള വായന വേണ്ടത്ര ഉണ്ടെന്ന് പറഞ്ഞുകൂടാ. ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ അതിപ്രസരം പഞ്ചായത്തിനെ ബാധിച്ചുതുടങ്ങിയിട്ടുണ്ട്.

മുഴക്കുന്ന ഗ്രാമപഞ്ചായത്തിൽ വരുന്ന ഓരോ പത്രവും ഇരുപത്തിരണ്ട് പേർ വായിക്കുന്നുവെന്നാണ് ജനസംഖ്യമായി താരതമ്യപ്പെടുമ്പോൾ കാണാൻ കഴിയുന്നത്.

ഇരുപത് ആർട് ആന്റ് സ്പോട്സ് ക്ലബുകൾ നിലവിലുണ്ടെങ്കിലും കലാരംഗത്തും സ്പോട്സ് രംഗത്തുമുള്ള പ്രവർത്തനം നിർജീവമാണ്. സാമ്പത്തിക പരാധീനതയും ജനങ്ങളിലുള്ള സഹകരണ കുറവും ദൃശ്യ

ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രചാരമുള്ള പത്രങ്ങൾ

	പത്രത്തിന്റെ പേർ	എണ്ണം
1.	മാതൃഭൂമി	267
2.	ദേശാഭിമാനി	211
3.	മലയാള മനോരമ	245
4.	കേരള കൗമുദി	30
5.	ചന്ദ്രിക	65
6.	ഇന്ത്യൻ എക്സ്പ്രസ്	25
7.	മാധ്യമം	35

മാധ്യമങ്ങളുടെ അരങ്ങേറ്റവുമാണ് ഇതിനുള്ള പ്രധാന കാരണങ്ങൾ. നാടകാവതരണങ്ങളും മറ്റു കലാ പരിപാടികളും നാമമാത്രമായിരിക്കുന്നു. കലാബോധവും കായികബോധവും വളർത്താനാവശ്യമായ നടപടികൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഉണ്ടാവണം. ധാരാളം വോളിബോൾ കോർട്ടുകളും, അഞ്ച് പ്രധാന ടൂർണമെന്റും ഇവിടെ നടത്തിയിരുന്നെങ്കിലും ഇപ്പോൾ രണ്ട് ടൂർണമെന്റുകൾ മാത്രമെ നടക്കുന്നുള്ളൂ. കോർട്ടുകളുടെ എണ്ണം പരിതാപകരമാം വിധ കുറഞ്ഞിരിക്കുന്നു. കബടി, ബാറ്റ്മിന്റൻ ഷട്ടിൽ ബാറ്റ്മിന്റൻ എന്നിവയുടെ പ്രചാരവും കുറഞ്ഞുവരുന്നു. പ്രാചീന കളികളായ ആട്ടക്കളി, അപ്പപന്ത് കളി, കോൽക്കളി, ഇട്ടിയും കോലും കളി, എന്നിവ നിശ്ശേഷം നശിച്ചു. നിരവധി കായികതാരങ്ങളെ സംഭാവന ചെയ്ത ഒരു പ്രദേശമായിരുന്നു ഇത്. സംസ്ഥാന തലത്തിൽ റിക്കാർഡുകളുടെ ഉടമകളും അഖിലേന്ത്യാതലത്തിൽ പ്രശസ്തരായ വോളീബോൾ താരങ്ങളും ഇവിടെ ഉണ്ടായിരുന്നു. ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുന്നു. യുവാക്കളുടെ ശ്രദ്ധ ക്രിക്കറ്റിൽ മാത്രമാവുന്നു. അതിനാണെങ്കിൽ ആവശ്യമായ കളിസ്ഥലങ്ങളുമില്ല. കായിക ക്ഷമതക്ക് പ്രാധാന്യമുള്ള തൊഴിൽ സാദ്ധ്യത അതുകൊണ്ട് നഷ്ടപ്പെടുന്നു.

പ്രശ്നങ്ങൾ

1. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ സജീവമല്ല.
2. നല്ല വായനയുടെ ആവശ്യകത ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ വേണ്ടത്ര നടക്കുന്നില്ല.
3. കലാകായിക സാംസ്കാരിക രംഗത്ത് താല്പര്യമുള്ള പുത്തൻ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയോ പരിശീലിപ്പിക്കുകയോ ചെയ്യുന്നില്ല.
4. ആവശ്യത്തിനുള്ള കളിസ്ഥലങ്ങളില്ല.
5. സ്കൂളുകളിൽ ലൈബ്രറികളില്ല. ഉള്ളതിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമല്ല.

സാധ്യതകൾ

1. പഞ്ചായത്ത് ആസ്ഥാനമായ കാക്കയങ്ങാട് ആധുനികസൗകര്യങ്ങളോടു കൂടിയ ഒരു ഗ്രന്ഥാലയവും സ്ത്രീകൾക്ക് പ്രത്യേക സൗകര്യങ്ങളുള്ള ഒരു വായനശാലയും ആവശ്യമാണ്.
2. സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ സാഹിത്യസദസ്സുകൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തുക.

പഞ്ചായത്തിലെ കലാകായിക സമിതിയെക്കുറിച്ചു പട്ടിക

	പേര്	സ്ഥാപന വർഷം	അംഗങ്ങളുടെഎണ്ണം	സംഗീത അക്കാദമി/സ്പോർട്സ് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ	സ്വന്തമായി കെട്ടിടം ഉണ്ടോ	റേഡിയോ ടി.വി തുടങ്ങിയവയുണ്ടോ	മുഖ്യപ്രവർത്തനങ്ങൾ
1.	ഷൈൻ ബ്രദേഴ്സ് ക്ലബ്-പാല	1975	26	-	ഉണ്ട്	ഇല്ല	സ്പോട്സ് ഗെയിംസ്
2.	ദാരത്ത് ആർട്സ് & സ്പോട്സ് ക്ലബ്	1965	33	സംഗീത അക്കാദമി	ഇല്ല	ഇല്ല	കായിക പ്രവർത്തനങ്ങൾ
3.	അനുപമാ ആർട്സ് & സ്പോട്സ് ക്ലബ് കാക്കയങ്ങാട്	-	-	-	ഉണ്ട്	ഇല്ല	-
4.	ദാമോദരൻ സ്മാരക ക്ലബ് മുഴക്കുന്ന്	1980	-	-	ഉണ്ട്	ഇല്ല	ഗെയിംസ് പ്രവർത്തനം
5.	നവധാര ആർട്സ് & സ്പോട്സ് ക്ലബ് പാല	1986	-	-	-	--	സാസംകാരികകായിക പ്രവർത്തനം

6	ഗ്രാമദീപം ആർട്സ് & സ്പോട്സ് ക്ലബ് പാല	1986	23	ഇല്ല	ഇല്ല	-	കായിക പ്രവർത്തനം
7.	കലാഭവൻ പാല	1986		സംഗീത അക്കാദമി	ഇല്ല	ഇല്ല	കലാപ്രവർത്തനം
8	.നവശക്തി ആർട്സ് & സ്പോർട്സ് ക്ലബ് നല്ലൂർ	1973	70		ഉണ്ട്		
9.	ആൽഫ ക്ലബ്, കാക്കയങ്ങാട്				ഇല്ല		
10.	യുവജന ആർട്സ് & സ്പോർട്സ് ക്ലബ് കായപ്പനച്ചി നല്ലൂർ.	1980	30		ഉണ്ട്		
11	അനന്തൻ സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ് മുടക്കോഴി						
12	കുന്നുമ്മൽ കുഞ്ഞിരാമൻ സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്	1996			ഉണ്ട്.		
13	പാസ്കൽ,പാല	1992			ഇല്ല		
14	വിപഞ്ചിക ആർടസ് ക്ലബ്	1994					
15	മയൂര ആർട്സ് & സ്പോർട്സ് ക്ലബ് & റീഡിങ് റൂം	1994	28		ഉണ്ട്	ഇല്ല.	കലാകായിക സാംസ്കാരിക പ്രവർത്തനം.
16.	നവോദയ ആർട്സ് & സ്പോർട്സ് ക്ലബ്				ഇല്ല		
17	ഫ്രന്സ്,കൂടലാട്,പാല					ഇല്ല	കായിക പ്രവർത്തനം
18	മനോജ് സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്ബ് വിളക്കോട്	1996			ഉണ്ട്		
19	ഇക്ബാൽ ക്ലബ്ബ്	1985			ഇല്ല		

3. എല്ലാ പ്രധാനകേന്ദ്രങ്ങളിലും വായനശാലകൾ സ്ഥാപിക്കുക.
4. സ്ത്രീകൾക്ക് പ്രത്യേകം വായനസൗകര്യവും കായികവിനോദകേന്ദ്രവും സ്ഥാപിക്കുക.
5. ഗ്രാമസഭകൾ സംഘടിപ്പിക്കുക.
6. നാടൻപാട്ടുകൾ, മറുനാടൻ കളികൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.
7. പഞ്ചായത്തിന്റെ ആസ്ഥാനമായ കാക്കയങ്ങാട് ആധുനികരീതിയിലുള്ള ഒരു ഓപ്പൺ സ്റ്റേഡിയം നിർമ്മിക്കുക. ആറളം ഫാം റോഡിന്റെ വടക്കു വശത്തുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലമോ കാക്കയങ്ങാട്-ഇരിട്ടി റോഡിന്റെ പടിഞ്ഞാറുവശത്ത് പുന്നാട് റോഡിനോട് ചേർന്നുള്ള സ്ഥലമോ ഇതിനായി ഉപയോഗിക്കാം.
8. എല്ലാ വിദ്യാലയങ്ങളിലും കായികാദ്ധ്യാപകരെ നിയമിക്കുക.
9. വിദ്യാർത്ഥികളിൽ കായിക വിദ്യാഭ്യാസത്തെക്കുറിച്ചും അതിന്റെ ഗുണങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുക.
10. ടെലിവിഷന്റെ ഗുണപരമായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുക.
11. പാലപ്പുഴയിൽ ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുക.
12. എല്ലാ നിർമ്മാണ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുക.



വനിത

വർഷങ്ങൾക്കുമുമ്പ് ഈ പഞ്ചായത്തിൽ സ്കൂളുകൾ നിലവിൽ വരികയും സ്ത്രീകൾ വിദ്യ അഭ്യസിക്കുകയും ചെയ്തിരുന്നു. എങ്കിലും ആ കാലഘട്ടങ്ങളിൽ സാമൂഹ്യ സാംസ്കാരിക രാഷ്ട്രകീയ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്ക് വളരെ വിരളമായിരുന്നു. അക്കാലത്ത് കൂടുതൽ സ്ത്രീകളും കൂലിപ്പണിക്ക് പോകുന്നവരും മറ്റുള്ളവർ ഗൃഹഭരണവുമായി കഴിയുന്നവരുമായിരുന്നു. പിന്നീട് ഈ സ്ഥിതിക്ക് മാറ്റം വന്നു. വിദ്യാഭ്യാസപരമായി പുരുഷന്മാരോടൊപ്പം എത്തിയ സ്ത്രീകൾ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാൻ തുടങ്ങി. മഹിളാ സമാജങ്ങളിലൂടെയും മറ്റ് സാംസ്കാരിക സംഘടനകളിലൂടെയും നാടകാഭനിയം, നൃത്ത പരിപാടി മുതലായ രംഗങ്ങളിൽ പങ്കെടുത്തു തുടങ്ങി. ഇപ്പോൾ സ്ത്രീകളിൽ ഒരു വിഭാഗം അധ്യാപനം മുതലായ സർക്കാർ ജോലയിലും മറ്റുള്ളവർ ഗൃഹഭരണത്തിൽ ഒതുങ്ങിക്കഴിയുകയും ചെയ്യുന്നു. സാക്ഷരതാ പ്രവർത്തനത്തിൽ ഈ പഞ്ചായത്തിലെ സ്ത്രീകൾ സജീവമായി പങ്കെടുത്തിരിക്കുന്നു.

പഞ്ചായത്തിലെ ഹൈസ്കൂളിലെ പെൺകുട്ടികൾ തലശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ ജൂനിയർ വിനിതാ വോളിബോളിൽ 2 കൊല്ലം തുടർച്ചയായി ചാമ്പ്യന്മാരായിരുന്നു. ഈ പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സംഘമൊഴിച്ച് മറ്റൊന്നിലും സ്ത്രീകളുടെ നേതൃത്വം നിലവിലില്ല. ബഹുജനസംഘടനകളിൽ വനിതാപങ്കാളിത്തം ഉണ്ടെങ്കിലും നേതൃത്വത്തിലുള്ള വനിതകൾ കുറവാണ്.

1991 ലെ സെൻസസ്സ അനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 19,228 ആയിരുന്നു സ്ത്രീകൾ 9,593 ഉം പുരുഷന്മാർ 9,635 ഉം ആയിരുന്നു.

ഈ പഞ്ചായത്തിലെ സാക്ഷരതാ ശതമാനം 89.66 ആണ്

പുരുഷന്മാർ	94.6 %
സ്ത്രീകൾ	84.74%
വിധവാപെൻഷൻ കിട്ടുന്നവർ -	3
തൊഴിലില്ലായ്മ വേതനം കിട്ടുന്നവർ	37

പ്രശ്നങ്ങൾ

1. കുടംബത്തിന്റെ ഉത്തരവാദിത്വം സ്ത്രീകളിലായതുകൊണ്ട് പൊതു പ്രവത്തന രംഗത്ത് സമയക്കുറവുണ്ട്.

2. സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ മോശമായി ചിത്രീകരിക്കുന്നു.

3. ഉത്തരവാദിത്വം ഏറ്റെടുക്കുവാനുള്ള ആത്മധൈര്യം സ്ത്രീകൾ പ്രകടിപ്പിക്കുന്നില്ല.

4. തൊഴിലില്ലായ്മ രൂക്ഷമായതുകാരണം സാമ്പത്തിക ഭദ്രതയില്ല.

5. സ്ത്രീകൾക്ക് കൂലി കുറവാണ്.

6. സ്വയം തൊഴിൽ സംരംഭങ്ങളിൽ താല്പര്യമില്ല.

7. തൊഴിൽ പരിശീലന കേന്ദ്രങ്ങളില്ല.

8. മദ്യപാനം മൂലം കഷ്ടപ്പെടുന്നു.

9. സർക്കാർ പദ്ധതികൾ അറിയുന്നില്ല.

10. അംഗൻ വാടികളിൽ ആവശ്യമായ സൗകര്യങ്ങളില്ല.

11.അന്ധവിശ്വാസവും അനാചാരങ്ങളുമുണ്ട്,.

12. വിദ്യാലയങ്ങളിൽ ആവശ്യമായ മൂത്രപ്പുരകളില്ല.

പട്ടികയിൽ നിന്ന് മുഴക്കുന്ന ഗ്രാമ പഞ്ചായത്തിലെ 5928 പേർ ജോലിയെടുക്കുമ്പോൾ അതിന്റെ 28.15%

തൊഴിൽ രംഗത്തെ സ്ത്രീ പുരുഷ വ്യത്യാസം

(അവലംബം 1991 ലെ സെൻസസ്)

തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ	ആകെ
കൃഷി	768	122	890
കാർഷികതൊഴിലാളി	1553	1069	2662
തോട്ടം മേഖല LFP	243	148	391
ഖനനം (ക്വാറി, കല്ലുകൊത്ത്)	98	20	188
കൂടിൽ വ്യവസായം MPSH	180	49	229
നിർമ്മാണ തൊഴിൽ	85	6	91
കച്ചവടം അനുബന്ധം	619	18	637
ഗതാഗതം TSC	173	2	175
മറ്റ് മേഖല	449	153	602
വിദ്യാഭ്യാസം	81	69	150
ആകെ	4259	1669	5928


മാത്രമാണ് സ്ത്രീകളുടെ പങ്കാളിത്തം. ജനസംഖ്യയുടെ 50%ത്തിനടുത്ത് സ്ത്രീകൾ ഉള്ളതിൽ തൊഴിൽ മേഖലയിലെ അവരുടെ പങ്കാളിത്തം ഇനിയും വർദ്ധിക്കേണ്ടതാണ്.

1991 ലെ സെൻസസ്സ് പ്രകാരം സ്ത്രീ സാക്ഷരത 84.74% ആണ്, ഇത് മാറ്റിയെടുക്കണം

സാക്ഷരത്	പുരുഷന്മാർ	സ്ത്രീകൾ
89.60%	94.60%	84.74%

സാധ്യതകൾ

1. തുല്യജോലിക്ക് തുല്യവേതനം കിട്ടണം
2. കൂലിനിരക്ക് ആകർഷകമാക്കണം
3. തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.
4. പ്രാദേശിക സാധ്യതയുള്ളതും വിപണനസാധ്യതയുള്ളതുമായ തൊഴിൽ സംരംഭങ്ങൾ വനിതകൾക്ക് മാത്രമായി ഏർപ്പെടുത്തുക.
5. ബോധവൽക്കരണത്തിലൂടെ ശാസ്ത്രീയ വീക്ഷണം വളർത്തുക.
6. P.H.C. യിൽ സ്ത്രീകൾക്കും,. കുട്ടികൾക്കുമുള്ള ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം.
7. പൊതു പ്രവർത്തനരംഗത്ത് മുൻപരിചയമുള്ള സ്ത്രീകളുടെ സേവനം ഉറപ്പുവരുത്തുക.
8. പഞ്ചായത്തു തലത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി സമിതി രൂപീകരിക്കുക.
9. അർഹതയുള്ളവർക്ക് മുഴുവൻ പെൻഷൻ നൽകുക.
10. വായനാശീലം വളർത്തുക
11. പെൺകുട്ടികൾക്ക് പ്രത്യേക കളിസ്ഥലം നിർമ്മിക്കുക.



സഹകരണം

1990 ഡിസംബർ 28ാം തീയ്യതി യശഃശരീരനായ ഇ.നാരായണ വാര്യരുടെ നേതൃത്വത്തിൽ സർവ്വശ്രീ പി.കൃഷ്ണൻ നമ്പീശൻ; പി.മമ്മത് ഹാജി; പി.കെ.നമ്പീശൻ; കെ.സി.മമ്മു; പി.ഗോവിന്ദൻ നമ്പീശൻ; ടി.ശങ്കരവാര്യർ; പി.എം.കൃഷ്ണവാര്യർ; കെ.പി.നമ്പൂതിരിപ്പാട്; കെ.കൃഷ്ണ മാരാർ; മുഴപ്രവൻകുണ്ടക്കുറുപ്പ് ; ചക്യത്ത് കുഞ്ഞിരാമൻ; മുഴപ്രവൻ കുഞ്ഞുണ്ടക്കുറുപ്പ് എന്നിവർ മുഴക്കുന്നിൽ ചേർന്ന് രൂപം നൽകിയ വിവിധോദ്ദേശ ഐക്യനാണയ സംഘമാണ് മുഴക്കുന്നു പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന്നു തുടക്കംകുറിച്ചത്. ഈ സംഘത്തിന്റെ പ്രസിഡണ്ട് ശ്രീ.ഇ.നാരായണ വാര്യരായിരുന്നു. നമ്മുടെ പഞ്ചായത്തിലെ അന്യസഹകാരികൾ മേൽപറഞ്ഞവരാണ്. വർഷങ്ങൾക്ക് ശേഷം ഐക്യനാണയ സംഘം സർവ്വീസ് സഹകരണ സംഘമായും 1981ൽ സർവ്വീസ് സഹകരണ ബേങ്കായും പരിവർത്തനം ചെയ്യപ്പെട്ടു. 13 അംഗങ്ങളും 180 രൂപ ഓഹരിമൂലധനവുമായി ആരംഭിച്ച ഈ സ്ഥാപനത്തിന്നു അക്കാലത്ത് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന മലബാർ കോ-ഓപ്പറേറ്റീവ് സെന്ട്രൽ ബേങ്കിൽ നിന്നും 2500ക അംഗങ്ങൾക്ക് വായ്പ നൽകുന്നതിന്നു ലഭിച്ചു. ചുരുങ്ങിയത് 50കയും വർദ്ധിച്ചത് 200കയുമായിരുന്നു അക്കാലത്ത് സംഘത്തിൽനിന്നും അംഗങ്ങൾക്ക് നൽകിയ വായ്പ. ഇന്ന് അംഗങ്ങളുടെ എണ്ണം 3899 ആയിവർദ്ധിച്ചിട്ടുണ്ട്. ഒരംഗത്തിന് 25,000 ക വരെ വായ്പ നൽകി വരുന്നുണ്ട്. അംഗങ്ങൾക്ക് വായ്പ നൽകുന്നതിന്ന് മറ്റു സ്ഥാപനങ്ങളിൽ നിന്നായി 80 ലക്ഷം രൂപയും പൊതുജനങ്ങളിൽ നിന്നും നിക്ഷേപമായി 75 ലക്ഷം രൂപയും ലഭ്യമായിട്ടുണ്ട്. സർക്കാർ ഓഹരി ഉൾപ്പെടെ 6 ലക്ഷത്തിലധികം രൂപ ഓഹരിമൂലധനമായും സ്വരൂപിച്ചിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി ഇതുവരെയായി ഒരു കോടി പതിനഞ്ചു ലക്ഷം രൂപ വായ്പയായി ബേങ്ക് വിതരണം ചെയ്തിട്ടുണ്ട്. ബാങ്ക് 30- 6-96 വരെക്ക് വിതരണം ചെയ്ത വായ്പയുടെ പട്ടിക താഴെ ചേർക്കുന്നു.

വായ്പാ വിവരം	തുക
കാർഷിക വായ്പകൾ	35,78,600
വിദ്യാഭ്യാസം	1,09,600
ചികിത്സ	8000
കച്ചവടം	3,64,500
ആടുവളർത്തൽ (ഒപ്പെക്ക്)	1,07,000
സെറിക്കൾച്ചർ	4,200
വീട് റിപ്പയർ, കക്കൂസ് നിർമ്മാണം	6,92,000
ഐ.ആർ.ഡി.പി.	98,300
കിണർ പമ്പ്സെറ്റ്	1,77,600
റബ്ബർ കൃഷി	31,883
റബ്ബർ റോളർ	26,000
ഭൂ വികസനം	47,242
സ്വർണ്ണ പണയം	23,14,000
ആകെ	**75,58,925**

മറ്റു സഹകരണ സംഘങ്ങൾ:

പഞ്ചായത്തിൽ റജി നമ്പർ ചെയ്യപ്പെട്ട മറ്റു സഹകരണ സംഘങ്ങൾ താഴെപറയുന്നവയാണ്.

1. മുഴക്കുന്നു പഞ്ചായത്ത് വ്യവസായ സഹക

രണ്ട സംഘം.

2. കാക്കയങ്ങാട് കൺസ്യൂമർ സ്റ്റോർ.

3. വനിതാ സഹകരണസംഘം

4. പട്ടിക വർഗ്ഗ സഹകരണ സംഘം

5. തളിപ്പൊയിൽ ക്ഷീരോല്പാദക സഹകരണ സംഘം.

6. എടത്തൊടി ക്ഷീരോല്പാദക സഹകരണ സംഘം.

7. പാലപ്പുഴ ക്ഷീരോല്പാദക സഹകരണ സംഘം.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക വായ്പാ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സർവ്വീസ് സഹകരണ ബാങ്കാണ് മികവുറ്റ പ്രവർത്തനം നടത്തുന്നത്. എന്നാൽ ബാങ്കിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസരിച്ച് പല രംഗത്തും ബാങ്കിന്റെ പ്രവർത്തനം കാര്യമായി നടക്കുന്നില്ല. കൺസ്യൂമർ, വളം കീടനാശിനി എന്നിവയുടെ വിപണനരംഗത്ത് ഒട്ടേറെ സാധ്യതകൾ ഉണ്ടെങ്കിലും ഒരു ഡിപ്പോവഴി മാത്രമാണ് വിപണനം നടത്തുന്നത്. ബാങ്കിന് കാക്കയങ്ങാട് ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ട്. ബ്രാഞ്ചിൽ നിന്ന് കാർഷിക വായ്പകളും മറ്റും വിതരണം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ഈകാര്യങ്ങൾക്ക് ഇപ്പോഴും ഹെഡ്ഡോഫീസിനെ ആശ്രയിക്കേണ്ടിവരുന്നു. ചിറ്റ്, ഗ്രൂപ്പ് ഡിപ്പോസിറ്റ് തുടങ്ങിയ ഒട്ടേറെ സ്കീമുകൾക്ക് ബാങ്കിന് സാധ്യത ഉണ്ട്. വിവിധ വായ്പകൾക്കു പുറമെ ഹോം സെയിഫ്; ദൈനം ദിന നിക്ഷേപം എന്നിവ മാത്രമാണ് നടത്തുന്നത്. നിക്ഷേപസമാഹരണത്തിലും പോരായ്മകൾ നിലനിൽക്കുന്നു. അംഗങ്ങൾക്കു നൽകിയ വായ്പകൾ വളരെയേറെ കുടിശികയായി കിടക്കുന്നതാണ് മറ്റൊരു പ്രധാന പ്രശ്നം. താഴെ കാണിച്ച പട്ടിക പരിശോധിച്ചാൽ ഇതിന്റെ ഗൗരവം വ്യക്തമാവുന്നതാണ്.

കുടിശികയായി നില്ക്കുന്ന വായ്പകൾ (30-6-96)

നൽകിയ വായ്പകൾ	സംഖ്യ
കാർഷിക കടം	12,98,600
സ്വർണ്ണ പണയം	1,28,400
ഐ.ആർ.ഡി.പി.	2,13,800
കിണർ, പമ്പ് സെറ്റ്	1,04,300
മറ്റു വായ്പകൾ	7,50,100
ആകെ	**24,95,200**

പഞ്ചായത്തടിസ്ഥാനത്തിൽ പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ റജിസ്റ്റർ ചെയ്ത വ്യവസായ സഹകരണ സംഘവും, കൺസ്യൂമർ സ്റ്റോറും പ്രവർത്തനം നടത്തുന്നില്ല. മൂന്നു ക്ഷീരോൽപാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽ ഏടത്തൊടി ക്ഷീരോൽപാദക സംഘം മാത്രമാണ് നല്ല നിലയിൽ പ്രവർത്തിക്കുന്നത്. പാലപ്പുഴ ക്ഷീരോൽപാദകസംഘവും, തളിപ്പൊയിൽ ക്ഷീരോൽപാദക സംഘവും, പ്രവർത്തനത്തിൽ വളരെ പിന്നിലാണ്. പാലപ്പുഴ സംഘത്തിൽ കെടുകാര്യസ്ഥതമൂലം ഭരണസമിതി പിരിച്ചു വിട്ടു അഡ്മിനിസ്ട്രേറ്റർ ഭരണം എർപ്പെടുത്തിയിരിക്കുകയാണ്. 1993ൽ പ്രവർത്തനം ആരംഭിച്ച തളിപ്പൊയിൽ ക്ഷീരൽപാദസംഘത്തിൽ 66 അംഗങ്ങളും 660 രൂപ ഓഹരി മൂലധനവുമാണുള്ളത്. ശമ്പളം മറ്റു ചിലവുകൾ എന്നിവ നിർവഹിക്കാൻപോലും സാധിക്കാതെ വിഷമിക്കുന്ന സംഘമാണിത് 1994ൽ രൂപം കൊണ്ട് വനിതാ സഹകരണണ സംഘത്തിൽ പ്രവർത്തനം മെച്ചപ്പെടുത്താൻ ഭരണസമിതി ജാഗ്രതകാണിക്കുന്നില്ലെന്നാതണ് പിന്നോക്കാവസ്ഥകാരണം 190 അംഗങ്ങളും 19,475 രൂപ ഓഹരിമൂലധനവുമാണ് ഇന്ന് ഈ സംഘത്തിനുള്ളത്.

പഞ്ചായത്തിലെ 13 പട്ടിക വർഗ്ഗകോളനികളിലെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിച്ച പട്ടിക വർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനം സ്തംഭനത്തിലാണ്. 280 അംഗങ്ങളാണ് സംഘത്തിലുള്ളത്. ഡയറി യൂണിറ്റ്. ചെങ്കൽ യൂണിറ്റ്, ജില്ലിയൂണിറ്റ് എന്നിവ ആരംഭിച്ചുവെങ്കിലും ഇപ്പോൾ എല്ലാം പൂട്ടികിടക്കുകയാണ്. സർക്കാർ ഗ്രാന്റുമാത്രമാണ് സംഘത്തിന്റെ പ്രവർത്തനമൂലധനം സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് താഴെ വിവരിക്കും വിധമാണ്.

ഷേർ (സർക്കാർ വിഹിതം)	1,00,000
ഷേർ വിഹിതം സർക്കാർ ഗ്രാന്റ്	24,650.00
സംഖ്യ പ്രകാരം	
ജില്ലി യൂനിറ്റ് ഗ്രാന്റ്	101000.00
ചെങ്കൽ വെട്ടുയൂനിറ്റ് ഗ്രാന്റ്	50,000.00
ഡയറി യൂനിറ്റ് ഗ്രാന്റ്	1,00,000.00
ഫർണിച്ചർ ഗ്രാന്റ്	5,000.00
മാനേജീരിയൽ സബ്സിഡി	24,650.00

ചെങ്കൽ ഡയറി യൂനിറ്റിനു ഒരേക്കർ സ്ഥലവും, ജില്ലി യൂനിറ്റിന് 5 സെന്റ് സ്ഥലവും ഓഫീസ് കെട്ടിം

നിർമ്മിക്കാൻ 11 3/4 സെന്റ് സ്ഥലവും സർക്കാർ ഗ്രാന്റുപയോഗിച്ച് വാങ്ങിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. വായപകൾ യഥാസമയം തിരിച്ചടക്കാൻ അംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടാവുന്ന വീഴ്ചയാണ് സർവ്വീസ് സഹകരണ ബേങ്കിനെ നേരിടുന്ന പ്രധാന പ്രശ്നം. വായ്പാ കുടിശ്ശിക വർഷം തോറും കൂടി വരികയാണ്.

2. സ്ഥിര നിക്ഷേപത്തിന്റെ കുറവ് സംഘത്തിന്റെ പ്രവർത്തനപുരോഗതിക്ക് തടസ്സമായിത്തീരുന്നു.

3. ക്ഷീരോൽപാദക സംഘങ്ങളിൽ യഥാർത്ഥ പാലുൽപാദകരെ അംഗങ്ങളാക്കുന്നതിലുള്ള അലസതയും അംഗങ്ങൾ തന്നെ തങ്ങൾ ഉൽപാദിപ്പിക്കുന്ന പാൽ ഗുണമേന്മ നിലനിർത്തി സംഘത്തനു നൽകായ്മ സംഘത്തിന്റെ പുരോഗതി തടയുന്നു.

4. യഥാർത്ഥ പാൽ ഉൽപാദകരല്ലാതവർ സംഘം ഭരണ സമിതി അംഗങ്ങളായി തുടരുന്നതും സംഘം പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. കാരണം അത്തരം അംഗങ്ങൾക്ക് സംഘം പ്രവർത്തനം നന്നാക്കുന്നതിൽ താൽപര്യമുണ്ടാവില്ല എന്നതു തന്നെ.

സാധ്യതകൾ

1. സർവ്വീസ് സഹകരണ ബാങ്ക് : പഞ്ചായത്തിലെ മുഴുവൻ കർഷകനെയും അംഗങ്ങളാക്കി ഓഹരിമൂലധനം വർദ്ധിപ്പിക്കുക.

2. നിക്ഷേപസമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുകയും ആയതു ലാഭകരമായ സ്വർണ്ണ പണയം തുടങ്ങിയ വായ്പകൾക്ക് വിനിയോഗിക്കുകയും ചെയ്യുക.

3. ചിറ്റ്, ഗ്രൂപ്പ് ഡിപ്പൊസിറ്റ് സ്ക്രീം ആരംഭിക്കുക.

4. വളം, കീടനാശിനി, സ്പ്രെയർ, കാർഷികോപകരണങ്ങൾ എന്നിവ സംഭരിച്ചു വിതരണത്തിനു പ്രത്യേകസംവിധാനം ഏർപ്പെടുത്തുക.

5. കക്കയങ്ങാട്, വിളക്കോട് എന്നിവിടങ്ങളിൽ വളം ഡിപ്പൊ ആരംഭിക്കുക.

6. കക്കായങ്ങാട് പ്രവർത്തിക്കുന്ന ബ്രാഞ്ചിന്റെ പ്രവർത്തനം വിപുലവും ലാഭകരവുമാക്കുക.

7. വായ്പമേളകൾ നടത്തി ബാങ്കിന്റെ പ്രവർത്തനം ജനകീയവൽക്കരിക്കുകയും വായ്പാ കുടിശ്ശിക ഒഴിവാക്കാൻ അംഗങ്ങളെ ബോധവൽക്കരിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.

8. പഞ്ചായത്തിലെ ഏല്ലാവരെയും ബേങ്കിൽ നിക്ഷേപകരാക്കാൻ ജനകീയസംവിധാനം രൂപപ്പെടുത്തുക.

ക്ഷീരൽപാദക സംഘങ്ങൾ

1. നിലവിലുള്ള 3 ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടേയും സജീവമാക്കുക.

2. കറവമാടുകളെ വാങ്ങാൻ ഉദാരമായ വായ്പ സംവിധാനം ഏർപ്പെടുത്തുക. വായ്പ തിരിച്ചടവ് സംഘമുഖേന നടത്താൻ സംവിധാനം ഏർപ്പെടുത്തുക.

3. കാലിത്തീറ്റ വിതരണത്തിനു സംവിധാനം ഏർപ്പെടുത്തുക.

4. തീറ്റപുൽ കൃഷി നടത്താൻ പ്രോത്സാഹനം നൽകുക.

5. കന്നുകാലി സംരക്ഷണണൂത്തിനു മൃഗസംരക്ഷണ വകുപ്പിന്റെ സഹായം യഥാസമയം ലഭ്യമാക്കുക നടപടികൊള്ളുക.

വനിതാ സഹകരണ സംഘം

1. നിലവിലുള്ള വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ 10 വാർഡുകളിലും വ്യാപിപ്പിക്കുക.

2. വനികൾക്കുവേണ്ടി കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക. തൊഴിൽ സംരഭങ്ങൾക്ക് വായ്പനൽകുക.

3. വനിതകൾക്കിടയിൽ സമ്പാദ്യ ശീലം വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികൾ ആരംഭിക്കുക.

4. അംഗങ്ങളെ വർദ്ധിപ്പിക്കുകയും അതുവഴി ഓഹരിമൂലധനം വർദ്ധിപ്പിക്കുകയും ചെയ്യുക.

പട്ടിക വർഗ്ഗസഹകരണ സംഘം

1. പഞ്ചായത്തിലെ പട്ടിക വർഗ്ഗത്തിൽപ്പെട്ട മുഴുവൻ പേർക്കും അംഗത്വം നൽകുക.

2. സംഘം പ്രവർത്തനം ലാഭകരമായി നടത്താനുതകുമാറ് ഒരു സഹകരണ വകുപ്പുദ്യോഗസ്ഥനെ ഉപദേശകമായി നിയമിക്കുക.

3. സംഘം നടത്തി വന്നതും ഇപ്പോൾ സതംഭനാവസ്ഥയിലായതുമായ ജില്ലിയൂനിറ്റ്, ചെങ്കൽ യൂനിറ്റ്, ഡയറി യൂനിറ്റ് എന്നിവ പുനരാരംഭിക്കാനും പാലയിൽ ഒരു ജില്ലിയൂനിറ്റും കൂടി ആരംഭിക്കാനും നടപടി സ്വീകരിക്കുക.

മറ്റുള്ള സംഘങ്ങൾ

1. പ്രവത്തനം നടത്താത്ത വ്യവസായ സഹകരണ സംഘം പ്രവർത്തനമാക്കണം.

2. കൺസ്യൂമർ സ്റ്റോർ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

3. തൊഴിലവസരങ്ങൾ ഉണ്ടാക്കുക എന്ന ലക്ഷ്യത്തിൽ ആടുവളർത്തൽ, കോഴി വളർത്തൽ റബ്ബർ ഉൽന്ന നിർമ്മാം, പഴം പച്ചക്കറി സംസ്കരണം വിപണനം, കൊപ്രനിർമ്മാണം, സംഭരണം എന്നീ മേഖലയിൽ പുതിയ സഹകര സംഘങ്ങൾക്ക് രൂപം നൽകുക.

4. സഹകരണാടിസ്ഥാനത്തിൽ ഒരു കശുവണ്ടി സംസ്കരണ യൂണിറ്റും, ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റും ആരംഭിക്കുക.

5. കാക്കയങ്ങാട് ആസ്ഥാനമാക്കി ഒരു സഹകരണ ഹോട്ടൽ ആരംഭിക്കുക,

6. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്ന പഞ്ചായത്ത് നിവാസികളെ അംഗങ്ങളാക്കി സഹകരണാടിസ്ഥാനത്തിൽ കാർഷിക അനുബന്ധ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

7. ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി ആരംഭിക്കുക. അതുഴഴി 100 പേർക്കെങ്കിലും തൊഴിൽ ഉറപ്പു വരുത്താൻ സാദ്ധ്യതയുണ്ട്. പഞ്ചായത്തിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം വഴി നടത്തുക.

8. നാളികേര സമിതി, കുരുമുളക് വികസന സമിതി, പാടശേഖര സമിതികൾ എന്നിവയുടെ പ്രവർത്തനം കുറ്റമറ്റ് നിലയിൽ നടത്താൻ സംവിധാനമുണ്ടാക്കുക.



പട്ടികജാതി പട്ടികവർഗ മേഖല

മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരും പട്ടിക വർഗ്ഗക്കാരും വളരെക്കാലം മുമ്പുതന്നെ ഇവിടെ തന്നെ താമസിച്ചുവരുന്നവരാണ്. നാടുവാഴിത്ത കാലത്ത് അടിമത്തവും ഐത്താചാരവും അവരുടെ ജീവിതത്തെ പ്രതികൂലമായി ബാധിച്ചിരുന്നു.

ആദിവാസികൾ താമസിച്ചിരുന്നത് മറ്റു സമുദായങ്ങളിൽ നിന്ന് അകന്ന സ്ഥലങ്ങളിലായിരുന്നു. പ്രത്യേകിച്ച് കാട്ട് പ്രദേശങ്ങളിൽ. കാട്ടുമൃഗങ്ങളോടും മറ്റും പോരടിച്ച് ജീവിക്കാൻ ഇവർ നിർബന്ധിതരായി. കാട്ട് കിഴങ്ങുകളും മത്സ്യവും മറ്റുമായിരുന്നു ഇവരുടെ മുഖ്യാഹാരം.

അടിമത്ത സമ്പ്രദായത്തിന്റെ ദോഷഫലങ്ങൾ കൂടുതൽ അനുഭവിച്ചിരുന്നു ഇക്കൂട്ടർ. താമസിക്കാൻ സ്ഥലം അനുവദിച്ചുകൊടുക്കുന്ന ജന്മി അവരുടെ കൂടി ഉടമയായിരുന്നു. ഉടമയുടെ സമ്മതം കൂടാതെ പ്രദേശം വിട്ടു പോകാൻ പാടില്ല. ഉടമയ്ക്കുവേണ്ടി തുച്ഛമായ കൂലിക്ക് പണിയെടുത്തുകൊള്ളണം.

പണിയകോളനികളുടെ വിശദവിവരം

കോളനിയുടെ പേർ	അംഗീകാരമുണ്ടോ	കുടുംബങ്ങളുടെ എണ്ണം	കുടിവെള്ളം	ഗതാഗത സൗകര്യം	വൈദ്യുതി	പൊതുകക്കൂസ്	2കി.മീ ഉള്ളിൽ വിദ്യാലയം
1. കൊരഞ്ഞി	=	5	=	=	x	x	=
2. നരിയാലപ്പൊയിൽ	=	16	=	=	=	=	=
3. കരുവോട്ട്	=	7	=	=	x	x	=
4. ചാക്കാചട്	=	10	=	X	X	=	
5. പുന്നേരിക്കകണ്ടം	x	2	x	=	x	x	=
6. നെല്ല്യാട്	x	9	x	=	x	x	=
7. പാല-താഴെ	=	14	=	=	=	x	=
8. പാല-മീത്തൽ	=	16	=	=	x	x	=
9. കിളച്ചാക്ക്	=	6	=	=	x	x	=
10. എളോഞ്ഞി	=	10	=	=	x	=	=
11. ഊച്ചാപ്പള്ളി	x	3	=	=	x	x	x
12. ചുള്ളിയോട്	=	10	=	=	x	=	=
13. കാക്കയങ്ങാട്ട്	=	3	=	=	x	x	=
14. വടക്കിനിയില്ലം	x	16	=	=	=	x	=
15. ചെക്കിയിൽ	x	4	x	=	x	x	=
16. കൂടലാട്	=	=	=	x	x	=	
ആകെ	131						

ലംഘിച്ചാൽ കടുത്ത ശിക്ഷ കിട്ടുമായിരുന്നു.

പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി സാമൂഹ്യ നവോത്ഥാന പ്രവർത്തകരും ഗൺമെന്റുകളും നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി കുറെയധികം മാറ്റങ്ങൾ ഇവരുടെ ജീവിത രീതിയിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവർക്കു വേണ്ടി നൽകിയിരുന്ന പല ആനുകൂല്യങ്ങളും അവർക്കു ലഭിക്കാതെ മറ്റുള്ളവർ ചൂഷണം ചെയ്യുന്ന സ്ഥിതി ഉണ്ടായിരുന്നു. എന്നാൽ, അതിന് കുറെയൊക്കെ മാറ്റം വന്നിട്ടുണ്ട്. അവരുടെ ഇടയിൽ തന്നെ ബോധവൽക്കരണ പ്രവർത്തനം നടന്നുവരുന്നുമുണ്ട്.

മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗക്കാരിൽ കൂടുതലും പണിയ വിഭാഗത്തിൽ പെട്ടവരാണ്. കൂടാതെ അടിയാന്മാരുമുണ്ട്. പട്ടിക ജാതിക്കാർ വണ്ണാൻ, മലയർ, പുലയർ എന്നീ വിഭാഗങ്ങളിൽ പെടുന്നു. 1991-ലെ സെൻസസ് പ്രകാരം മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൽ 19228 ജനങ്ങൾ ഉള്ളത് 191 പട്ടികജാതിക്കാരും 1139 പട്ടിക വർഗ്ഗക്കാരുമാണ്.

പണിയ വിഭാഗത്തിൽ പെട്ട കുടുംബങ്ങൾ ഭൂരിഭാഗവും താമസിക്കുന്നത് കോളനികളായിട്ടാണ്. ചിലർ അടുത്ത കാലത്തായി വേറിട്ടു താമസം തുടങ്ങിയിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള കണക്കനുസരിച്ച് കുടുംബവലിപ്പം സാധാരയായി 5.94 ആണ്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഇത് 5% ആണ്. സ്ത്രീകളുടെയും പുരുഷൻമാരുടേയും അനുപാതം പരിശോധിക്കുകയാണെങ്കിൽ പൊതുവിൽ 1000 പുരുഷന്മാർക്ക് 995.6 സ്ത്രീകൾ എന്നതാണ് നില. എന്നാൽ SC വിഭാഗത്തിൽ ഇത് 872.54 ഉം ST ക്ക് 940.37 ഉം ആകുന്നു. ഇതിൽനിന്നും പിന്നോക്ക വിഭാഗങ്ങൾക്കിടയിൽ സ്ത്രീകളുടെ എണ്ണം കുറഞ്ഞുവരന്നതായി കാണാം.

ആചാരങ്ങൾ കോളനികൾ കേന്ദ്രീകരിച്ചാണ് നടക്കാറ്. ഓരോ കോളനിയിലും 'ദൈവ സ്ഥാനങ്ങൾ' ഉണ്ട്. ഇവിടെ ആണ്ടിൽ പ്രത്യേക സമയങ്ങളിൽ തെയ്യം, തുടികൊട്ടിപ്പാട്ട് എന്നിവ നടന്നുവരാറുണ്ട്. ഇത്തരം സമയങ്ങളിൽ വാളുകളും മറ്റുമേന്തിയ 'കോമരങ്ങളും' ഉറഞ്ഞുതുള്ളുന്നു. സ്ത്രീകളും കോമരം തുള്ളാറുണ്ട്. ആഘോഷങ്ങൾക്ക് എത്തിച്ചേരുന്നവർ നേർച്ചകൊണ്ടുവരുന്ന പതിവുണ്ട്.

പഞ്ചായത്തിന്റെ പലവാർഡുകളിലായാണ് കോളനികൾ സ്ഥിതിചെയ്യുന്നത്. പത്തോ അതിൽ കൂടുതലോ കുടുംബങ്ങൾ താമസിക്കുന്ന കോളനികൾ രണ്ടെണ്ണം മാത്രമേ ഉള്ളൂ. കോളനികളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. അംഗീകൃത കോളനികളിൽ രണ്ടെണ്ണത്തിൽ, കിണർകുഴിച്ചാൽ വെള്ളം കിട്ടാവുന്ന സ്ഥല സൗകര്യങ്ങൾ ഉണ്ടായിട്ടും കിണർകുഴിക്കാൻ ശ്രമമുണ്ടായിട്ടില്ല. ഗതാഗതസൗകര്യം 4 കോളനികൾക്ക് പൂർണ്ണമായും മറ്റുള്ളവയ്ക്ക് ഭാഗികമായും ഉണ്ട്. രണ്ട് കോളനികളിൽ മാത്രമേ വൈദ്യുതീകരണം നടന്നിട്ടുള്ളൂ. പൊതുകക്കൂസ് ഉള്ള കോളനികളിൽ അവ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല. പരമ്പരാഗത ശീലങ്ങളാണ് ഇതിന് കാരണം. വദ്യാലയസൗകര്യം 2 കിലോമീറ്ററുകൾക്കുള്ളിൽ എല്ലാ കോളനികൾക്കുമുണ്ട്. ആദിവാസിക്കുട്ടികളെ മുഴുവൻ സ്കൂളിലെത്തിക്കുന്നതിന് കഴിഞ്ഞ വർഷം ആസൂത്രിതമായ ഒരു പ്രവർത്തനം നടക്കുകയുണ്ടായി. ഇതിന്റെ ഫലമായി പഠിത്തം നിർത്തിയ 22 കുട്ടികളെ വീണ്ടും സ്കൂളിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്. കോളനികളെ കേന്ദ്രീകരിച്ച് വിദ്യാഭ്യാസ പ്രവർത്തനത്തിൽ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. അംഗീകാരം കിട്ടാത്ത കോളനികളിൽ പല ആനുകൂല്യങ്ങളും ലഭ്യമല്ല.

2. കുടിവെള്ളം കക്കൂസ് വൈദ്യുതി സൗകര്യങ്ങളുടെ അപര്യാപ്തത

3. കോളനികളിൽ ശ്മശാനം ഇല്ല.

4. കമ്മ്യൂണിറ്റി ഹാൾ വായനശാല ടി.വി. കൈത്തൊഴിൽ കേന്ദ്രങ്ങൾ ഇല്ല.

5. അനുവദിച്ച് കിട്ടിയ മിച്ചഭൂമി പലതും കൃഷിക്കും താമസത്തിനും യോഗ്യമല്ല.

6. പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നില്ല.

7. കൈവശക്കാരൻ മുഴുവൻ പേർക്കും പട്ടയം ലഭിച്ചിട്ടില്ല.

8. റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾ ഉണ്ട്.

9. സ്വന്തമായി വീട് വെയ്ക്കാൻ ഭൂമി ഇല്ലാത്തവർ ഉണ്ട്.

10. നിലവിലുള്ള മിക്കവാറും വീടുകൾ തകർന്ന് വീഴാറായതാണ്.

11. വീട് വെയ്ക്കാൻ അനുവദിച്ചുകൊടുത്തുക വളരെ അപര്യാപ്തമാണ്. 12. ആരോഗ്യ

സ്ഥിതി മോശമാണ്.

13. തൊഴിൽ ലഭ്യത കുറവ്

14. വിദ്യർത്ഥികൾ കൃത്യമായി സ്കൂളിൽ പോകുന്നില്ല. പഠനം ഇടയ്ക്ക് വെച്ച് നിർത്തുന്നവർ ധാരാളം ഉണ്ട്. വീട്ടിൽ വെച്ച് പഠിപ്പിക്കാൻ സൗകര്യമില്ല.

15. പഞ്ചായത്തിൽ നിലവിലുള്ള രണ്ട് ട്രൈബൽ ഹോസ്റ്റലുകൾക്ക് സ്വന്തമായ കെട്ടിടം ഇല്ല. സ്ഥലമില്ല. സൗകര്യം തീരെ കുറവ്.

16. പലകോളനികളിലേക്കും റോഡുസൗകര്യമില്ല.

17. പെൻഷൻ ആനുകൂല്ല്യങ്ങൾ ലഭിക്കാൻ അർഹതയുള്ളവർ ഇനിയും ഉണ്ട്.

സാധ്യതകൾ

1. പുലിമുണ്ട, വെണ്ടേക്കും ചാൽ, കല്ലേരിമല, പുന്നേരികുണ്ടം എന്നീ അഞ്ചു കോളനികൾകൂടി കോളനിയായി അംഗീകരിക്കണം.

2. കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നീ പ്രാഥമിക സൗകര്യങ്ങൾ എല്ലാ കോളനികളിലും വേണം.

3. നിലവിലുള്ള ശ്മശാനം സംരക്ഷിക്കുകയും, കോളനി നിവാസികൾക്ക് ശ്മശാനസൗകര്യം ലഭ്യമാക്കുകയും വേണം.

4. എളോഞ്ഞികോളനി, നരിയാലപ്പൊയിൽ കോളനി, പാലാകോളനി എന്നിവിടങ്ങളിൽ കമ്മ്യൂമിറ്റി ഹാളും 6ാം വാർഡിൽ ട്രൈബൽ ഹോസ്റ്റലും വേണം.

5. എല്ലാ കോളനികളിലും വായനശാല T.V. എന്നീ സൗകര്യങ്ങൾ വേണം.

6. തുന്നൽ ക്ലാസ്സ്, കൊട്ടമെടയൽ, പായനെയ്ത്ത് തുടങ്ങിയ കൈത്തൊഴിൽ കേന്ദ്രം വേണം.

7. കൈമാറ്റ ഭൂമിക്ക് പകരം വാസയോഗ്യമായ സ്ഥലം പകരം കൊടുക്കണം.

8. കൗവശഭൂമിക്ക് പട്ടയം ലഭിക്കണം.

9. റേഷൻ കാർഡ് ഇല്ലാത്തവർക്ക് റേഷൻ കാർഡ് ലഭിക്കണം.

10. വിവിധങ്ങളായ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കണം.

11. ആരോഗ്യപ്രവർത്തകർ ആഴ്ചയിൽ ഒരിക്കലെകാര്യം കോളനികൾ സന്ദർശിക്കണം.

12. സ്കൂളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് തടയണം.

13. ഒറ്റപ്പെട്ടു താമസിക്കുന്ന SC/ST കുടുംബങ്ങൾ കോളനികളിലെ കുടുംബങ്ങൾക്കു കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണം.

14. ഡ്രൈവിങ്ങ് മുതലായ തൊഴിൽ പരിശീലനം നേടിയവർക്ക് തൊഴിൽ നൽകണം.

15. നിലവിലുള്ള ട്രൈബൽ ഹോസ്റ്റലിന് സ്വന്തമായ കെട്ടിടവും കളിസ്ഥലവും വേണം.

16. ആനുകൂല്യങ്ങൾ ശരിയായി വിനിയോഗിക്കുന്നതിന് ബോധവൽക്കരണം വേണം.

17. എല്ലാ കോളനികളിലേക്കും യാത്രാസൗകര്യങ്ങൾ ഉണ്ടാക്കണം.

18. ട്രൈബൽ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

19. വീടില്ലാത്തവർക്ക് വീട് നൽകണം. റിപ്പയർ ആവശ്യമുള്ള വീടുകൾ റിപ്പയർ ചെയ്തുകൊടുക്കണം.

20. കൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകണം.

21. കുട്ടികളെ മുഴുവൻ സ്കൂളിലെത്തിക്കാൻ സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കണം. കൊഴിഞ്ഞുപോക്ക് ഒഴിവാക്കണം പഠനോപകരണങ്ങളും പാഠപുസ്തകങ്ങളും ലഭ്യമാക്കണം.



വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് മലയോര പ്രദേശമാണ്. വ്യവസായ ശാലകളൊ വലിയകച്ചവടകേന്ദ്രങ്ങളൊ ഇല്ലാത്ത് പ്രദേശമാണ്. ദരിദ്രകർഷരും കർഷകതൊഴിലാളികളുമാണ് പഞ്ചായത്തിലെ ഭൂരിപക്ഷം നിവാസികൾ പഞ്ചായത്തിന്റെ പ്രധാന ധനാഗമനം സർക്കാർ ഗ്രാന്റാണ്. ചുരുങ്ങിയ വരുമാനമാണ് പഞ്ചായത്തിനുള്ളത്. താഴെ വിവരിക്കുന്ന പട്ടിക പരിശോധിച്ചാൽ അതു വ്യക്തമാകും. ഈ വരുമാനം കൊണ്ടു മാത്രം പഞ്ചായത്തിലെ നിർമ്മാണ വികസന പ്രവർത്തനങ്ങൾ നല്ല നിലയിൽ നടത്തുക പ്രയാസമാണ്. അതുകൊണ്ടുതന്നെ കൂടുതൽ വിഭവങ്ങൾ സമാഹരിക്കേണ്ടിയിരിക്കുന്നു.

1996 വർഷത്തെ പഞ്ചായത്തിന്റെ വരവ്.


കെട്ടിടനികുതി	1,22,076.25
തൊഴിൽ നികുതി	90,910.00
വിനോദ നികുതി	36,844.90
പ്രദർശന നികുതി	1,765.00
സർചാർജ്ജ്	441.00
ചന്തവരവ്	54,253.70
ലൈസൻസ് ഫീ	6,927.50
കെട്ടിട നികുതി സർചാർജ്	6,013.90
വസ്തു കൈമാറ്റ നികുതി	57,854.00
സർക്കാർ ഗ്രാന്റ്	2,22,250.15
ഡിപ്പൊസിറ്റ്	35,483.10
മറ്റുളവ	4,99,906.00
ആകെ	16,24,724.50


ഇക്കഴിഞ്ഞ വർഷം ലൈസൻസ് കേവലം 6927 ക 50 പ യാണ് പഞ്ചായത്തിനു വരുമാനം അതുകൊണ്ടു തന്നെ പഞ്ചായത്ത് പ്രദേശത്തെ കച്ചവട സ്ഥാപനങ്ങൾ എത്രയുണ്ടെന്നു മനസ്സിലാക്കാം. മുഴുൻ കച്ചവടക്കാർക്കും ലൈസൻസ് നൽകിയാൽ സ്ഥിതിയിൽ ചെറിയ മാറ്റം ഉണ്ടാകാൻ സാധിക്കും. നിലവിലുള്ള നികുതിയുക്തിസഹമാക്കുകയും നികുതി അടക്കുന്നതു തങ്ങളുടെ നാട്ടിന്റെ വികസത്തിനാണെന്ന് നികുതിദായകരെ ബോധ്യപ്പെടുത്താനും ശ്രമം നടക്കണം.

- വരുമാനമുള്ള എല്ലാവരിൽ നിന്നും നികുതി ഈടാക്കാൻ കഴിയണം.
- നികുതി പിരിക്കാൻ വാർഡ് മെമ്പർമാരുടെ കൂടി ശ്രമം ഉണ്ടാവുകയും വേണം.
- പഞ്ചായത്തിന്റെ അധികാരത്തിൽ പെട്ട പുഴയും പുറമ്പോക്കുകൾ അളന്നു തിട്ടപ്പെടുത്തി ഓരോ വർഷവും കൃഷി നടത്തുന്നതിനു ലേലം ചെയ്യുന്നതു വഴി വിഭവസാഹരം ഊർജിതമാക്കണം.
- മുഴക്കുന്നില്ലുള്ള സ്റ്റേഡിയത്തിന്റെ റോഡരുകിൽ കെട്ടിടം നിർമ്മിച്ചു വാടകക്കുകൊടുക്കുകയും സ്റ്റേഡിയത്തലിൽ ഒരു സ്ഥിരം സ്റ്റെയിജ് നിർമ്മിക്കുകയും ചെയ്താൽ അതു വഴി വരുമാനം ഉണ്ടാക്കൻ സാധിക്കും. കെട്ടിടനിർമ്മാണത്തിനു റൂറൽ ഡവലപ്പ്മെന്റ് ബോർഡിന്റെ സഹായം നേടണം.
- കക്കായങ്ങാട ടൊണിൽ ബസ്സ് സ്റ്റാന്റും ഷോപ്പിഗ് കോപ്ലക്സും നിർമ്മിക്കുന്ന പക്ഷം വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
- വളകിക്ടോ സാംസ്കാരിക നിലയത്തോട് ചേർന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയണം
- കാക്കയങ്ങാട് നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സിനു മുകളിലും ബസ്സ് വെയിറ്റിംഗ് ഷെഡിനു മുകളിലും മുറികൾ പണിതു വാടകക്കുകൊടുക്കു

ന്നതിനും സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

- പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ ജനകീയ കമ്മിറ്റികൾവഴി നടപ്പിലാക്കുകകയും മനുഷ്യാദ്ധ്വാനം വഴി പണികൾ പൂർത്തിയാക്കാൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യാവുന്നതാമ്.
- കോൺട്രാക്ടിസ്ഥാനത്തിൽ സ്വകാര്യവ്യക്തികളുടെ സ്ഥലം പാട്ടത്തിനുവാങ്ങി ചെങ്കല് കരിങ്കല് എന്ന് വിൽപനടത്തുന്നവരിൽ നിന്നും ലൈസൻസ് ഫീ വസൂലാക്കാൻ നിയമത്തിൽ മാറ്റം വരുത്തണം.
- വിളക്കോട്, മുഴക്കുന്ന് എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റ് നിർമിക്കണം.






മുഴക്കുന്ന് ഗ്രാമീണ വായനശാല & ഗ്രന്ഥാലയം, മുഴക്കുന്ന്



വിളക്കോട് സാംസ്കാരിക നിലയം, വിളക്കോട്



മുഴക്കുന്ന് സർവ്വീസ് സഹകരണ ബാങ്ക്, മുഴക്കുന്ന്



പ്രാഥമിക ആരോഗ്യ കേന്ദ്രം, ആയിച്ചോത്ത്



പാലാ ഗവ. ഹൈസ്കൂൾ, പാല



പാലപ്പുഴ



ശ്രീ മൃതംഗ ശൈലേശ്വരി ക്ഷേത്രം, മുഴക്കുന്ന്




പിണ്ഡാലി കളരി, മുഴക്കുന്ന്




പെരുമ്പുന്ന ക്രിസ്ത്യൻ പള്ളി, പെരുമ്പുന്ന



നല്ലൂർ മുസ്ലിം പള്ളി, നല്ലൂർ



പഞ്ചായത്തിലെ ഒരു ഹരിജൻ കോളനി



പാലപ്പുഴപ്പാലം





"ഭാരതമെന്ന് പേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം
കേരളമെന്നുകേട്ടാലോ തിളക്കണം
നമുക്ക് ചോര ഞരമ്പുകളിൽ"

വള്ളത്തോൾ

അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്

മുഴക്കുന്ന്
ഗ്രാമ പഞ്ചായത്ത്
വികസന സമിതി അംഗങ്ങൾ

1. എൻ. ദാമോദരൻ (പ്രസിഡണ്ട്)
2. പാലക്ക് ബാലൻ (സെക്രട്ടറി)
3. പി.അഹമ്മദ് കുട്ടി
4. പി.ദേവി ടീച്ചർ
5. കയമടൻ അനന്തൻ
6. കെ.സി.രാധാകൃഷ്ണൻ നമ്പ്യാർ
7. ആക്കൽ ത്രേസ്യാമ്മ മാത്യു
8. വി.പ്രീത
9. സി. രൈരു നമ്പ്യാർ
10. ഒ. അബ്ദുൾ ഖാദർ
11. കുറ്റിയിൽ ചന്ദ്രിക
12. വി.രാജു
13. എൻ.പി.മീനാക്ഷി
14. എം.കുഞ്ഞിരാമൻ
15. എം.കെ.ബാലകൃഷ്ണൻ
16. കെ.രാജൻ
17. എം.കണ്ണൻ
18. എ. കരുണാകരൻ നമ്പ്യാർ
19. എ.കെ.അബ്ദുള്ള
20. എ.എം.മാത്യു
21. ആർ.പി.പത്മനാഭൻ മാസ്റ്റർ
22. കെ.വി.കുഞ്ഞിമ്മായൻ
23. ടി.വി.രാജഗോപാലൻ
24. കെ.സി.ടി.പി. നാരായണൻ നമ്പൂതിരി
25. ടി.പി.സുധാകരൻ
26. പി.കെ.ബാലകൃഷ്ണൻ മാസ്റ്റർ
27. പി.വി.നാരായണൻ

Typesetting & Layout : Laser Lines, Kozhikode-2, Ph:702223

ജനകീയാസൂത്രണ പ്രസ്ഥാനം -
ലോക്കൽ റിസോർസ് ഗ്രൂപ്പ് (LRP)

1. പി.കെ.വിശ്വനാഥൻ
2. കെ.കെ.ബാലകൃഷ്ണൻ
3. കെ.ബാലകൃഷ്ണൻ
4. ടി.വി.രാജഗോപാലൻ
5. കെ.നാരായണൻ നമ്പ്യാർ
6. പി.കെ.ബാലകൃഷ്ണൻ മാസ്റ്റർ
7. ടി.അശോകൻ
8. കെ.പി.ചന്ദ്രൻ
9. പി.പി.ചന്ദ്രൻ
10. പി.കെ.സുബൈദ ബീവി
11. എം.മിനി
12. പി.നീന
13. ടി.ജി.പണിക്കർ
14. പി.എം.കൃഷ്ണവാര്യർ
15. എൻ.വി.ഗിരീഷ്
16. സണ്ണി ജോൺ
17. കെ.സുകുമാരൻ
18. കെ.മുഹമ്മദ്
19. പി.പി.മുസ്തഫ
20. എ.രാജേഷ്
21. എം.പാറുക്കുട്ടി
22. എ.സി.അനിത
23. പി.പി.സരോജിനി
24. എ.പി.ത്രേസ്യാമ്മ
25. സി.കെ.സുധ
26. എം.ബാലകൃഷ്ണൻ
27. കെ.പ്രദീപൻ
28. എം.കെ.ഹംസ
29. വി.സി.സുരേഷ്
30. എ.കെ.ബാലകൃഷ്ണൻ
31. എം:കെ.ഡി.പണിക്കർ
32. എൻ.സനോജ് കുമാർ
33. ഒ.സി.സലാം
34. പി.വി.ചാത്തുക്കുട്ടി
35. സി.ജെ.ജോബ്
36. കെ.വത്സൻ
37. എൻ.രാഘവൻ മാസ്റ്റർ
38. എൻ.കെ.രാഘവൻ
39. എ.എം.മാത്യു
40. കെ.റ്റി.സുകുമാരൻ
41. ആർ.ഗോവിന്ദൻ
42. സി.അബ്രഹാം.
43. പാലക്ക നാരായണൻ മാസ്റ്റർ
44. സി.പി.ജോസഫ്
45. എ.എൻ. കൃഷ്ണൻ കുട്ടി
46. കെ.മോഹനൻ
47. സി.എ.ഷിഹാബുദ്ദീൻ
48. എൻ.മണികണ്ഠൻ
49. വി.ഹരീന്ദ്രനാഥ്
50. കെ.എം.ഉണ്ണികൃഷ്ണൻ
51. സി.ശ്രീദേവി
52. കെ.റ്റി. ബാബു
53. സി.ഗോപാലൻ
54. കെ.വി.കുഞ്ഞിമ്മായൻ
55. വി.വിശ്വനാഥൻ

ജില്ലാ തല ആർ.പി.മാർ (DRP)

1. കെ.സി.ടി.പി.നാരായണൻ നമ്പൂതിരി
2. ടി.വിജയൻ
3. പി.ദേവദാസൻ
4. വി.ഷാജി
5. പി.കൃഷ്ണൻ നമ്പീശൻ
6. വി.പ്രീത
7. കെ.സി.ടി.പി.ചന്ദ്രശേഖരൻ
8. പി. രാധാകൃഷ്ണൻ

സംസ്ഥാനതല റിസോഴ്സ് പേഴ്സൺ (KRP)

ടി.പി.സുധാകരൻ



അധികാരം ജനങ്ങൾക്ക്